KOTTAYAM PUBLIC LIBRARY

Call No. 910 Acc. No. 35476

Author നാരായണൻ നായർ. സി. ആർ

Title അമേരിക്കയിലേക്ക് ഒരുയാത്ര

1323

# അമേരിക്കയിലേക്ക്
# ഒരു യാത്ര

(Malayalam)

# Amerikkayilekku Oru Yathra

Travelogue

**By Dr. C. R. NARAYANAN**
National Chemical Laboratory
Poona–8

First Published February 1956
Reprinted June 1965

910
No8-A

Printed at
INDIA PRESS, KOTTAYAM
Price Re. 1·00

Copyright
Dr. C. R. Narayanan

Published by the Author

Distributors:

NATIONAL BOOK STALL
Kottayam Kerala State India

## I

എൻ്റെ എല്ലാ കാര്യങ്ങളും അവസാനനിമിഷംവരെ കുഴപ്പങ്ങൾ നിറഞ്ഞുകൊണ്ടാണ് ഇരിക്കാറ്. കുഴപ്പമെല്ലാം തീർന്ന് അവസാനനിമിഷമെത്തിയാലും, സർക്കസ്സുകാരുടെ തീവളയത്തിൽക്കൂടിയുള്ള ചാട്ടംപോലെ ഒരു ചാട്ടംകൂടി വിജയപ്രദമായി കഴിഞ്ഞേ നടക്കുന്ന കാര്യങ്ങളും നടക്കാറുള്ളു. അതിനാൽ ചോറുരുള കിണ്ണത്തിൽനിന്ന് ഉരുട്ടിയെടുത്ത് വായയിൽ കൊണ്ടുപോകുന്നതിന്നകത്തും പല വീഴ്ചകളും ഞാൻ പ്രതീക്ഷിക്കാറുണ്ട്. എങ്കിലും ഈ യാത്ര എൻെറ പ്രതീക്ഷകളേയും കവച്ചുവെച്ചുവെന്നാണു തോന്നുന്നത്.

### അമേരിക്കയിലേക്ക്

അമേരിക്കയിലെ ഒരു സർവ്വകലാശാലയിൽ രസതന്ത്രത്തിൽ ഉപരിഗവേഷണത്തിന്നു യാത്രച്ചെലവും, മറ്റു ചെലവുകളുമടക്കമുള്ള ഒരു അമേരിക്കൻ സ്കോളർഷിപ്പ് എനിക്കു നല്കിയിരിക്കുന്നു എന്ന വിവരം ജൂൺ 19-ാംനു എനിക്കു ലഭിച്ചു. അന്നേ ഞാൻ ബാംഗളൂർനിന്നു വീട്ടിലെത്തിയിരുന്നുള്ളു. വിസകൾ (അന്യരാജ്യത്തു ചെല്ലുവാനുള്ള ആ രാജ്യക്കാരുടെ അനുമതിപത്രം), ഡോളർ എക്സ്ചേഞ്ച് പെർമിറ്റ് (ഉറുപ്പികയെ ഡോളറാക്കി മാററാനുള്ള ഇന്ത്യാഗവർമ്മേണ്ടിൻ്റെ അധികാരപത്രം—ഇതു പ്രത്യേകസന്ദർഭങ്ങളിലും കാരണങ്ങളിന്മേലും മാത്രമേ

കൊട്ടക്കപ്പെട്ടകയുള്ളു—അതിന്നു വളരെ നിബന്ധനകളുമുണ്ടു്) തുടങ്ങിയ അമേരിക്കൻ യാത്രക്കാവശ്യമായ എല്ലാ റിക്കാർട്ടുകളും ശേഖരിച്ചു്, ജൂൺ 29-ാംനു- കാലത്തു ബോമ്പെയിലെത്തുവാനായിരുന്നു ഞങ്ങൾക്കു നിർദ്ദേശം. ബോമ്പെയിൽനിന്നു കിട്ടുവാനുള്ള മററു ചില കടലാസ്സുകളും വാങ്ങി ജൂലായ് 2-ാംനു- ബോമ്പെ വിടുന്ന എസ്സ്. എസ്സ്. സ്റ്റ്റാത്ത്മൂർ എന്ന കപ്പലിലാണു്, അമേരിക്കൻ സ്കോളർഷിപ്പ് നല്കിയിരിക്കുന്ന വിദ്യാത്ഥികളായ ഞങ്ങൾക്കു യാത്രക്കുള്ള തയ്യാർ ചെയ്തിരുന്നതു്. അതിനാൽ ജൂൺ 22-ാംനു- വീട്ടിൽനിന്നു പുറപ്പെട്ടു്, മദിരാശിയിൽ നാലഞ്ചുദിവസം താമസിച്ചു് അവിടന്നു കിട്ടാവുന്ന സർട്ടിഫിക്കറ്റുകളും അധികാരപത്രങ്ങളുമെല്ലാം വാങ്ങി ജൂൺ 28-ാംനു- ഞാൻ ബോമ്പെയിലെത്തിച്ചേൎന്നു. ബോമ്പെയിൽ വെച്ചാണു്, ഉപരിഗവേഷണത്തിന്നു് ഞാൻ ആവശ്യപ്പെട്ടിരുന്ന അമേരിക്കയിലെ ഹാർവേഡ് സൎവ്വകലാശാലതന്നെയാണു് എനിക്കു ലഭിച്ചിരിക്കുന്നതെന്നറിഞ്ഞതു്. ഹാർവേഡിൽ ചേരുംമുമ്പു് അമേരിക്കയിലെ പഠിപ്പും വിദ്യാത്ഥികളുടേയും മററും ജീവിതവും ആയി പരിചയപ്പെട്ടുവാൻ അമേരിക്കയിലെ ഏററവും വലിയ സൎവ്വകലാശാലകളിലൊന്നായ ന്യൂയോൎക്കിലെ കൊളമ്പിയാ സൎവ്വകലാശാലയിൽ 6 ആഴ്ചക്കാലത്തെ താമസവും പരിശീലനവും നിശ്ചയിച്ചിട്ടുണ്ടെന്നറിഞ്ഞു. അങ്ങനെ കാൎയ്യങ്ങളെല്ലാം ഒരുവിധം ഭംഗിയായിക്കഴിഞ്ഞെന്നു ഞാൻ കരുതി.

## എന്നെക്കൂടാതെ കപ്പൽ യാത്രതിരിച്ചു

ജൂലായ് 2-ാംനു- കാലത്തു 10മണിയാണു് ഞങ്ങൾ കപ്പലിൽ കയറുവാൻ നിശ്ചയിച്ചിരുന്ന സമയം. ഞങ്ങ

ളുടെ യാത്രയുടെ അവസാനതീരുമാനം ഇത്ര വൈകിയിട്ടു ചെയ്തതിനാൽ, ജൂലായ് 2-ാംനു '10മണിവരേയും ഞങ്ങൾക്കു ബോംബെയിൽ ചെയ്തുതീക്കുവാനുള്ള കായ്യങ്ങളും അവിടന്നു യാത്രാവശ്യത്തിന്നു കിട്ടുവാനുള്ള പ്രധാനപ്പെട്ട രേഖകളുമുണ്ടായിരുന്നു. അതിനാൽ അതെല്ലാം ശരിയാകുമെന്ന പ്രതീക്ഷയോടെ, 2-ാംനു കാലത്തു സാമാനവുമെടുത്തു്, വഴിക്കുവെച്ചു കടലാസുകളും വാങ്ങി പോകാൻ കപ്പലിലേക്കു ഞാൻ യാത്രയായി. എന്തിനു പറയുന്നു, അപ്രതീക്ഷിതമായ ചില കാരണങ്ങളാൽ അവസാനനിമിഷത്തിൽ കപ്പലിൽ കയറുവാൻ എനിക്കു കഴിഞ്ഞില്ല. കൂട്ടുകാരായ വിദ്യാൎത്ഥികൾ മിക്കവരും കപ്പലിൽ കയറുകയും കപ്പൽ ഒരുമണിക്കു ബോംബെ തുറമുഖം വിടുകയും ചെയ്തു. എൻെറ കൂട്ടുകാരെ കയററിയിരുന്ന സ്റ്ററാത്ത്മൂർ കപ്പൽ, അടിക്കടി പുകവിട്ടുകൊണ്ടു്, തുറമുഖംവിട്ടു് സാവധാനം അറബിക്കടലിലേക്കു നീങ്ങിപ്പോയ്ക്കൊണ്ടിരുന്ന ആ കാഴ്ച, എന്നും എൻ്റെ മനസ്സിൽ പച്ചപിടിച്ചുകൊണ്ടു തന്നെയിരിക്കുമെന്നു തോന്നുന്നു. വേർപാടുകളുടെ ദുഃഖം ഏതുതരത്തിലായിരിക്കുമെന്നു് അന്നു ഞാനാദ്യമായി അനുഭവിച്ചു. അങ്ങനെ പൊടുന്നനവേ, ബോംബെയിൽ ഞാൻ വഴിയിൽ തങ്ങിപ്പോയി എന്ന നിലയിലായി.

## II

## ബോംബെയിൽനിന്നു കറാച്ചിയിലേക്കു്

എൻെറ കായ്യങ്ങൾ ശരിയാകാൻ പിന്നേയും എട്ടുപത്തുദിവസം വേണ്ടിവന്നു. ജൂലായ് 13-ാംനു എൻെറ കായ്യങ്ങളെല്ലാം ശരിപ്പെട്ടുവെന്നും യാത്രയ്ക്കു തയ്യാറാ

യെന്നും ദൽഹിയിലെ സ്കോളർഷിപ്പ് അധികാരികളെ ഞാൻ അറിയിച്ചു. സ്റ്റ്റാത്ത്മൂർ കപ്പൽ ഇതിന്നകം അറബിക്കടലും ചെങ്കടലും കടന്നു്, സൂവെസ് തോടിനേയും താണ്ടി, മദ്ധ്യധരണ്യാഴിതീരത്തുള്ള ഫ്രഞ്ചുതുറമുഖമായ മാർസേയ്ൽസിൽ ജൂലായ് 14-ാംനു- എത്തുകയായി. അവിടന്നു്, അതിൽ പോയിരുന്ന വിദ്യാൎത്ഥികൾ കരവഴി ഇററലിയിലേക്കു വന്നു. ജൂലായ് 19-ാംനു- ഇററലിയിലെ ജനോവ തുറമുഖത്തുനിന്നു ന്യൂയോക്കിലേക്കു പോകുന്ന എസ്. എസ്. കോൺസ്റ്റിട്യൂഷൻ എന്ന അമേരിക്കൻകപ്പലിൽ പോകുവാനാണു് ഏൎപ്പാട്ട്. അതിനാൽ 19-ാം തിയ്യതിക്കകം എന്നെ ജനോവയിലേക്കെത്തിക്കുവാൻ ന്യൂദൽഹിയിലെ അധികാരികൾ തീരുമാനിച്ചു. ലോകത്തിലെ പ്രധാനപ്പെട്ട വിമാനസൎവ്വീസുകളിലൊന്നായ ടി. ഡബ്ലിയു. എ. തൊഴിലാളികൾ (ട്രാൻസ് വേൾഡ് എയർ ലൈൻസ്) പണിമുടക്കത്തിലായിരുന്നതിനാൽ എനിക്കു സമയത്തിന്നു വിമാനംവഴി റിസൎവ്വേഷൻ കിട്ടുവാൻ വളരെ വിഷമമുണ്ടായിരുന്നു. ഒരു വിധത്തിൽ ജൂലായ് 16-ാംനു- വ്യാഴാഴ്ച കാലത്തു് 10മണിക്ക് ബോമ്പെ സാന്താക്രൂസ് വിമാനത്താവളത്തിൽനിന്നു പുറപ്പെട്ടുന്ന എയർഇന്ത്യാ വിമാനത്തിൽ കറാച്ചിക്കും, കറാച്ചിയിൽനിന്നു് അതിന്നു തുടൎച്ചയായി ലെബനോണിലെ ബേറൂട്ടവഴി പോകുന്ന പി. എ. എ. (പാൻ അമേരിക്കൻ വേൾഡ് എയർലൈൻസ്) വിമാനങ്ങൾവഴി റോമിലേക്കും റിസൎവ്വേഷൻ കിട്ടുവാനായി ബോമ്പെയിലെ അമേരിക്കൻ എക്സ്പ്രസ്സ് കമ്പനിക്കാൎക്കു ജൂലായ് 15-ാംനു- വൈകുന്നേരം 6മണിക്കു സാധിച്ചു.

ഉടനെത്തന്നെ ഞാൻ പിറേറദിവസം കാലത്തു പോകുവാൻ ധൃതിയിൽ തയ്യാർ എടുത്തു.

16-ാംനു വ്യാഴാഴ്ച കാലത്തു വിമാനത്താവളത്തിൽ വന്നിരുന്ന എൻെറ സുഹൃത്തുക്കളോടു യാത്രപറഞ്ഞു്, 10 മണിക്കു്, എയർഇന്ത്യാ വിമാനം സാന്താക്രൂസ് വിമാനത്താവളം വിട്ടു. കഴിഞ്ഞ 5 ദിവസങ്ങളായി സൂര്യചന്ദ്രന്മാരെ ഒരിക്കലും കാണാതിരിക്കത്തക്കവണ്ണം കാർമേഘം കൊണ്ടു് ആകാശം മുഴുവൻ മൂടിയും, ഇടതടവില്ലാതെ മഴപെയ്തുംകൊണ്ടിരുന്ന ബോംബെ വിട്ടു്, അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും ഞങ്ങളുടെ വിമാനം, മേഘങ്ങളുടെ മീതെ ശുദ്ധമായ ആകാശത്തിന്നു കീഴെ നല്ല സൂര്യപ്രകാശത്തിൽ പറക്കുകയായി. കീഴ്ഭാഗത്തു കാററിലലയുന്ന കുറ്റൻ പഞ്ഞിത്തുണ്ടുകൾപോലെ മേഘങ്ങൾ പാറിക്കൊണ്ടു നടക്കുന്നതു കാണാമായിരുന്നു. കരവിട്ടു സമുദ്രത്തിൽ കൂടിയായിരുന്നു വിമാനത്തിൻെറ പ്രയാണം. തുടർച്ചയായുള്ള അരമണിക്കൂർ യാത്രയിൽ രണ്ടുപ്രാവശ്യം വിമാനം വീണ്ടും മഴയിൽക്കൂടി കടന്നുപോയി. മേഘങ്ങളിൽ ചെന്നുപെട്ടപ്പോൾ വിമാനം താണോ, പൊങ്ങിയോ, മേഘത്തിനെ ഒഴിച്ചുമാററാൻ ശ്രമിച്ചിരുന്നു. മേഘമില്ലാത്തപ്പോൾ കീഴെ ഓളംതല്ലുന്ന സമുദ്രം, പരന്നുകിടക്കുന്ന നീലനിറത്തിലുള്ള സമനിലംപോലെ കാണാമായിരുന്നു. വിമാനത്തിലെ സുന്ദരിയായ ആതിഥേയി ചെയ്തിരുന്ന, പത്രങ്ങൾ, മാസികകൾ, കാപ്പി, ചായ എന്നിവകളാലുള്ള സല്ക്കാരം, യാത്രാസൗഖ്യത്തെ വർദ്ധിപ്പിച്ചിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഏതാണ്ടു മണി 12 ആകാറായപ്പോഴേക്കും വിമാനത്തിൻെറ ക്യാപ്ററനായ അസറപ്പയുടെ ആശീർവ്വാദങ്ങളോടെ ഞങ്ങൾക്കു് ഓരോ കടലാസ് നല്കപ്പെട്ടു — ഇപ്പോൾ സമയം 11-50 ആണെന്നും, സ്ഥലം കച്ച്ഉൾക്കടലിന്നുമീതെ നമ്മൾ 8500 അടി പൊക്കത്തിലാണെന്നും, പുറമെ ഉഷ്ണാവസ്ഥ 15 ഡിഗ്രി

യാണെന്നും, 1 മണിക്കു വിമാനം കറാച്ചി വിമാനത്താവളത്തിലെത്തുമെന്നും എഴുതിക്കൊണ്ടു്.

ഉൾക്കടൽ കടന്നു വളരെത്താമസിയാതെ ഞങ്ങൾ കരയ്ക്കുമീതെ പറക്കുകയായി. ഏതാണ്ടരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും സിന്ധുനദിയും അതിൽനിന്നും കൃഷിയാവശ്യത്തിന്നു കുത്തിക്കൊണ്ടുപോയിട്ടുള്ള അനവധി തോടുകളും കാണുമാറായി. ആൾത്താമസമില്ലാതെ നിരന്നു പരന്നുകിടക്കുന്ന ഭൂമികൾ. ക്രമേണ വിമാനം, ജനവാസമുള്ള സ്ഥലങ്ങളിലേക്കെത്തുകയും, 12-50ന്നു് കറാച്ചി വിമാനത്താവളത്തിൽ വന്നിറങ്ങുകയും ചെയ്തു.

കടൽച്ചുങ്കം (കസ്റ്റംസ്) വകുപ്പു് ഉദ്യോഗസ്ഥന്മാർ എല്ലാ രാജ്യത്തും വളരെ കണിശക്കാരാണു്. ഞങ്ങളുടെ കൂടെ വന്നിരുന്ന ഒരു കച്ചവടക്കാരൻെറ പെട്ടിയിൽനിന്നും, പുതിയ കുറച്ചു കമ്പിളിത്തുണി കണ്ടെടുത്തതിനാൽ അയാളുടെ കൈയിൽനിന്നും ചുങ്കം വസൂലാക്കപ്പെട്ടു. ഞാൻ ഒരു കച്ചവടക്കാരനോ സന്ദർശകനോ അല്ലെന്നും അമേരിക്കയിലേക്കു പോകുന്ന ഒരു വിദ്യാർത്ഥിയാണെന്നും പറഞ്ഞപ്പോൾ എൻെറ പെട്ടി തുറപ്പിക്കാതെതന്നെ അവർ വിട്ടു. എന്നിട്ടും, പാസ്പോർട്ട്, വിസ എന്നിവയുടെ പരിശോധന, കൈയിലുള്ള നാണ്യങ്ങൾ, ചെക്കുകൾ മുതലായവ കൊണ്ടുപോകാൻ അധികാരപത്രം നല്കൽ മുതലായ ചടങ്ങുകൾ തീർന്നു പുറത്തു കടക്കുവാൻ ഒന്നര മണിക്കൂർ സമയം പിടിച്ചു.

കറാച്ചിയിൽനിന്നും ബേരൂട്ടിലേക്കു (ലെബനോൺ എന്ന അറബിരാജ്യത്തിൽ) പോകുന്ന പാൻ അമേരിക്കൻ എയർവെയ്സു(പി. എ. എ.)കാരുടെ അതിഥിയായി അന്നു കറാച്ചിയിൽ താമസിച്ചു. അന്നു വൈകു

ന്നേരം അങ്ങനെ കറാച്ചി ചുററിക്കാണാൻ അവസരം കിട്ടി.

**മനോഹരമായ ഒരു നഗരം**

കറാച്ചിയിലെ ചില്ലറ ചെലവുകൾക്കായി എൻെറ കൈയിലുണ്ടായിരുന്ന ഒരു പവൻനോട്ടു മാറിയപ്പോഴാണു് പാകിസ്ഥാൻ, നാണ്യവില കുറച്ചതുകൊണ്ടു് ഇന്ത്യയ്ക്കു വരുന്ന നഷ്ടത്തെപ്പററി എനിക്കു നേരിട്ടനുഭവപ്പെട്ടതു്. ഇററലിയിലെ യാത്രച്ചെലവുകൾക്കായി, 13ക. 14ണ. വീതം കൊടുത്തു് ബോമ്പെയിൽനിന്നു ഞാൻ കൊണ്ടുപോയിരുന്നതാണു് പവൻനോട്ടുകൾ. ഒരു പവൻ കറാച്ചിയിൽവെച്ചു മാറിയപ്പോൾ കിട്ടിയതു് പാകിസ്ഥാൻ ഉറുപ്പിക ഒമ്പതുമാത്രമാണു്. അങ്ങനെ ഇന്ത്യയിലെ പതിമൂന്നിൽചില്വാനം ഉറുപ്പിക പാകിസ്ഥാനിൽ ഒമ്പതുറുപ്പിക മാത്രമായിട്ടു കുറഞ്ഞു. കരിഞ്ചന്തയിൽ ഒരു ഇന്ത്യൻ ഉറുപ്പികയ്ക്കു് ഒന്നേകാൽ പാകിസ്ഥാൻ ഉറുപ്പിക വീതം കറാച്ചിയിൽ കിട്ടുമെന്നു പറയുന്നു.

കറാച്ചി കാഴ്ചയിൽ വൃത്തിയും അഴകുമുള്ള ഒരു നഗരമാണു്. ന്യൂദൽഹിയേക്കാളധികം ഇടവിട്ടിടവിട്ടിട്ടുള്ള മൈതാനങ്ങളും പറമ്പുകളുടെ നടുവിൽ മാളികകളുമാണു് കറാച്ചിയിൽ. ഇടയ്ക്കിടെ നിഴൽമരങ്ങളുമുണ്ടു്, ബാംഗളൂരിനെപ്പോലെ പൂമരങ്ങളില്ലെന്നുമാത്രം. വിശാലവും, പൂച്ചെടികളെക്കൊണ്ടും ടാറിട്ട നിരത്തുകളെക്കൊണ്ടും നിറഞ്ഞതും, പടിപടിയായി അല്ലെങ്കിൽ തട്ടുകളായി കീഴോട്ടിറങ്ങി സമുദ്രനിരപ്പുവരെയെത്തുന്നതുമായ കറാച്ചിയിലെ സുപ്രസിദ്ധമായ ക്ലെഫ്ടൺബീച്ചിനോടു്, തിരുവനന്തപുരത്തെ ശംഖുമുഖം ബീച്ചോ, എറണാകുളത്തെ ഡർബാർ പാർക്കോ, മദ്രാസിലെ ബീച്ചോ, ബോമ്പെ

യിലെ മെറൈൻ ഡ്രൈവോ, ഹാങ്ങിങ്ങ് ഗാർഡൻസ് കൂടിയോ കിടനില്ക്കുന്നതല്ലെന്നു നിസ്സംശയം പറയാം. ഞാൻ ലാഹോറിൽനിന്നു വരുന്ന ഒരാളാണെന്നു കരുതി, നഗരം ചുററി കാണിച്ചുതന്നിരുന്ന എന്റെ ടാക്സിഡ്രൈവർ എന്നോടാദ്യം അധികം സംസാരിച്ചിരുന്നില്ല. (ഇതെങ്ങനെയാണുണ്ടാകുന്നതെന്നറിഞ്ഞുകൂടാ, ഞാനൊരു പഞ്ചാബി മുസ്ലീം ആണെന്ന തെററിദ്ധാരണ പിന്നേയും രണ്ടുമൂന്നുപേർക്ക് കറാച്ചിയിൽവെച്ചുണ്ടായി) പക്ഷേ, ഞാൻ ബോമ്പെയിൽനിന്നു വരുന്ന ആളാണെന്നും പഞ്ചാബിയല്ലെന്നും അറിഞ്ഞപ്പോൾ ടാക്സിഡ്രൈവർ എന്നോടു ധാരാളം സംസാരിക്കുവാനും സ്ഥലങ്ങളോരോന്നായി പറഞ്ഞുതരുവാനും തുടങ്ങി. സെക്രട്ടേറിയററ്, മന്ത്രിമാരുടെ ബംഗ്ലാവുകൾ, ലിയാക്കത്താലിഖാന്റെ പഴയ വീട്, ഗവമ്മേണ്ടാപ്പീസുകൾ (ഇവ ബാരക്കുകളാണ്) ഇവയോരോന്നും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽക്കൂടി കാണിച്ചുകൊണ്ടുപോയപ്പോൾ, കറാച്ചിയിലെ തിരക്കുള്ള അങ്ങാടികളിൽക്കൂടി എന്നെ കൊണ്ടുപോകാൻ പറഞ്ഞു. സദർബസാർ, ഗോൾമാക്കററു് എന്നിങ്ങനെ ചില തെരുവുകൾ കാണിച്ചിട്ട് അയാൾ പറകയാണ്, ബോമ്പെയിലെ നാലിലൊന്നു തിരക്കുള്ള സ്ഥലങ്ങളില്ല കറാച്ചിയിലെന്നു്. വലുപ്പത്തിലും ബോമ്പെയേക്കാൾ വളരെ ചെറുതാണ് കറാച്ചിനഗരം. ബോമ്പെയിൽ ഞാനെവിടെയാണു താമസമെന്ന കുശലം അന്വേഷിച്ചതിന്നുശേഷം അയാൾ അല്പം വ്യസനംകലൎന്ന സ്വരത്തിൽ പറകയാണ്: "ഞാൻ ഏഴുവർഷം ബോമ്പെയിൽ ടാക്സി ഓടിച്ചിരുന്നു. എനിക്ക് മൂന്നു ടാക്സികൾ ഉണ്ടായിരുന്നു. ബൈക്കുള്ളാപ്പാലത്തിന്നടുത്തായിരുന്നു എന്റെ താമസസ്ഥലം. ഇപ്പോൾ ഞാൻ പലതവണയായി ബോമ്പെക്കു

പോകുവാൻ പാസ്പോർട്ടിന്നു ശ്രമിക്കുന്നു. കിട്ടുന്നതേയില്ല" എന്നു്. എന്തിനാണു പോകുന്നതെന്നു ഞാൻ സാവധാനത്തിലന്വേഷിച്ചു. അയാൾ പറയുകയാണു്: "കറാച്ചിയിൽ താമസിക്കുവാൻ വലിയ ചെലവാണു്. വരവും കുറവ്. ചൂടാണെങ്കിൽ അതികലശലും." അങ്ങനെ ഒരു നാട്ടുകാരനെ കണ്ടപോലെയുള്ള സ്നേഹകൗതുകങ്ങളോടെ മുഹമ്മദ്ഹുസ്സയിൻ എന്നെ മെട്രോപ്പോൾ ഹോട്ടലിൽത്തന്നെ കൊണ്ടുവിട്ടു.

400-ൽ അധികം മുറികളും 400-ൽ അധികം ജോലിക്കാരുമുള്ള കറാച്ചിയിലെ ഏററവും വലിയ ഹോട്ടലാണു് മെട്രോപ്പോൾ. ബോമ്പെയിലെ താജ്ഹോട്ടലിനേക്കാൾ വലുതും സുഖസൗകര്യങ്ങളിൽ അതിനോടു കിടനില്ക്കുന്നതുമാണെന്നു പറയണം മെട്രോപ്പോൾ. അതിലെ ഒരു മുറിയെടുത്തു് ഒരു ദിവസം താമസിക്കുവാനുള്ള ചെലവ് 32 പാകിസ്ഥാൻ ഉറുപ്പികയാണു്. കറാച്ചി, പാകിസ്ഥാൻെറ തലസ്ഥാനമെന്നതിന്നു പുറമെ കപ്പൽവഴിക്കും, വിമാനംവഴിക്കുമുള്ള അന്തർരാഷ്ട്രീയഗതാഗതമുള്ള മാർഗ്ഗത്തിലുമാകയാൽ മെട്രോപ്പോൾ ഹോട്ടൽ വിദേശികളെക്കൊണ്ടു മിക്കപ്പോഴും നിറഞ്ഞിരിക്കും. ഈ വലിയ ഹോട്ടൽ കറാച്ചിക്കാരനായ ഒരു പാർസിയുടെതാണെന്നു വരുമ്പോൾ, കറാച്ചിയിൽ മുഹമ്മദീയേതരന്മാരും നല്ലനിലയിൽ ഇപ്പോഴും കഴിയുന്നുണ്ടെന്നു് വ്യക്തമാണല്ലോ. പക്ഷേ, ഇതെൻെറ ഒരു പാർസിസുഹൃത്തിനോടു പറഞ്ഞപ്പോൾ അവൻ പറഞ്ഞു, രണ്ടുനാലുകൊല്ലംമുമ്പ് കറാച്ചിയിലെ പ്രധാന വ്യാപാരസ്ഥലങ്ങളെല്ലാം പാർസികളുടേതായിരുന്നുവെന്നു്.

## വീണ്ടും വൈകുന്നു

കറാച്ചിയിൽനിന്നുതന്നെ അറബിരാജ്യങ്ങളുടെ രൂപം കുറേശ്ശയായി കണ്ടുതുടങ്ങുകയായി. ഒട്ടകങ്ങളെ പൂട്ടിയ വണ്ടികൾ കറാച്ചിയിലെ റോഡുകളിൽ ധാരാളമായിരുന്നു. (കഴുതകൾ വലിച്ചുകൊണ്ടോട്ടുന്ന വണ്ടികളും ഇല്ലായ്കയില്ല.) ബോമ്പെയിലെ മഴയുടേയും തണുപ്പിൻേറയും സ്ഥാനത്തു കറാച്ചിയിൽ നല്ല ചൂടുമായിരുന്നു. വൃക്ഷങ്ങളും, അറബിക്കടലിന്റെതന്നെ തീരത്തുള്ള ഇന്ത്യയുടെ പശ്ചിമതീരത്തേക്കാൾ വളരെ കുറവുതന്നെ.

എനിക്കു പോകാനുണ്ടായിരുന്ന പാൻ അമേരിക്കൻ എയർവേയ്സുകാരുടെ ക്ലിപ്പർവിമാനം 17-ാംനു- രാത്രി 3-20ന്നു് കറാച്ചി വിടേണ്ടതാണു്. പക്ഷേ, അതു രണ്ടു മണിക്കൂർ വൈകിയാണു വരുന്നതെന്നു സന്ധ്യക്കുതന്നെ അറിഞ്ഞിരുന്നതിനാൽ നാലേകാലിന്നു് എയർവേയ്സുകാരുടെ കോച്ചു്, ഹോട്ടലിൻെറ പടിക്കൽ വന്നു വിളിക്കുമെന്നും അതിനാൽ രാത്രി മൂന്നര മൂന്നേമുക്കാലിന്നെഴുന്നേററു തയ്യാറായിരുന്നാൽ മതിയെന്നും എയർവേയ്സ് കമ്പനിക്കാർ അറിയിച്ചിരുന്നു. കൃത്യസമയത്തു് മുറിയിലെ ടെലഫോൺ അടിച്ചുണത്തുമെന്നു ഹോട്ടലിലെ സ്വീകരണോദ്യോഗസ്ഥൻ പറഞ്ഞിരുന്നെങ്കിലും, ഒരിക്കൽത്തന്നെ കപ്പൽതെററിപ്പോകുന്ന ആളായതുകൊണ്ടു് എനിക്കു ശരിക്കുറങ്ങാൻ കഴിഞ്ഞില്ല—പലപ്പോഴും എഴുന്നേററു സമയം നോക്കുകയായിരുന്നു. മണി നാലായിട്ടും ഫോണിൻെറ മണി അടിക്കാത്തതെന്താണെന്നന്വേഷിച്ചപ്പോഴാണു്, വിമാനം ആറരമണിക്കേ വിടുന്നുള്ളുവെന്നു് ഹോട്ടലിൽ അറിയിച്ചിരിക്കുന്നുവെന്നു മനസ്സിലായതു്. പിന്നേയും വൈകി. കറാച്ചിയിൽനിന്നും പ്ലെയിൻ

വിട്ടതു കാലത്തു് 9മണിക്കാണു്. ചൈനയിലെ ഹോ ങ്കോങ്ങിൽനിന്നു പുറപ്പെട്ടു്, ബാങ്കോങ്ങ്, കല്ക്കത്ത, ദൽ ഹി വഴിക്കു വളരെദൂരം സഞ്ചരിച്ചുവരുന്ന വിമാനമായ തുകൊണ്ടു്, നമ്മുടെ പണ്ടത്തെ ദൽഹിയിൽനിന്നും മദ്രാസിലേക്കു വരുന്ന ഗ്രാണ്ട്ട്രങ്ക് എക്സ്പ്രസ്സ്മാതിരി ഈ വിമാനം കൃത്യസമയത്തു വന്നുപോവുക അസാധാരണ മാണത്രെ.

54 ആളുകളെ സുഖമായി കൊണ്ടുപോകാൻ സൗക ര്യമുള്ള നാലു് എഞ്ചിനുകളുള്ള വലിയ ആകാശയാന ങ്ങളാണു് പാൻ അമേരിക്കൻ എയർസർവ്വീസിൻെറ ക്ലിപ്പർ വിമാനങ്ങൾ. മണിക്കൂറിൽ 309 നാഴികയില ധികം വേഗത്തിൽ 16000 അടി ഉയരത്തിൽക്കൂടിയാണു് അവ പറക്കുന്നതു്. ഊണു്, കാപ്പി, ചായ, ശീതളപാനീ യങ്ങൾ തുടങ്ങിയ ഭക്ഷണസാധനങ്ങളെല്ലാം ഉണ്ടാക്കി വിതരണംചെയ്യുവാനുള്ള സൗകര്യം അതിലുണ്ടു്. ഇവ യെല്ലാം യാത്രക്കാൎക്കു വെറുതെ കൊടുക്കുന്നതാണു്. അല്ലെ ങ്കിൽ അതിൻെറ ചെലവും ടിക്കററുവിലയിൽ അടങ്ങി യെന്നു സാരം.

കറാച്ചിയിൽവെച്ചുണ്ടായ ഒരു ചെറിയ സംഭവം ഇപ്പോൾ ഓൎക്കുമ്പോൾ കൗതുകംതോന്നുന്നു. നഗരത്തിൽ നിന്നു മടങ്ങി, കാലത്തു് വിമാനത്താവളത്തിൽ, വിമാന ക്കമ്പനിക്കാരുടെ ആഫീസിൽ ആവശ്യപ്പെട്ടപ്രകാരം യാത്രാരേഖകൾ കാണിച്ചപ്പോൾ, പാകിസ്ഥാനിലേക്കു കടക്കാനുള്ള വിസ (അനുമതിപത്രം) എവിടെയാണെ ന്നവർ ചോദിച്ചു. അതു ഞാൻ വാങ്ങിയിട്ടില്ലെന്നു പറ ഞ്ഞപ്പോൾ അവർ ഒന്നന്ധാളിച്ചുപോയി. പിന്നെ എങ്ങ നെയാണു ഞാൻ നഗരത്തിൽ പോയതെന്നും ഒരുദിവസം മുഴുവൻ ചുററിക്കറങ്ങിയതെന്നുമായി ചോദ്യം. അതു

പാടില്ലെന്ന് എനിക്കറിഞ്ഞുകൂടായിരുന്നുവെന്നും, തലേ ദിവസം പാകിസ്ഥാൻ ചുങ്ക ആഫീസിൽ രേഖകളെല്ലാം കാണിച്ചപ്പോൾ, അവർ ഇനി പോകാമെന്നു പറഞ്ഞതനുസരിച്ചു ഞാൻ നഗരത്തിലേക്കു പോകുന്ന ബസ്സിൽ കയറിപ്പോയെന്നും പറഞ്ഞു. വാസ്തവത്തിൽ പാകിസ്ഥാനിലേക്കു കടക്കാനുള്ള അനുമതിപത്രം കൂടാതെ നഗരത്തിൽ കടന്ന് ഒരു ദിവസം മുഴുവൻ ചുററിക്കറങ്ങുകയും താമസിക്കുകയും ചെയ്തതിന്നു പാകിസ്ഥാൻ അധികാരികൾക്ക് എന്നെ പിടികൂട്ടുകയോ ബന്ധവസ്സിൽ വെയ്ക്കുകയോകൂടി ചെയ്യാമായിരുന്നു എന്നോർത്തു കഴിഞ്ഞദിവസത്തെക്കുറിച്ച് എനിക്ക് അല്പം അമ്പരപ്പും കൗതുകവും തോന്നി. ഇനി ഏതായാലും നഗരത്തിൽ പോയി താമസിച്ച കഥയൊന്നും പറയേണ്ടെന്ന് അവർ ഒരു താക്കീതും തന്ന് നേരിട്ടു വിമാനത്തിൽ പോയി കയറിക്കൊള്ളാൻ പറഞ്ഞു.

## ബസ്രയിൽ

കരവിട്ട്, അല്പം മൂടലുള്ള സമുദ്രത്തിൻെറ മീതേകൂടിത്തന്നെ പോയി ഓമൻ ഉൾക്കടലും പേർസ്യൻ ഉൾക്കടലും കടന്ന് ഉച്ചയ്ക്കു രണ്ടരരണ്ടേര മണിക്കു വിമാനം മെസൊപ്പട്ടോമിയയിലെ തുറമുഖപട്ടണമായ ബസ്രയിൽ ചെന്നിറങ്ങി. വിമാനത്തിൽ വീണ്ടും പെട്രോൾ നിറയ്ക്കുന്നതു് അവിടെവെച്ചാണ്. അതിനാൽ യാത്രക്കാരെല്ലാമിറങ്ങി ഒരു മണിക്കൂർ നേരത്തേക്കു വിമാനത്താവളത്തിലെ വിശ്രമമുറിയിലേക്കു പോയി. ശീതോഷ്ണാവസ്ഥ ക്രമപ്പെടുത്തിയിട്ടുള്ള വിമാനത്തിൽനിന്നും ഇറങ്ങി വിശ്രമമുറിയിലേക്കുള്ള 50 വാരയോളം ദൂരം നടന്നപ്പോഴാണ് അറബിരാജ്യങ്ങളിലെ അത്യുഷ്ണത്തിൻെറ സ്വാദ്ദ് ആദ്യ

മായറിഞ്ഞതു്. തൊപ്പി വിമാനത്തിൽനിന്നെടുക്കാതെ പോന്ന യാത്രക്കാരുടെ തലയിലെല്ലാം ഈ രണ്ടുമൂന്നു മിനിട്ടുകൊണ്ടുതന്നെ മലരുവറക്കാമെന്ന നിലയായി. കത്തുന്ന തീപോലെയായിരുന്നു പുറത്തുള്ള ചൂടു്. ഉഷ്ണപ്രദേശങ്ങളിൽ ഉണ്ടാകാറുള്ള വെയിലേററു തളരുക അല്ലെങ്കിൽ മരിക്കുക (സൺസ്റ്റ്രോക്കു്) എന്നുള്ള അത്യാഹിതം ഈ രണ്ടുമൂന്നു മിനിട്ടുകൾക്കകം സംഭവിക്കുമോ എന്നുകൂടി ഞാൻ സംശയിച്ചു. വിമാനത്തിൽ വീണ്ടും കയറി, കാര്യങ്ങൾ സമാധാനമായതിന്നുശേഷം ബസ്രയിലെ ഉഷ്ണാവസ്ഥ എത്രയായിരുന്നുവെന്നു് അന്വേഷിച്ചപ്പോഴാണു് 104 ഡിഗ്രി ഫാരൻഹീറ്റേ ഉള്ളുവെന്നറിഞ്ഞതു്. പിന്നെ ഇത്രയും ചൂടിന്നു കാരണമെന്തെന്നു തിരഞ്ഞപ്പോൾ പറയുന്നു, നനവില്ലാത്ത പ്രദേശത്തെ ചൂടു് (ഡ്രൈഹീററു്) ഇങ്ങനെയാണെന്നു്. മദിരാശിയിൽക്കൂടി ഇക്കൊല്ലം 104 ഡിഗ്രിവരെ വന്നതാണല്ലോ ചൂടു്. പക്ഷേ, പച്ചയും മരങ്ങളും ഉള്ള നീരാവിയുള്ള പ്രദേശങ്ങളിലെ ചൂടു് അത്ര കഠിനമല്ലത്രെ. 117 ഡിഗ്രിവരെ എത്തിയിട്ടുള്ള അലഹബാദിലേയും ദൽഹിയിലേയും ഉഷ്ണം ഞാനനുഭവിച്ചിട്ടുണ്ടു്. പക്ഷേ, ഈ 104 ഡിഗ്രി മാത്രമായിരുന്ന ബസ്രയിലെ ഡ്രൈഹീററു് എനിക്കു് അസഹനീയവും മുമ്പനുഭവിച്ചിട്ടില്ലാത്ത്ര കഠിനവുമായാണു തോന്നിയതു്. അപ്പോൾ ഇറാൻ, ഇറാക്കു്, അറേബിയ തുടങ്ങിയ ഉള്ളിലേക്കു കടന്നുള്ള അറബിരാജ്യങ്ങളിലെ ചൂടു് 120-ം 130-ം വരെ എത്തുന്ന നീരാവി ഇല്ലാത്ത ഉഷ്ണാവസ്ഥയിലെ ജീവിതം എങ്ങനെയായിരിക്കണം എന്നു ഞാൻ ഓർത്തുപോയി.

## III

**ഞങ്ങൾ ബാഗ്ദാദിൽ**

കറാച്ചിവിട്ട് ബസ്രവരേയും 2000 നാഴികയോളം ദൂരം മിക്കവാറും സമുദ്രത്തിന്നു മീതെക്കൂടിയാണു പറന്നിരുന്നതു്. ഇനി ബസ്രമുതൽ മദ്ധ്യധരണ്യാഴീതീരത്തുള്ള ബേറൂട്ടുവരെ കരയ്ക്കുമീതെ പറന്നിട്ടുവേണം അറേബിയ അദ്ധദ്വീപു കടക്കുവാൻ. പച്ചകാണാതെ പരന്ന സമനിലങ്ങൾപോലെയുള്ള അറേബിയയുടെ മീതെക്കൂടി ബസ്രയിൽനിന്നും പെട്രോൾ നിറച്ച് 2½ക്കു പുറപ്പെട്ട വിമാനം മേഘങ്ങളില്ലാതെ തെളിഞ്ഞ അന്തരീക്ഷത്തിൽക്കൂടി പറന്നുതുടങ്ങി. ഏതാണ്ടു് ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ വിമാനത്തിൻെറ നാവികന്മാരിൽ ഒരാൾ വന്നു്, നമ്മളിപ്പോൾ യൂഫ്രററീസും, ടൈഗ്രീസും നദികളുടെ ഇടയിൽക്കൂടിയാണു പറക്കുന്നതെന്നു പറഞ്ഞു് വിമാനത്തിൻെറ ഇരുപുറങ്ങളിലായി ഒഴുകിയിരുന്ന നദികൾ കാണിച്ചു. ഒന്നരനാഴികയോളം വീതിയുള്ള ആ രണ്ടു നദികളും 16,000 അടി പൊക്കത്തിൽനിന്നും ഏതാണ്ടു 2 കോൽ വീതം വീതിയുള്ള തോട്ടകളെപ്പോലെയേ തോന്നിയിരുന്നുള്ളൂ. അനന്തരം പുരാണപ്രസിദ്ധമായ ബാബിലോണിയയുടെ സ്ഥാനവും കാണിച്ചുതന്നു് അയാൾ പറഞ്ഞു—നമ്മളിന്നു വളരെത്താമസിയാതെ പ്രസിദ്ധമായ ഈഡൻ തോട്ടങ്ങളുടെ മീതെക്കൂടി പറക്കുമെന്നു്.

അങ്ങനെ തെളിഞ്ഞ സൂര്യപ്രകാശത്തിൽ മുങ്ങിക്കുളിച്ചുകൊണ്ടിരുന്ന വിമാനത്തിൽനിന്നു് താഴത്തെ കാഴ്ചകളോരോന്നും കാണിച്ചുതന്നും കണ്ടുംകൊണ്ടു് രസിച്ചുമിരിക്കെ പെട്ടെന്നിതാ നാവികന്മാരിൽനിന്നും ഒരു പ്രഖ്യാപനം വന്നു: വിമാനത്തിന്റെ ഒരെഞ്ചിൻ തകരാറിലാണെന്നും അതിനാൽ അതിതാ പൂട്ടുന്നുവെന്നും. എല്ലാവരും

മ്ലാനവദനരായി. താമസിയാതെ വിമാനത്തിന്റെ വലത്തു ഭാഗത്തുള്ള രണ്ടു പ്രൊപ്പല്ലറിൽ ഒന്നു നിന്നുകഴിഞ്ഞു. വിമാനത്തിൻെറ ഗതിയും അല്പം മന്ദീഭവിച്ചു. യാത്രക്കാരിൽ പലരുടെ ഉള്ളിലും ആശങ്കയായി. അപ്പോഴേക്കും നാവികന്മാരിൽനിന്നും മറ്റൊരു പ്രഖ്യാപനം വന്നു— വിമാനം ബാഗ്ദാദിലേക്കു തിരിക്കുകയാണെന്നും 15 മിനിട്ടിന്നകം നമ്മൾ ബാഗ്ദാദ് വിമാനത്താവളത്തിൽ പോയി ഇറങ്ങാൻപോവുകയാണെന്നും. എല്ലാവക്കും തൽക്കാലം സമാധാനമായി. അങ്ങനെ 15–20 മിനിട്ടിന്നകം ബാഗ്ദാദ് വിമാനത്താവളത്തിൽ ഞങ്ങളുടെ ക്ലിപ്പർ ചെന്നിറങ്ങി. വിമാനം നിന്ന ഉടനെ, വിമാനത്താവളത്തിലെ, യൂണിഫോം ധരിച്ച ഒരു ഇറാക്കി ഉദ്യോഗസ്ഥൻ കയറിവന്നു ചോദിച്ചു, എത്രസമയം നിങ്ങളുടെ വിമാനം ഇവിടെ നില്ക്കുമെന്നു്. ഞങ്ങളുടെ ഒരു എഞ്ചിൻ കേടു വന്നതുകൊണ്ടാണു് ഇവിടെ ഇറക്കിയതെന്നും, എത്ര സമയം നിത്തണമെന്നു പറഞ്ഞുകൂടെന്നും, കേടുതീത്തു നോക്കട്ടെ എന്നും, ക്ലിപ്പറിലെ നാവികന്മാർ മറുപടി പറഞ്ഞു യാത്രക്കാരോടു് ഇറങ്ങിക്കൊള്ളുവാൻ പറഞ്ഞു. ഇറാക്കിലെ ഉദ്യോഗസ്ഥന്മാർ ഞങ്ങളുടെ പാസ്പോർട്ടുകൾ വാങ്ങി കൈയിൽ വെച്ചതിന്നുശേഷം താഴത്തിറങ്ങിക്കൊള്ളുവാനനുവദിച്ചു.

സമയം ബാഗ്ദാദിൽ, 3–20 ആയിരുന്നു. എന്നാലും ശക്തിയായ ചൂടുതന്നെ. വിമാനത്താവളത്തിലെ വിശ്രമമുറിക്കകത്തും വലിയ ഉഷ്ണംതന്നെ. രണ്ടുമണിക്കൂർ സമയം ശ്രമിച്ചുനോക്കിയിട്ടും എഞ്ചിൻെറ കേടു് എന്താണെന്നറിഞ്ഞില്ല. വിമാനത്തിലെ ഉദ്യോഗസ്ഥന്മാർ വന്നു ഞങ്ങളോടു പറഞ്ഞു, ബാഗ്ദാദ് ഒരു സൗകര്യവുമില്ലാത്ത ഒരു സ്ഥലമാണെന്നും, ആവശ്യമുള്ള സാമഗ്രികളോ വേണ്ടത്ര

സാങ്കേതികപരിചയമുള്ള ആളുകളോ ഇവിടെ ഇല്ലെന്നും, ബേറൂട്ടിൽനിന്നോ, ബസ്രയിൽനിന്നോ അവ വരുത്തേണ്ടിയിരിക്കുന്നുവെന്നും, അതിനാൽ എപ്പോഴാണു വിമാനം കേടുതീക്കാൻ കഴിയുകയെന്നു പറഞ്ഞുകൂടെന്നും. എങ്കിലും തങ്ങൾ ആവുന്ന എല്ലാ വഴികളും നോക്കുന്നുണ്ടെന്നു് അവർ സമാധാനിപ്പിക്കാതിരുന്നില്ല.

ഒരപകടത്തിൽനിന്നു രക്ഷപ്പെട്ടുവെന്നതു ശരിതന്നെ. പക്ഷേ, എൻെറ കാര്യം ഇനിയും കുഴപ്പത്തിലായി. നാളെ കാലത്തു് 9½ മണിക്കാണു് ബേറൂട്ടിൽനിന്നു റോമിലേക്കു വിമാനം പോകുന്നതു്. 18-ാംനു കാലത്തു് 9½ക്കു പുറപ്പെടുന്ന ആ വിമാനം ഉച്ചതിരിഞ്ഞു 3മണിയോടുകൂടി റോമിലെത്തും. റോമിൽനിന്നും രാത്രി പോകുന്ന തീവണ്ടിയിൽ കയറി 8 മണിക്കൂറോളം യാത്രചെയ്തിട്ടു വേണം പിറ്റേദിവസം, അതായതു ജൂലായ് 19-ാംനു, ഇററലിയിലെ ജനോവാ തുറമുഖത്തെത്തിച്ചേരാൻ. 19-ാംനു ഉച്ചയ്ക്കാണു് ജനോവായിൽനിന്നും എസ്സ്. എസ്സ്. കോൺസ്റ്റിട്യൂഷൻ എന്ന അമേരിക്കൻ കപ്പൽ (ഞാൻ ടിക്കററു വാങ്ങിയതും കയറേണ്ടതുമായ കപ്പൽ) ന്യൂയോക്കിലേക്കു വിടുന്നതു്. അതിനാൽ കറാച്ചിയിൽനിന്നും ഞാൻ പുറപ്പെട്ട ആ വിമാനം ഉടനെ ബേറൂട്ടിലേക്കു പോയില്ലെങ്കിൽ എൻെറ ഇത്രയും ശ്രമങ്ങളെല്ലാം വെറുതെയായി. എന്തെന്നാൽ, ബേറൂട്ടിൽ സമയത്തെത്തിയില്ലെങ്കിൽ, അവിടന്നു മറ്റൊരുദിവസം പുറപ്പെട്ടു് ജനോവയിലെത്തുമ്പോൾ, കോൺസ്റ്റിട്യൂഷൻ കപ്പൽ പോയിക്കഴിയും. ബോംബേയിൽ സ്റ്റ്റാത്ത്മൂർ പോയി ഞാൻ തങ്ങിപ്പോയതിലും പരിതാപകരമായ ഒരു നിലയിൽ ജനോവയിൽ തങ്ങിപ്പോകും എന്ന മട്ടിലായി കാര്യങ്ങൾ. അവിടെയാ

ണെങ്കിൽ പരിചയമുള്ള ഒരാളുമില്ല. ഇററാലിയൻ ഭാഷ ഒട്ടു വിവരവുമില്ല.

## എവിടേയും വിഷമങ്ങൾ തന്നെ

വൈകുന്നേരം 6 മണിയായിട്ടും വിമാനത്തിൻെറ കേടുവന്ന എഞ്ചിൻ നടത്താൻ നോക്കിയിട്ടു നടന്നില്ല. യാത്രക്കാർ പലരും ഉൽക്കണ്ഠയോടുകൂടി അന്വേഷണങ്ങൾ നടത്തിയിരുന്നു. ബസ്രയിൽനിന്നു പുറപ്പെട്ട ചിലർ അങ്ങോട്ടു വിവരത്തിന്നു കമ്പിവഴിക്കും ടെലഫോൺ വഴിക്കും സന്ദേശങ്ങളയച്ചു. വിമാനത്തിലെ നാവികന്മാർ, നിങ്ങൾക്കു സുഖമായി ബാഗ്ദാദിൽ താമസിക്കുവാൻ വേണ്ട ഏപ്പ്പാടുകൾ ഞങ്ങൾ ചെയ്യുന്നുണ്ടെന്നും, അതിനാൽ വിമാനം പോയില്ലെങ്കിൽ വിഷമമൊന്നും വരില്ലെന്നും പ്രോത്സാഹനം നല്കി. പക്ഷേ, താമസിക്കുവാനുള്ള സൗകയ്യക്കുറവല്ലാ എൻെറ വിഷമമെന്നും, നാളെ കാലത്തു ബേറൂട്ടിൽനിന്നു പോകുന്ന വിമാനം കിട്ടത്തക്കവണ്ണം നമ്മളിവിടന്നു പോയില്ലെങ്കിൽ എൻെറ ഇത്രയും യാത്ര വ്യത്ഥമായെന്നും ഞാനവരെ അറിയിച്ചപ്പോൾ അങ്ങനെ അടിയന്തിരയാത്ര ചെയ്യേണ്ട യാത്രക്കാരുണ്ടാകുമെന്നു തങ്ങൾക്കറിയാമെന്നും കായ്യങ്ങൾ ഭംഗിയാകുവാൻ തങ്ങൾ എല്ലാ ശ്രമങ്ങളും ചെയ്യുന്നുണ്ടെന്നും തല്ക്കാലം ശുഭപ്രതീക്ഷയോടുകൂടിയവനായി ഇരിക്കുവെന്നും സായ്പിന്റെ സ്വതസ്സിദ്ധമായ മന്ദസ്മിതത്തോടുകൂടി മറുപടി പറഞ്ഞു.

## ഇന്ത്യയിൽനിന്നോ പാകിസ്ഥാനിൽനിന്നോ?

വിമാനത്താവളത്തിലെ ഹോട്ടലിൽനിന്നും ഞങ്ങൾക്കു ശീതളപാനീയങ്ങൾ നല്കപ്പെട്ടിരുന്നു. ഹോട്ടലിലെ ഇംഗ്ലീഷറിയുന്ന മാനേജരും മററു ജോലിക്കാരും ഞങ്ങളോടു കുശലങ്ങളന്വേഷിക്കുന്നകൂട്ടത്തിൽ ഇന്ത്യയിൽനി

ന്നാണോ പാകിസ്ഥാനിൽനിന്നാണോ വരുന്നതെന്നു തിരഞ്ഞു. രണ്ടിടത്തുനിന്നു വരുന്നവരായാലും രണ്ടും ഒരുപോലെയുള്ള ആളുകൾതന്നെയാണെന്നു പറഞ്ഞപ്പോൾ അയാൾതന്നെ ചോദ്യം ഉടനെ ഇങ്ങനെ ഭംഗിയാക്കി: "അതെ, അതെ—ഞങ്ങൾക്ക് ഇറാക്ക്, സൗദി അറേബിയ, ലെബനോൺ എന്നിങ്ങനെ പല ഗവമ്മേണ്ടുകളുള്ള പോലെ, നിങ്ങൾക്ക് ഒരു രാജ്യക്കാർക്കു രണ്ടു ഗവമ്മേണ്ടുണ്ടെന്നേയുള്ളു"വെന്നു്. കഴുത്തിന്നു കീഴ്പ്പോട്ടു പള്ളിയിലെ അച്ചന്മാരുടേതുപോലെയുള്ള ളോഹയും, തലയിൽനിന്നു കീഴ്പ്പോട്ടു മുഖംമൂടാതെ തുണിയും തലയ്ക്കുമീതെ ചില കെട്ടുകളുമായി, നാം ചിത്രങ്ങളിൽ കണ്ടിട്ടുള്ള അതേവേഷത്തിലുള്ള അറബികൾ വിമാനത്താവളത്തിലെ ഹോട്ടലിൽ വന്നുംപോയുംകൊണ്ടിരുന്നതു കൗതുകകരമായ ഒരു കാഴ്ചയായിരുന്നു. അവർ സംസാരിക്കുന്ന അറബിഭാഷയാകട്ടെ ഉറുദു സംസാരിക്കുന്ന ഞങ്ങളുടെ കൂടെയുണ്ടായിരുന്ന പാകിസ്ഥാനികളായ പഞ്ചാബി മുസ്ലീംകൾക്കും ഒരക്ഷരം മനസ്സിലായിരുന്നില്ല.

രാത്രി 8 മണിയായിട്ടും ബാഗ്ദാദിൽ മുറിക്കകത്തും കെട്ടിടത്തിന്നുള്ളിലും നല്ല ഉഷ്ണംതന്നെയായിരുന്നു. അതിനാൽ മുററത്തു ഞങ്ങൾക്ക് ഭക്ഷണത്തിന്നു മേശകളും കസേരകളും തയ്യാറാക്കി. ബാഗ്ദാദിലെ അമേരിക്കൻ എയർവേയ്സ് കമ്പനിയുടെ ശാഖക്കാർ അപ്പോൾ ഞങ്ങളെ അറിയിച്ചു, ഈ വിമാനത്തിൻെറ കേടറിയാൻ ഇതുവരെ ശരിയായി കഴിയാഞ്ഞതുകൊണ്ടു് ഇതു് ഇന്നു പോകുന്നില്ലെന്നും പക്ഷേ, ബേരൂട്ടിന്നപ്പുറത്തേക്കു ടിക്കററു വാങ്ങിയിട്ടുള്ള യാത്രക്കാരെയെല്ലാം കൊണ്ടുപോകുവാൻ, ഇറാക്കി എയർവെയ്സുകാരുടെ ഒരു വൈക്കിങ്ങ് വിമാനം ഞങ്ങൾ പണംകൊടുത്തു് ഏർപ്പാടുചെയ്തിട്ടുണ്ടെന്നും,

അവർ ഇനി ഭക്ഷണം കഴിക്കേണ്ടുന്ന താമസമേയുള്ളു, വിമാനം ഇതാ പോകാൻ തയ്യാറായി നില്ക്കുന്നുവെന്നും. പിറേറദിവസം കാലത്തു ബേറൂട്ടിൽനിന്നും വിമാനം കിട്ടി. പോകേണ്ട യാത്രക്കാരിൽ ഈ സന്തോഷവിവരം ഉളവാക്കിയ സംതൃപ്തിയെപ്പററി പറയേണ്ടതില്ലല്ലോ. ബാക്കി യാത്രക്കാരെ രാത്രി താമസിക്കുവാൻ നഗരത്തിലെ ഹോട്ടലുകളിലേക്കു കൂട്ടിക്കൊണ്ടുപോയി.

## ലെബനോണിലേക്കു്

രാത്രി കൃത്യം ഒമ്പതുമണിക്കു്, അകലേക്കുള്ള യാത്രക്കാരേയും കയററിക്കൊണ്ടുള്ള രണ്ടെഞ്ചിൻ ഘടിപ്പിച്ച ഇറാക്കി എയർവേയ്സിൻെറ 'വൈക്കിങ്ങ്' വിമാനം ബാഗ്ദാദ് വിമാനത്താവളം വിട്ടു. രാത്രിസമയത്തു് വിമാനത്തിൽനിന്നും പുറത്തേക്കു നോക്കിയാൽ ഒന്നും കാണുമായിരുന്നില്ല. ഒരപകടത്തിൽനിന്നും കഷ്ടിച്ചു രക്ഷപ്പെട്ടതും, പറക്കൽ രാത്രിയിലും, അതുതന്നെ അറേബിയയിലെ മരുഭൂമിക്കുമീതേയുംകൂടിയായിരുന്നതുകൊണ്ടു് എനിക്കു വീണ്ടും ആപൽശങ്കതന്നെയായിരുന്നു. പോരെങ്കിൽ വന്നുകയറിയ ഇറാക്കിവൈമാനികരാകട്ടെ, സംസാരിക്കുമ്പോൾ, ഉള്ളിലെ മദ്യത്തിൻെറ ഗന്ധം, പുറത്തു ധാരാളം വമിപ്പിച്ചിരുന്നു.

മഴക്കാലത്തെ രാത്രികളിൽ ചില മരങ്ങളിന്മേൽ മിന്നാമിനുങ്ങുകൾ കൂട്ടംകൂടിയിരുന്നു മിന്നുന്നപോലെ, ഇടക്കിടെ താഴെ കൂട്ടംകൂട്ടമായി വൈദ്യുതവിളക്കുകൾ പ്രകാശബിന്ദുക്കളുടെ കൂട്ടംപോലെ കണ്ടിരുന്ന സ്ഥലങ്ങൾ ഇന്നയിന്ന നഗരങ്ങളാണെന്നു്, വിമാനത്തിലെ ഇറാക്കി ഉദ്യോഗസ്ഥന്മാർ ഞങ്ങളെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. നല്ല വേഗതയിൽ വിട്ടിരുന്ന വിമാനം ഡമാസ്കസ്

നഗരവും കടന്നു് രാത്രി 11½യ്ക്കു് വിഷമങ്ങളൊന്നുംകൂടാതെ ബേറൂട്ട് വിമാനത്താവളത്തിൽ ചെന്നിറങ്ങി.

കസ്റ്റംസ്, പാസ്പോർട്ട്പരിശോധന തുടങ്ങിയ ചടങ്ങുകളെല്ലാം ഒരു മണിക്കൂർകൊണ്ടു കഴിഞ്ഞു് രാത്രി ഒരുമണിക്കകം ഞങ്ങൾ ബേറൂട്ടിലെ മേത്തരം ഹോട്ടലുകളിലൊന്നിൽ വീണ്ടും എയർവേയ്സ്കമ്പനിക്കാരുടെ അതിഥികളായി താമസമാക്കി.

മെഡിററേനിയൻെറ വലത്തുള്ള ലെബനോൺ എന്ന അറബിരാജ്യത്തിലെ ഒരു തുറമുഖപട്ടണമാണു് ബേറൂട്ട്. കപ്പൽവഴിയും, വിമാനംവഴിയും, കരവഴിയും യൂറോപ്പിൽനിന്നും ഏഷ്യയിലേക്കു് അറേബിയായിൽക്കൂടി കടന്നുപോരുമ്പോൾ മെഡിററേനിയൻതീരത്തുള്ള ഒരു തുറമുഖവും വിമാനത്താവളവുമായതിനാൽ ബേറൂട്ട് അന്തർരാഷ്ട്രീയപ്രാധാന്യമുള്ള ഒരു സാമാന്യം വലിയ നഗരമാണു്. പടിഞ്ഞാറുഭാഗത്തു മെഡിററേനിയൻകടലിലെ കൊച്ചലകളാൽ തലോടപ്പെട്ടും, കിഴക്കു് ലെബനോണിലെ ഉയൎന്ന പൎവ്വതനിരകളാൽ സംരക്ഷിക്കപ്പെട്ടുമുള്ള ബേറൂട്ട് നഗരം കാഴ്ചയ്ക്കു് അതിസുന്ദരമാണു്. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മാളികകളുടെ ഇടകളിലെല്ലാം പൈൻമരങ്ങൾ നിറഞ്ഞുനില്ക്കുന്നു. ചുവട്ടിൽനിന്നെല്ലാം ശാഖകൾ വെട്ടിക്കളഞ്ഞു് വളത്തിയിരിക്കുന്നതിനാൽ അടിയിൽനിന്നു കവുങ്ങുപോലെ ഒറ്റത്തടിയായി ഉയൎന്നുപോയി, മുകളിൽ കൂററൻ പച്ചച്ചാമരം വീശിപ്പിടിച്ചപോലെ തൊട്ടു് ഇടതിങ്ങിനില്ക്കുന്ന പൈൻമരങ്ങൾ, ചുവട്ടിൽ വെയിലേല്ക്കാത്ത വലിയ വിതാനിച്ച പന്തലുകൾ ബേറൂട്ടിൽ പലേടത്തും നിൎമ്മിച്ചിരിക്കുന്നു. പൈൻ അല്ലാതെ നമ്മുടെ നാട്ടിലുണ്ടാകുന്ന പലതരം മരങ്ങളൊന്നും ആ മണൽപോലെയുള്ള ഭൂമിയിൽ വളരുന്നില്ലതാനും.

35476

ലെബനോൺ, ഫ്രഞ്ചുസംരക്ഷണയിലുള്ള ഒരു രാജ്യമായതുകൊണ്ട് നഗരത്തിലെ ഔദ്യോഗികഭാഷ ഫ്രഞ്ചാണ്. ഹോട്ടലുകളിലും മററും ഇംഗ്ലീഷറിയുന്ന വൈറററോ, മാനേജരോ അപൂൎവ്വമാണ്. അറബിയോ ഫ്രഞ്ചോ അറിയണം എളുപ്പത്തിൽ കാൎയ്യങ്ങൾ നടക്കണമെങ്കിൽ. മററ് അറബിരാജ്യങ്ങളെപ്പോലെ, സ്ത്രീകൾ സാധാരണ മുഖത്തു മൂടിയിട്ടാണ് നഗരത്തിൽ സഞ്ചരിക്കുന്നത്. യൂറോപ്യൻരീതിയിൽ വസ്ത്രധാരണവും തലമുടിയും മററു നടപടികളും ഉള്ള സ്ത്രീകളും നഗരത്തിൽ ധാരാളമുണ്ട്. പക്ഷേ, നന്നേ കറുത്ത നിറമുള്ളവർ വളരെ അപൂൎവ്വമാണ്. അറബിരാജ്യങ്ങളിൽ കാലാവസ്ഥ വളരെ ഉഷ്ണമുള്ളതാണെങ്കിലും, ജനങ്ങളുടെ നിറം സാമാന്യം വെളുപ്പാണ്.

## IV

## 16000 അടി ഉയരത്തിൽ

ബേറൂട്ടിൽനിന്നും, കാലത്തു 10 മണിക്ക് 66 ആളെക്കയററുന്ന കൂററൻ ഒരു പാൻ അമേരിക്കൻ എയർവേയ്സ് ക്ലിപ്പർവിമാനത്തിൽ വീണ്ടും റോമിലേക്കു യാത്ര തുടൎന്നു. ഈ വിമാനം കറാച്ചിയിൽനിന്നു പോന്ന പി. എ. എ. വിമാനത്തേക്കാളും വലുതും സൗകൎയ്യങ്ങൾ കൂടിയതുമായിരുന്നു. രാത്രി ഉറങ്ങാനായി മുറികളിൽ രണ്ടാമതൊരു തട്ട്, മുഖം കഴുകുവാനും മററുമായി ചൂടോ തണുപ്പോ ഉള്ള വെള്ളം ആവശ്യംപോലെ വരുന്ന പൈപ്പുകൾ, വാഷ്ബേസിനുകൾ, കണ്ണാടികൾ എന്നിവയടക്കംചെയ്ത വലിയൊരു മുറി, കക്കൂസ് എന്നിവയെല്ലാം ഇതിലുണ്ട്. വിഭവസമൃദ്ധമായ യൂറോപ്യൻമട്ടിലുള്ള

35476 35475

ഊണിന്നും, കാപ്പി, ചായ, ശീതളപാനീയങ്ങൾ എന്നി വയ്ക്കും പുറമെ, ബീർ, വൈൻ, ജിൻ, വിസ്കി എന്നീ ലഹരിപദാർത്ഥങ്ങളും ഇടയ്ക്കിടയ്ക്കു യാത്രക്കാൎക്കു സല്ക്കരിച്ചി രുന്നു. യാത്രക്കാരുടെ ആവശ്യങ്ങളന്വേഷിക്കാൻ ചെറു പ്പക്കാരികളായ ആതിഥേയികൾ രണ്ടാളുണ്ടായിരുന്നു ഈ വിമാനത്തിൽ. ചുരുക്കത്തിൽ ആധുനികയാത്രാസുഖസൗ കര്യങ്ങൾ പലതും നിറഞ്ഞതും, എന്നാൽ ജലനിരപ്പിൽ നിന്നും 16000 അടിയോളം ഉയരത്തിൽ പറക്കുന്നതുമായ ഹോട്ടലുകളാണ് ഇത്തരം വിമാനങ്ങളെന്നു പറയണം. ഭൂമിയിൽനിന്നും 3 നാഴികയിലേറെ ഉയരത്തിൽ ആകാ ശത്തിൽവെച്ച്, ഭക്ഷണം പാകം ചെയ്യുകയും, ഉണ്ണുകയും, ഉറങ്ങുകയും, പത്രങ്ങൾ വായിക്കുകയും, ശീട്ടുകളിക്കുകയും മററും ചെയ്യാൻ കഴിയുമെന്നു് ഒരമ്പതുകൊല്ലം മുമ്പു ജീ വിച്ചിരുന്ന ,നമ്മുടെ പൂൎവ്വികന്മാർ സ്വപ്നംകാണുകകൂടി ചെയ്തിരിക്കുമോ?

## ഹൃദയാവൎജ്ജകമായ കാഴ്ചകൾ

ബേറൂട്ടിൽനിന്നുള്ള യാത്ര, മിക്കവാറും സമുദ്രത്തി ന്റെ മീതെത്തന്നെയായിരുന്നതിനാലും ആകാശം മേഘ നിൎമ്മുക്തമായിരുന്നതിനാലും വളരെ രസകരമായിരുന്നു. ബേറൂട്ട വിട്ടു് അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ സൈപ്രസ് ദ്വീപിൻെറ മീതെക്കൂടി പറക്കുകയായി. നാലുഭാഗവും മലകളെക്കൊണ്ടു നിറഞ്ഞ സാമാന്യം വലി യ ആ ദ്വീപ്, ഭൂപടം വരച്ചുകാണിക്കുന്ന ചിത്രങ്ങളിൽ നീലനിറത്തിലുള്ള സമുദ്രത്തിൻെറ നടുവിൽ ഒരു മഞ്ഞ ക്കരയായി വരച്ചിരിക്കുന്ന അതേപോലെത്തന്നെ മുഴവൻ ഭാഗവും 16000 അടി ഉയരത്തിൽനിന്നും വ്യക്തമായി കാണാമായിരുന്നു. അതുപോലെത്തന്നെ അടുത്തുള്ള മററു

പല ചെറിയ ദ്വീപുകളും, സുന്ദരമായി, ഇന്ദ്രനീലമായ സമുദ്രത്തിൻെറ നടുവിലെ പവിഴക്കല്ലുകളെപ്പോലെ തെളിഞ്ഞുകണ്ടിരുന്നു. വാസ്തവത്തിൽ സമുദ്രത്തിൽ കിടക്കുന്ന ദ്വീപുകളുടെ കാഴ്ച—പ്രത്യേകിച്ചു് ഉയരത്തിൽ പറക്കുന്ന ഒരു വിമാനത്തിൽനിന്നു് — അതിസുന്ദരമാണു്. വിമാനമൊന്നുമില്ലാതിരുന്നകാലത്തു നീളവും വീതിയുമെല്ലാം അളന്നു് എത്ര കൃത്യമായി ഈ ദ്വീപുകളുടെ മൊത്തത്തിലുള്ള രൂപം, പണ്ടുള്ളവർ നിശ്ചയിച്ചിരിക്കുന്നുവെന്നു നാമാശ്ചര്യപ്പെട്ടുപോകും. ഇവ അതേപടിയിൽ വിമാനത്തിൽനിന്നു കാണപ്പെട്ടപ്പോൾ വഴിക്കുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളും കാഴ്ചകളുമെല്ലാം വിമാനത്തിലെ നാവികന്മാർ ഉച്ചഭാഷിണിവഴി പറഞ്ഞുതന്നിരുന്നു. വിമാനം നില്ക്കാതെ പിന്നേയും സഞ്ചരിച്ചു പുരാണപ്രസിദ്ധമായ ഏതൻസിൻേറയും, പിന്നെ നേപ്പിൾസിൻേറയും മുകളിൽക്കൂടി പറന്നു് ഉച്ചയ്ക്കു മൂന്നരമണിക്കു് റോമിലെ വിമാനത്താവളത്തിൽ ചെന്നിറങ്ങി.

## പറക്കുന്ന കോട്ടകൾ

66 ആളെക്കയററുന്ന ഒരു വിമാനമെന്നു പറയുമ്പോൾ ഇത്രയധികം ആളുടെ ഘനം എങ്ങനെയാണു ചുമന്നുകൊണ്ടു് ഒരു വിമാനം പറക്കുക എന്നു നാം ആശ്ചര്യപ്പെട്ടേക്കും. എന്നാൽ ഈ 66 ആളും അവക്കു വേണ്ട ഭക്ഷണസാധനങ്ങളും മററു സൗകര്യങ്ങളും എല്ലാം കൂടിയാൽത്തന്നെ ഈ വിമാനത്തിൻെറ 4 എഞ്ചിനുകളിൽ ഒരെഞ്ചിൻെറ നാലിലൊന്നു ഘനമുണ്ടാവില്ല. വാസ്തവത്തിൽ ആകാശത്തുകൂടി പറക്കുന്ന കൂററൻ കോട്ടകളാണു് ഇത്തരം വിമാനങ്ങൾ.

വിമാനത്തിലെ ചില കൂട്ടുകാരെക്കുറിച്ചുകൂടി രണ്ടു

വാക്കു പറയേണ്ടതുണ്ട്. ഏഴെട്ടു യൂറോപ്യന്മാരുണ്ടായിരുന്നവരിൽ മൂന്നുപേർ ബോംബെ മുതല്ക്കു കയറിയവരായിരുന്നു. ചെക്കോസ്ലോവാക്യനും ഫ്രഞ്ചും മാത്രം സംസാരിക്കുന്നവരായിരുന്നതിനാൽ അവരുമായി എൻെറ സംഭാഷണം കഥകളിഭാഷയിൽത്തന്നെ ആകേണ്ടിയിരുന്നുവല്ലോ. കറാച്ചിയിൽനിന്നു ഞാൻ ഒരു പഞ്ചാബിമുസ്ലിം ആണെന്ന് ആദ്യധാരണയിൽ എന്നെ സഹായത്തിന്നേല്പിച്ച് അയച്ച മുഹമ്മദ് അഷ്റോഫ് എന്ന ഒരു വിദ്യാത്ഥിയുണ്ടായിരുന്നു കൂട്ടത്തിൽ. മെട്രിക്കുലേഷൻ പാസ്സായി ഗ്ലാസ്ഗോവിലേക്ക് ഇംഗ്ലീഷ് പഠിക്കാൻ പോകുന്ന അഷ്റോഫിന്ന്, ഇംഗ്ലീഷിൽ 4 വാക്കുള്ള ഒരു വാചകം പറഞ്ഞാൽ അത്ഥം മനസ്സിലാവില്ല. കസ്റ്റംസിലും, മററും മററും വഴിക്കെല്ലാം, അഷ്റോഫിൻെറ ഹിന്ദുസ്ഥാനിയിലും ഇംഗ്ലീഷിലുമായുള്ള ദ്വിഭാഷിയുടെ സ്ഥാനം എനിക്കേറെറടുക്കേണ്ടിവന്നു. ബാങ്കോങ്ങിൽനിന്നും ഇംഗ്ലണ്ടിലേക്കും അമേരിക്കയിലേക്കും ഉപരിവിദ്യാഭ്യാസത്തിന്നു പോകുന്ന നാലഞ്ചു തൈലണ്ടു വിദ്യാത്ഥികളുമുണ്ടായിരുന്നു ഞങ്ങളുടെകൂടെ. അവരോടു രണ്ടുമൂന്നു ദിവസം ഇംഗ്ലീഷു സംസാരിച്ചതുകൊണ്ട്, തൈലണ്ടുഭാഷയുടെ ഉച്ചാരണരീതി എനിക്കു കുറേശ്ശ പഠിഞ്ഞുതുടങ്ങിയിരുന്നു. ഇന്ത്യയിലും ഓരോ സംസ്ഥാനക്കാരുടേയും, ഇംഗ്ലീഷിൻെറ ഉച്ചാരണരീതി ഓരോ തരമാണല്ലോ.

## എന്നെ ആകഷിച്ച യാത്രക്കാരൻ

എന്നാൽ ഇവരൊന്നുമായിരുന്നില്ല എന്നെ ഏററവും ആകഷിച്ച യാത്രക്കാരൻ. ദൽഹിയിൽനിന്നും സെൻഫ്രാൻസിസ്കോവിലേക്ക് ഒരു മടക്കടിക്കററോടുകൂടി യാത്ര ചെയ്തിരുന്ന മുല്ലക്ക്സിങ്ങിനെ എനിക്കൊരിക്കലും മറ

ക്കാൻ കഴികയില്ല. 50 വയസ്സായി താടിയിലെ രോമ ങ്ങൾ കുറേശ്ശ നരച്ചുതുടങ്ങിയ മൂലൂക്കു്സിങ്ങു് പഞ്ചാബി ലെ ജലന്തറിൽനിന്നും വരുന്ന ഒരു സാധാരണ കൃഷിക്കാ രനാണു്. 6 അടി പൊക്കവും, അതിനൊത്ത ശരീരപു ഷ്ടിയുമുള്ള മൂലൂക്കു്സിങ്ങിനു പഞ്ചാബിയല്ലാതെ ലോക ത്തിലെ ഒരു ഭാഷയും അറിഞ്ഞുകൂടാ. ഹിന്ദുസ്ഥാനികൂടി മുക്കാലും പഞ്ചാബി ചേർത്തുള്ള ഒരു ഭാഷയായേ സംസാ രിച്ചുകൂടൂ. അമേരിക്കയിലെ കിഴക്കേക്കരയായ ന്യൂയോ ക്കിൽനിന്നും 2000 നാഴികകൂടി പറന്നിട്ടുവേണം പടി ഞ്ഞാറെ കരയിലുള്ള സെൻഫ്രാൻസിസ്കോവിലെത്തു വാൻ. ദൽഹിയിൽനിന്നും പുറപ്പെട്ടു്, കറാച്ചി, ബസ്രാ, ബേറൂട്ടു്, റോം, പാരീസ്, ലണ്ടൻ എന്നിങ്ങനെ അന വധി സ്ഥലങ്ങളിൽ ഇറങ്ങി, ചിലപ്പോഴൊക്കെ ഒരുദിവ സം താമസിച്ചിട്ടുവേണം അടുത്ത വിമാനം കയറി യാത്ര തുടൻുപോകുവാൻ. കസ്റ്റം, വിസ, പാസ്പോർട്ട്, നാണ്യ ങ്ങളുടെ സ്റ്റേറ്റ്മെൻററ് എന്നിങ്ങനെ എഴുതിക്കൊടുക്കുക, പരിശോധനക്കു വിധേയനാകുക തുടങ്ങിയ ധൃതിയിൽ ചെയ്യേണ്ട ആയിരം കാര്യങ്ങളുണ്ടു് പലേടത്തുംവെച്ചു് ഈ യാത്രയിൽ. എന്തെങ്കിലും വിഷമം വന്നാൽ ആൾ അപരിചിതമായ അന്യരാജ്യത്തു തങ്ങിപ്പോകാൻ എളു പ്പമാണു്. എന്നാൽ മൂലൂക്കു്സിങ്ങിന്നാകട്ടെ ഈവക യാതൊന്നിനെപ്പററിയും ഒരാശങ്കകൂടിയുണ്ടായിരുന്നില്ല. ഞാൻ ഇടയ്ക്കൊക്കെ സഹായിച്ചിരുന്നതിനെപ്പററി വി രോധമില്ലെന്നല്ലാതെ, അതിന്നുവേണ്ടി ഒരിക്കലും ആവ ശ്യപ്പെട്ടിരുന്നില്ല. 16വയസ്സായ ചെറുക്കനായ അഷ് റോഫാകട്ടെ എൻെറ പിന്നിൽനിന്നും വിട്ടുപോയിരുന്നി ല്ല. എന്നാൽ മൂലൂക്കു്സിങ്ങു്, ഞാൻ കൂടെ പോകാത്ത വേറെ ഹോട്ടലിൽ പോയി താമസിച്ചിരുന്നപ്പോഴും,

കസ്റ്റം തുടങ്ങിയ പരിശോധനകളു തനിയെ വിധേയനായ പ്പോഴും എല്ലാം വിഷമംകൂടാതെ കഴിച്ചു പുറത്തും സമയ ത്തും വന്നിരുന്നു. തീർച്ചയായും, പഞ്ചാബിപോലും എഴു താൻകൂടി അറിയാത്ത, എന്നാൽ ലോകത്തിലെന്തിനോടും മല്ലിട്ടു ജയിക്കുവാനും ഏതൊരു പുതിയ രാജ്യത്തും ചെന്നു പാളയമടിച്ചു താമസിക്കുവാനും, അനായാസം കഴിയു മെന്നു കരുതുന്ന മൂലൂക്കു്സിങ്ങിൻെറ പൂർവ്വപിതാമഹന്മാ രാണു്, ഇന്ത്യയിലും ഇന്തൊണേഷ്യയിലും, ചൈനയി ലും, ജപ്പാനിലും, അഫ്ഘാനിസ്ഥാനിലും, ഇറാക്കിലും എന്നല്ലാ, അന്നറിഞ്ഞിരുന്ന ലോകത്തിൻെറ നാനാഭാഗ ത്തേക്കും ഇന്ത്യയുടെ സംസ്കാരം കൊണ്ടുപരത്തിയതും ഇന്ത്യക്കാരെ അവിടെയെല്ലാം കൊണ്ടു താമസിപ്പിച്ചതും ഇന്ത്യയുടെ കൊടി അന്നത്തെ ലോകത്തിൽ ഏററവും ഉയരത്തിൽ പറപ്പിച്ചതും എന്നു ഞാനോർത്തുപോയി. എ ന്തിനേയും മല്ലിട്ടു ജയിക്കുവാനുള്ള ആ ധൈര്യവും സ്ഥൈ ര്യവും മനഃസ്ഥിതിയും ക്ഷയിച്ചു് അവനവൻെറ വീട്ടിനു കത്തും ജാതികളും ഉപജാതികളും ഉണ്ടാക്കി കോട്ടകെട്ടി അച്ചിനെപ്പോലെ ജീവിക്കാൻ തുടങ്ങിയതോടുകൂടി നാം അധഃപതിച്ചു.

മൂലൂക്കു്സിങ്ങ് സെൻഫ്രാൻസിസ്കോവിലുള്ള വലിയ ഒരു കൃഷിക്കാരനായിരുന്ന തൻെറ സഹോദരൻ ഒരപകടത്തിൽപ്പെട്ടു മരിച്ചതിനാൽ ലക്ഷക്കണക്കിലുള്ള അയാളുടെ സ്വത്തുക്കൾ തിട്ടപ്പെടുത്തി അതു വില്ക്കുകയോ മററാ ചെയ്തു മടങ്ങുവാൻവേണ്ടി പോകുകയായിരുന്നു. അവിടെ വേറെയും സർദാർമാരുള്ളതുകൊണ്ടു്, അവിടെ ചെന്നുപെട്ടാൽ വിഷമമില്ല. മൂലൂക്കു്സിങ്ങിൻെറ കാര്യ ങ്ങൾ ഈ യാത്രയിൽ എങ്ങനെയാണു നടക്കുന്നതു്, അ യാൾ വിഷമിക്കില്ലേ, അയാൾ അപകടത്തിലാകുമോ

35476

എന്നൊക്കെ ആലോചിച്ചിരുന്ന എന്നോടു് അയാൾ ഇടയ്ക്കു കാണുമ്പോൾ ചോദിക്കാറുണ്ടു് — എനിക്കു സുഖമല്ലേ, എന്റെ കാര്യങ്ങൾ ശരിക്കു നടക്കുന്നില്ലേ എന്നു്! ഞാൻ റോമിൽ ഇറങ്ങി, മൂല്യക്കു്സിങ്ങിനോടു യാത്രപറഞ്ഞപ്പോൾ എനിക്കു പറയാൻ തോന്നിയതു്, ഓ മൂല്യക്കു്സിങ്ങു്, നിങ്ങളുടെ വംശം വർദ്ധിക്കട്ടെ എന്നു മാത്രമാണു്.

## V

## "വായുമാർഗ്ഗം സഞ്ചരിക്കരുതു്"

അങ്ങനെ മൂന്നുദിവസം നീണ്ടുനിന്ന വിമാനയാത്ര അവസാനിച്ചു. കയറിയ നാലു വിമാനങ്ങളിൽവെച്ചു് ഏററവും സൗകര്യമുണ്ടായിരുന്നതു് ബേറൂട്ടിൽനിന്നു കയറിയ 66 ആളെ കയററുന്നതും ഉറങ്ങുവാൻ തീവണ്ടിയിലും മററും ഉള്ളപോലെ മുകളിൽ ഒരു തട്ടുകൂടി ഉള്ളതുമായ സ്വർണ്ണപ്പരുന്തു് (ഗോൾഡൻ ഈഗിൾ) എന്നു പേരായ ക്ലിപ്പർ വിമാനമായിരുന്നു എന്നതിനു സംശയമില്ല. കാലത്തു് 9½ മണിമുതൽ വൈകുന്നേരം മൂന്നുമണിവരെയുള്ള സമയം മുഴുവൻ നല്ല തെളിഞ്ഞ ആകാശത്തിൽക്കൂടി ബേറൂട്ടിൽനിന്നും റോംവരെ മിക്കവാറും മദ്ധ്യധരണ്യാഴിയുടെ മീതേക്കൂടി പറന്നിരുന്നതിനാൽ, ഇടയ്ക്കിടയ്ക്കുള്ള കൊച്ചുകൊച്ചു ദ്വീപുകളും കടലും മനോഹരമായ കാഴ്ചകളായിരുന്നു. കറാച്ചിയിൽനിന്നു കയറിയ 54 ആളെ കയററിയിരുന്ന ക്ലിപ്പർവിമാനം, ഒരെഞ്ചിൻ കേടുവന്നിട്ടാണു് ഇറാക്കിൻെറ തലസ്ഥാനമായ ബാഗ്ദാദിൽ ഇറങ്ങേണ്ടിവന്നതെന്നു പറഞ്ഞുവല്ലോ. ആ വിമാനം കേടുതീർക്കാൻ കഴിയാത്തതിനാൽ, ഇറാക്കി എയർവേയ്സുകാരിൽ

35476 35475

നിന്നും കടംവാങ്ങി ഓടിച്ചു് 28 ആളെ കയറ്റി ബാഗ്ദാദിൽനിന്നും ബേറൂട്ടവരെ കൊണ്ടുപോയ വൈക്കിങ്ങ് വിമാനമായിരുന്നു ഏറ്റവും സൗകര്യംകുറഞ്ഞതെന്നു പറയണം. അതിലെ കസേരകൾ ഇഷ്ടംപോലെ ചരിച്ചു ചാരുകസേരകളാക്കാൻ കഴിയുന്നവയായിരുന്നില്ല. മാത്രമല്ല, പകൽമുഴുവൻ ബാഗ്ദാദ് വിമാനത്താവളത്തിലെ ഇരുമ്പു പഴുക്കുന്ന ചൂടിൽ കിടന്നിരുന്ന ആ വിമാനം രാത്രി 9 മണിക്കു ഞങ്ങൾകയറിയപ്പോഴും കസേരയും ഇരിപ്പിടവും അതിലെ വായുവും അതിലേക്കു് അന്തരീക്ഷത്തിൽനിന്നു വരുന്ന വായുവും മുഴുവൻ അസുഖകരമായതരത്തിൽ ചൂടുള്ളതുതന്നെയായിരുന്നു. ക്ലിപ്പർവിമാനങ്ങളെല്ലാം നാലെഞ്ചിൻവീതമുള്ളവയാകയാൽ ഒന്നോ, രണ്ടുഭാഗത്തുനിന്നും ഓരോന്നായി രണ്ടോ എഞ്ചിൻ കേടുവന്നാലും പിന്നേയും അവ നടത്താം. എന്നാൽ ഈ രണ്ടെഞ്ചിൻമാത്രമുള്ള വൈക്കിങ്ങ്പോലെയുള്ള വിമാനത്തിലെ ഒരെഞ്ചിൻ കേടുവന്നാലത്തെ അവസ്ഥ ഓക്കുവാൻ ആ സമയത്തു ഞങ്ങളിൽ പലരും നിർബ്ബന്ധിതരായിരുന്നു. എന്തെന്നാൽ അങ്ങനെ ഒരവസ്ഥ കഴിഞ്ഞതാണല്ലോ ഞങ്ങളിതിൽ കയറിയതു്. എന്നെ സംബന്ധിച്ചാണെങ്കിൽ ഞാൻ ബോമ്പെയിൽനിന്നും പോരുംമുമ്പു്—കഴിഞ്ഞ ഞായറാഴ്ച (ജൂലായ് 12-ാംനു-)യിലെ ടൈംസ് ഓഫ് ഇന്ത്യാപത്രത്തിലെ, 'ഈ ആഴ്ച നിങ്ങൾക്കു സഞ്ചരിക്കണമെങ്കിൽ തീർച്ചയായും വായുമാർഗ്ഗം സഞ്ചരിക്കരുതു്' എന്നു് ഒരു താക്കീതായിരുന്നു. ജ്യോത്സ്യത്തിൽ എനിക്കു വിശ്വാസമുണ്ടായിരുന്നില്ലെങ്കിലും ആ ആഴ്ചതന്നെ വായുവിൽ സഞ്ചരിക്കേണ്ടിവരികയും, അതിലിടയ്ക്കു് ഒരു വിമാനത്തിൻ്റെ എഞ്ചിൻ കേടുവന്നു വഴിക്കിറങ്ങേണ്ടിവരികയും ചെയ്തിരുന്നതിനാൽ രണ്ടെഞ്ചിനുള്ള ഇറാക്കി

എയർവേയ്സുകാരുടെ വൈക്കിങ്ങ്വിമാനത്തിലിരുന്നു്, ബാഗ്ദാദിൽനിന്നു ബേറൂട്ടിലെത്തുന്നവരെയുമുള്ള മൂന്നു മണിക്കൂർ മററു പലരേയുംപോലെ സുഖമായി ഉറങ്ങാൻ എനിക്കു കഴിഞ്ഞില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അതിൻെറ ഒരു കാരണം, ബാഗ്ദാദിൽനിന്നു ഞങ്ങൾ പോരുംമുമ്പുണ്ടായിരുന്ന പാർട്ടിയിൽവെച്ചു ബീർമുതൽ വിസ്കിവരെയുള്ള ഒന്നും ഞാൻ കുടിച്ചിട്ടില്ലെന്നുള്ളതായിരിക്കണം.

## റോം വിമാനത്താവളത്തിൽ

ഏതായാലും ബേറൂട്ടിലും ബേറൂട്ടിൽനിന്നും റോം വിമാനത്താവളത്തിലും വന്നിറങ്ങിയതോടുകൂടി കാര്യങ്ങൾ പകുതിയും സമാധാനമായി. റോമിൽ നല്ല തണുപ്പായിരിക്കുമെന്നും കമ്പിളിവസ്ത്രങ്ങൾ ധരിക്കേണ്ടിവരുമെന്നുമാണു വഴിക്കു പലരും ധരിപ്പിച്ചിരുന്നതു്. എന്നാൽ ഉച്ചയ്ക്കു മൂന്നുമണിക്കു റോമിൽ വന്നിറങ്ങിയപ്പോഴും, തൃശ്ശൂരും കോഴിക്കോട്ടും മററും വേനല്ക്കാലത്തു നട്ടുച്ചയ്ക്കുള്ളത്ര ചൂടുണ്ടായിരുന്നു. 95 ഡിഗ്രി ആയിരുന്നുവത്രെ രണ്ടുമൂന്നു ദിവസമായി അവിടത്തെ പകലത്തെ ചൂടു്. പാസ്പോർട്ടും വിസയും കസ്റ്റംസ്പരിശോധനയും കഴിഞ്ഞു മൂന്നരയ്ക്കു ഞങ്ങൾക്കു പുറത്തിറങ്ങാൻ കഴിഞ്ഞു. എയർവേയ്സുകാരുടെ ആഫീസിലേക്കുള്ള ബസ്സിൽ കയറിയപ്പോൾ തന്നെ റോമിൻെറ പ്രത്യേകതകളിൽ ഓരോന്നനുഭവപ്പെട്ടുവാൻ തുടങ്ങി. എയർ ഓഫീസുകാരുടെ ഒരു ബസ്സിൽ കയറി അവരുടെ നഗരത്തിലുള്ള എയർപോർട്ടാഫീസിലെത്തിക്കുവാൻ ഞങ്ങൾക്കു് ഓരോരുത്തക്കും 500 ലിറ (ലിറ—ഇററാലിയൻ നാണ്യം)യുടെ ഓരോ ടിക്കററു വാ

ണ്ടേണ്ടിയിരുന്നു. മററു രാജ്യങ്ങളിലെല്ലാം ഈ യാത്രയ്ക്കു പ്രത്യേകം പണം കൊടുക്കേണ്ടിവരാറില്ല.

വൈകുന്നേരം നാലുമണിക്കു ജനോവയ്ക്കു പോകുവാനുള്ള തീവണ്ടി രാത്രി 10 മണിക്കായിരുന്നതിനാൽ നാലഞ്ചുമണിക്കൂർ റോം ചുററിക്കാണുവാൻ തീർച്ചയാക്കി. ഞാനും മീററുകാരൻ ഒരു ശ്രീവസ്തവയും അങ്ങനെ ഞങ്ങൾ രണ്ടുപേരുണ്ടായിരുന്നു. ജനോവയ്ക്കു പോകുവാൻ ഞങ്ങളുടെ ബുക്കിങ്ങ് ഏജൻറായ അമേരിക്കൻ എക്സ്പ്രസ്സ് കമ്പനി ഉദ്യോഗസ്ഥൻെറ സഹായത്തോടുകൂടി അവിടെയൊക്കെയന്വേഷിച്ചിട്ടും ഇംഗ്ലീഷറിയുന്ന ഒരു ടാക്സിഡ്രൈവറെ ഞങ്ങൾക്കു കണ്ടുകിട്ടാൻ കഴിഞ്ഞില്ല. അതിനാൽ ഇററാലിയൻമാത്രം സംസാരിക്കുന്ന ഡ്രൈവറുടെ കൂടെ റോമിലെ കാഴ്ചസ്സവാരി തുടങ്ങി.

ആദ്യംതന്നെ ജനറൽ പോസ്റ്റാഫീസിൽ പോയി വീട്ടിലേക്കും എഡ്യൂക്കേഷനൽ ഫൗണ്ടേഷനും, ഞങ്ങൾ റോമിൽ വന്നെത്തിയെന്ന വിവരത്തിന്നു കത്തെഴുതിയിടുകയാണുണ്ടായതു്. റോമിലെ തെരുവുകൾ ബോംബെനഗരത്തിലെ തെരുവുകൾപോലെ വിശാലവും ഉയൎന്ന കെട്ടിടങ്ങളെക്കൊണ്ടു നിറഞ്ഞവയുമായിരുന്നു. ഉയൎന്ന കെട്ടിടങ്ങളെ മാത്രം നോക്കിയാൽ അതു കല്ക്കത്തയോടാണു കൂടുതൽ സാമ്യം വഹിച്ചിരുന്നതെന്നു പറയണം. എന്നാൽ വൃത്തിയിലും അഴകിലും, അതു ബോംബെയേക്കാളും ലക്നോവിനേക്കാളും ന്യൂദൽഹിയേക്കാളുംതന്നെ മേന്മയുള്ളതായിരുന്നു. റോമിലെ പള്ളികളും പുരാതനങ്ങളായ കെട്ടിടങ്ങളും ചുറ്റിക്കണ്ടതിൽ പ്രധാനങ്ങളായവ ഇന്നത്തെ സ്റ്റേഡിയത്തിൻെറ സ്ഥാനത്തു പണ്ടത്തെ റോമക്കാർ അടിമകളെ സിംഹത്തിന്നുമുമ്പിൽ ഇട്ടുകൊടുത്തു പൊരുതിപ്പിച്ചു് ആ യുദ്ധം കണ്ടു രസിച്ചിരുന്ന കൊളോസിയം,

റോമിലെ ഭരണാധികാരികൾ സമ്മേളിച്ചിരുന്നതും, സീസറിൻെറ വധസ്ഥാനവുമായ സെനററ് ഹൗസ്, സീസറിൻെറ ശവവും വെച്ചുകൊണ്ടു്, മാൎക്ക് ആൻറണി തന്റെ പ്രസംഗംകൊണ്ടു ജനങ്ങളെ ഇളക്കിവിട്ട സ്ഥലം, പോൾ പുണ്യാളൻ, പത്രോസ് പുണ്യാളൻ എന്നിവരുടെ പള്ളികൾ, പോപ്പിൻെറ തലസ്ഥാനമായ വത്തിക്കാൻ, റോമിലെ പണ്ടത്തെ ക്രിസ്ത്യാനികൾ ശവം മറവുചെയ്തിരുന്ന കാത്തക്കുംബെ, ടൈബർനദിയുടെ ഇരുവശത്തുമുള്ള തെരുവുകൾ, മുസ്സലോനിയോടു ബന്ധപ്പെട്ട സ്ഥലങ്ങൾ എന്നിവയായിരുന്നു. ഇവയിൽ ചിലതിനെക്കുറിച്ചെങ്കിലും രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു.

**കൊളോസിയം**

ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന കൊളോസിയം ഇന്നും ലോകത്തിലെ വലിയ കളികൾക്കായുള്ള സ്റ്റേഡിയത്തിന്നു് ഏതാണ്ടൊരു മാതൃകതന്നെയാണെന്നു പറയാം. ഉയൎന്നുയൎന്നു് അനവധി തട്ടുകളിലായി നാനാഭാഗത്തും റോമിലെ ഉയൎന്ന സമുദായത്തിൽപ്പെട്ട കാഴ്ചക്കാൎക്കു് ഇരിക്കുവാൻ വെണ്ണക്കല്ലുകൊണ്ടു നിൎമ്മിച്ച കല്പടകളോടും എല്ലാററിന്നും മീതെയായി, മഴപെയ്യുന്നുണ്ടെങ്കിൽ ഒരു വിരിപന്തൽപോലെ തട്ടികയിട്ടുവാനുള്ള സൗകൎയ്യത്തോടുംകൂടിയതാണു് കൊളോസിയം. അതിന്റെ താഴെ സിംഹങ്ങളെ ഇട്ടിരുന്ന കൂട്ടുകളായിരുന്നു. കൂട്ടിൽനിന്നും പുറത്തുവന്ന സിംഹം ചാടിപ്പോകാതെ അതിന്നുനേൎക്കു വിട്ടുകൊടുത്ത അടിമയുമായി യുദ്ധംചെയ്യുവാൻ ഇരുപുറവും ഉയൎന്ന മതിലായുള്ള കിടങ്ങുകൾപോലെയുള്ള പഴുതുകളാണു നിലത്തു മുഴുവൻ. ചരിത്രപരമായ പല കഥകളും

കൊള്ളുന്നതാണു കൊളോസിയത്തിന്റെ ചില പടിവാതിലുകൾ.

ക്രിസ്തുമതം റോമിലെ ഭരണാധികാരികളുടെ മതമായി സ്വീകരിക്കപ്പെട്ടുന്നതിന്നുമുമ്പ്, റോമിൽ ക്രിസ്ത്യാനികളായി മതംമാറി ജീവിച്ചിരുന്നവരെ പലതരം യാതനകൾക്കും വിധേയരാക്കിയിരുന്നു. ഒളിച്ചും, മറ്റുള്ളവരെ തങ്ങളുടെ സാന്നിദ്ധ്യത്തെക്കറിച്ചറിയിക്കാതെയും വേഷം മാറിയും മററുമാണ് അവർ ജീവിച്ചിരുന്നതു്. തങ്ങളിൽ മരിച്ചവരുടെ ശവം മറവുചെയ്യുവാനാകട്ടെ അവക്കു പ്രത്യേകമായൊരു സ്ഥലവും ഉണ്ടായിരുന്നില്ല. അതിനാൽ അവർ ആരും കാണാതെ ശവങ്ങൾ ഒളിപ്പിച്ച് നഗരത്തിലെ ഒരു വിജനപ്രദേശത്തു ഭൂമിക്കടിയിൽ ഗുഹകളുണ്ടാക്കി അവിടെ മറവുചെയ്തുപോന്നു. ഒരു ഭാഗത്തുള്ള ഗുഹകൾ കഴിയുമ്പോൾ അതിന്നു താഴെ മറ്റൊരു തട്ടുണ്ടാക്കി അതിൽ ശവങ്ങൾ മറവുചെയ്യാൻ തുടങ്ങി. ഇങ്ങനെ താഴെക്കുതാഴെയായി മൂന്നുനില തട്ടുകളിൽ ആദ്യത്തെ ക്രിസ്ത്യാനികൾ, ഇന്നു കത്തോലിക്കാമതത്തിൻെറ കേന്ദ്രസ്ഥാനമായ വത്തിക്കാനിരിക്കുന്ന റോംനഗരത്തിൽ തന്നെ തങ്ങളുടെ ശവങ്ങൾ ഒളിച്ചു മറവുചെയ്തിരുന്ന സ്ഥലങ്ങൾ വീണ്ടും കണ്ടുപിടിച്ചു സൂക്ഷിക്കപ്പെട്ടിട്ടുള്ളവയാണ് കാത്തക്കുംബാ എന്ന ശവസംസ്കാരഭൂമി. ക്രിസ്ത്യാനികളുടേതല്ലാതെ, അതിന്നു മുമ്പുള്ളവർ ശവങ്ങൾ, ഈജിപ്തിലെ മമ്മികൾപോലെ മരുന്നുകൾ ചേർത്തു കേടുവരാതെ സൂക്ഷിച്ചിരിക്കുന്നവയും മറ്റും ഈ കൂട്ടത്തിലുണ്ടു്. ഭൂമിക്കടിയിൽക്കൂടി ഗുഹാദ്വാരങ്ങളുണ്ടാക്കിയവയിൽക്കൂടി പോയിവേണം ഈ ശവസംസ്കാരസ്ഥലങ്ങളിലേക്ക് എത്തുവാൻ.

പള്ളികളിൽവെച്ച് ഏറ്റവും പ്രധാനപ്പെട്ട പോൾ

പുണ്യാളൻേറയും, പത്രോസ് പുണ്യാളൻേറയും പള്ളികളാണ്. ഇതിൽ ആദ്യത്തേതു് (സെൻറ് പോൾസ് കത്തിഡ്രൽ) ഏതാനും കൊത്തുപണികളും ചിത്രപ്പണികളും ഉള്ള സാമാന്യം വലുതായ ഒരു പള്ളിയാണ്. എന്നാൽ റോമിലെ ഏറ്റവും പ്രധാനമായ കാഴ്ചസ്ഥലം പത്രോസ് പുണ്യാളൻെറ പള്ളിയാണ്.

## ഏഞ്ചലോവിൻെറ കലാവിരുതുകൾ

ദൽഹിയിലെ ജുമാമസ്ജിദ്പോലെ ഉയൎന്ന ഒരു സ്ഥലത്തു കയറിച്ചെല്ലാനുള്ള അനവധി കല്പടകൾ കെട്ടി അതിന്നു മീതെയാണ് ഭീമാകാരമായ ആ പള്ളി പണിതിരിക്കുന്നതു്. വിശാലമായ അതിൻെറ ഉള്ളിലെ നാനാ ഹാളുകളിലെ ചുമരുകൾ മുഴുവൻ ക്രിസ്തുവിൻെറ ചരിത്രത്തിലെ നാനാ ചിത്രങ്ങളെക്കൊണ്ടലങ്കരിച്ചിരിക്കുന്നു. പ്രതിമകളായും ചിത്രപ്പണികളായും, അതിമനോഹരവും വിദഗ്ദ്ധവുമായ കലാവിദ്യയാണ് അതിന്നകത്തു മുഴുവൻ കിടന്നു തുളുമ്പുന്നതു്. വെണ്ണക്കല്ലിൽ അനേകം നൂററാണ്ടുകൾ മുമ്പ് കൊത്തിയിരിക്കുന്ന ആ പ്രതിമകളെല്ലാം തന്നെ കലാകാരൻ ഉദ്ദേശിച്ചിരുന്ന അതേ വികാരംതന്നെ ഇന്നും സ്ഫുരിക്കുന്നവയാണെന്നു പറഞ്ഞാൽ അതിലൊരതിശയോക്തിയുമില്ല. പല ചുളിവുകളോടും മടക്കുകളോടുംകൂടിയിട്ടിരിക്കുന്ന ഒരു കമ്പിളി അതേപടി വെണ്ണക്കല്ലിൽ കൊത്തിയിരിക്കുന്നതു് എന്നെ പ്രത്യേകം ആകൎഷിച്ചവയിലൊന്നാണ്. അതിൽ കൈകൂപ്പി നില്ക്കുകയും മുട്ടുകുത്തിനില്ക്കുകയും മററും ചെയ്യുന്ന പ്രതിമകൾ അതിന്നനുയോജ്യംതന്നെ. പള്ളിയുടെ നടുവിൽ ഒരറ്റത്തു പോപ്പിന്നിരിക്കുവാൻ, രണ്ടുഭാഗത്തുനിന്നും, വ്യാളീമുഖങ്ങളാലും മററും താങ്ങപ്പെട്ടുനില്ക്കുന്ന വലുതായ ഒരു

സിംഹാസനമുണ്ടു്. ദൽഹിയിൽ ചെങ്കോട്ടയിൽ ഷാജഹാൻ ചക്രവത്തിക്കിരിക്കുവാൻ പണിയിച്ച മയൂരസിംഹാസനത്തിൻെറ ആഭാടത്തോട്ടും ഗാംഭീര്യത്തോട്ടുംകൂടി ത്തന്നെയാണു് ഈ സിംഹാസനത്തിൻേറയും പണി. പ്രസിദ്ധ കലാകാരനായ മൈക്കേൽ ഏഞ്ചലോവിൻെറതാണു് ഇതിലെ ചിത്രങ്ങളും പ്രതിമകളും പലതും. മൈക്കേൽ ഏഞ്ചലോവിൻെറ കലാവിരുതിൻെറ മകുടമാണിക്യം എന്നു കരുതപ്പെട്ടുന്നതാണു് പള്ളിയിലുള്ള മോസസ്സിൻെറ ചിത്രം. ആകപ്പാടെ സെൻറ്പീറ്റേർസ് പള്ളിയിലെ പ്രതിമകളുടേയും ചിത്രങ്ങളുടേയും അമൂല്യതയും അനന്തതയും കാണുമ്പോൾ, ഒരിന്ത്യൻ സന്ദർശകൻ തീച്ച്യയായും അജന്തയിലേയും എല്ലോറയിലേയും, വിശ്വവിഖ്യാതങ്ങളായ കലാവേലകളെക്കുറിച്ചോത്തുപോകുന്നതാണു്. ഭൗതികമായ എന്തെങ്കിലും പ്രതിഫലത്തേയോ പ്രശസ്തിയേയോ ഇച്ഛിക്കാതെ, അഭൗമവും അത്യുന്നതവുമായ ഏതോ ലക്ഷ്യംവെച്ചു്, അതിൽത്തന്നെ തൻെറ ആത്മസാക്ഷാൽകരണത്തിന്നുവേണ്ടി ചില കലാകാരന്മാർ തങ്ങളുടെ ആത്മാക്കളിൽത്തന്നെ തൂലിക മുക്കി വരച്ചിട്ടുള്ളവയാണു്, ഈ രണ്ടു സ്ഥലങ്ങളിലേയും കലാസമ്പത്തുകൾ. അത്യുത്തമമായ കലാസൃഷ്ടികൾക്കു പ്രചോദനം ലഭിക്കുവാൻ അത്യുന്നതങ്ങളായ ലക്ഷ്യങ്ങൾതന്നെ വേണമെന്നു തോന്നിപ്പോകും നമുക്കിവ കാണുമ്പോൾ.

## ടൈബർനദി

ചരിത്രവും ഇംഗ്ലീഷ് സാഹിത്യവും പഠിച്ചിട്ടുള്ള വിദ്യാത്ഥികളെല്ലാം റോമിനേയും അവിടത്തെ നിരവധി പുരാതനകഥകളേയും സ്ഥലങ്ങളേയുംകുറിച്ചോക്കുന്നുണ്ടായിരിക്കും, അക്കൂട്ടത്തിൽ ടൈബർനദിയെപ്പറ്റി കേട്ടിട്ടി

ല്ലാത്തവർ ആരും ഉണ്ടായിരിക്കയില്ല. നദിയുടെ ഇരുപുറത്തുമായി നഗരം നില്ക്കുന്നതിനാൽ അതിൻെറ മീതെക്കൂടി അടുത്തടുത്തായി പല സ്ഥലത്തും വെച്ചു പാലങ്ങൾ പണിതിട്ടുണ്ടു്. ടൈബറിലെ ഉല്ലോലകല്ലോലങ്ങളോടു മല്ലിട്ടെതിൎത്തു നീന്തിക്കടന്ന വീരശൂരപരാക്രമിയാണു് ജൂലിയസ് സീസർ എന്നും മററും അദ്ദേഹത്തെക്കുറിച്ചു പ്രകീൎത്തനങ്ങളുണ്ടു്. അതിനാൽ റോമിൽ വന്നാൽ ടൈബർ നദിയൊന്നു കാണാതെ ആരും മടങ്ങിപ്പോവുകയില്ല. എന്നാൽ വെറും 50 വാരയോളമോ അതിൽ കുറവോ വീതിയുള്ള ഒരു തോടു കണ്ടിട്ടു് ഇതുതന്നെയാണു ടൈബർ നദിയെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്കു വളരെ വിഷമമുണ്ടായിരുന്നു. അതിൻെറ ഇരുപുറത്തും മതിൽ കെട്ടിയുയൎത്തി മതിലിന്നപ്പുറം റോഡും വീടുമുള്ളതുകൊണ്ടു വൎഷത്തിലും അതിന്നു വീതി ഒട്ടും കൂടുവാൻ സാദ്ധ്യതയില്ല.

## VI

റോം നഗരം ഇന്ത്യയിലെ പല പുരാതന നഗരങ്ങളേയുംപോലെ പുരാതന ചരിത്രാവശിഷ്ടങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. യൂറോപ്പുകാർ അവരുടെ ചരിത്രവും സംസ്കാരവും റോമിൽനിന്നു തുടങ്ങുന്നതായി കണക്കാക്കുന്നതിനാൽ, റോമാചരിത്രവും, റോമിലെ പുരാതനവസ്തുക്കളേയും അവശിഷ്ടങ്ങളേയും കുറിച്ചുള്ള വിവരങ്ങളും യൂറോപ്പിലേയും അമേരിക്കയിലേയും ജനങ്ങൾക്കെല്ലാമറിയാം. അതിനാൽ റോമിൽ ഈ രാജ്യങ്ങളിൽനിന്നു സദാ വന്നുപൊയ്ക്കൊണ്ടിരിക്കുന്ന സന്ദൎശകൎക്കു്, ഈവക സ്ഥലങ്ങൾ കാണുവാൻ പ്രത്യേക കൗതുകവും, അവയുടെ ചിത്രങ്ങളും, ആവക സ്ഥലങ്ങൾ അവർ സന്ദൎശിച്ചതിൻ്റെ

ചില സ്മാരകങ്ങളും കൊണ്ടുപോകാൻ അവക്കു വലിയ താൽപര്യവുമുണ്ടു്. ഇതിന്റെ ഫലമായി യാത്രക്കാക്കു നല്ല വാനുള്ള ചിത്രങ്ങൾ, കൊച്ചു സ്മാരകങ്ങൾ എന്നിവ യുണ്ടാക്കുന്ന വ്യവസായങ്ങൾ, ഇററലിയിലെ റോം, ഫ്ളോറെൻസ്, നേപ്പിൾസ് എന്നീ പുരാതന നഗരങ്ങളിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ പുരാതന ചരിത്രത്തേയും സംസ്കാരത്തേയുംകുറിച്ചുള്ള വിവരങ്ങൾ ലോകത്തിൽ കൂടുതൽ പ്രചരിക്കുകയും, യാത്രാസൗകര്യങ്ങൾ നമ്മുടെ നാട്ടിൽ കൂടുതൽ വദ്ധിക്കുകയും ചെയ്യുന്നതോടെ, സന്ദശ്കക്കുവേണ്ടിയുള്ള ഇത്തരം വ്യവസായങ്ങൾ ഇന്ത്യയിലെ അനവധി സ്ഥലങ്ങളിൽ അഭിവൃദ്ധിപ്പെടുവാൻ സാദ്ധ്യതയുണ്ടു്.

ഏതാണ്ടു് ഇന്ത്യയെപ്പോലെത്തന്നെ, ഇററലിയും യൂറോപ്പിൽവെച്ചു താരതമ്യേന ദരിദ്രമായ ഒരു രാജ്യമായതിനാൽ, കളവു്, ചതി, തട്ടിപ്പു്, പററിക്കൽ എന്നിവ റോമിലെന്നല്ലാ, ഇററലിയിലെ പല നഗരങ്ങളിലും സാധാരണയാണു്. ഞങ്ങളുടെ ടാക്സിക്കാരൻതന്നെ, യാത്രകഴിഞ്ഞു്, അരമണിക്കൂറോളം വാഗ്വാദം നടത്തിയിട്ടും ഞങ്ങളെ നൂറുകണക്കിന്നു 'ലിറ' (ഇററാലിയൻ നാണ്യം) കൾ വെട്ടിച്ചിരുന്നു.

അവിടത്തെ ദാരിദ്ര്യത്തിൻെറ തെളിവിന്നു്, ഞങ്ങളുടെ ഒരു സഹവിദ്യാത്ഥിയുടെ അനുഭവംതന്നെ വിവരിക്കാം. തലേദിവസം രാത്രി അയാൾ ജനോവാനഗരത്തിൽ വന്നെത്തി. പിറേറന്നുകാലത്തു് അയാൾക്കു കപ്പൽ കയറാൻ പോകേണ്ടിയിരുന്നു. ഇറ്റാലിയൻ ഭാഷ ഒട്ടും പരിചയമില്ലാതിരുന്നതിനാൽ രാത്രി റയിൽവേ വെയ്റ്റിംഗ് റൂമിൽത്തന്നെ കഴിച്ചുകൂട്ടാമെന്നു കരുതി പെട്ടിയും സാമാ

നങ്ങളുമൊക്കെ അവിടെവെച്ചു്, ഒരു കസേരയിൽ നമ്മു ടെ സുഹൃത്തു് ചാരി കിടപ്പായി. പക്ഷേ, മണി 12 ആയ പ്പോഴേക്കും, റയിൽവെ പോലീസുകാർ വന്നു കലശൽ കൂട്ടിയതിൽനിന്നും ഇനി അവിടെ ഇരിക്കാൻ പാടില്ലെ ന്നും പുറത്തു് എവിടെയെങ്കിലും ഹോട്ടലിൽ പോകണ മെന്നുമാണു പറയുന്നതെന്നു് അദ്ദേഹം കഷ്ടിച്ചു മനസ്സി ലാക്കി. അദ്ധരാത്രിക്കു് ആ അപരിചിതമായ നാട്ടിൽ ഹോട്ടലും അന്വേഷിച്ചു പുറപ്പെട്ടു. ഒരു ടാക്സിക്കാരനോടു് ആംഗ്യം കാണിച്ചു് ഒരുവിധം ഒരു ഹോട്ടലിൽ കൊണ്ടു ചെന്നു വിട്ടു. 600 ലിറ (ഏതാണ്ടു് 5 ക.) കൊടുത്തു് ഒരു മുറിയെടുത്തു് അയാൾ അവിടെ കിടക്കാൻ നോക്കു കയായി. അപ്പോൾ ഒരു 'പെൺപിറന്നവൾ' വന്നു വാ തില്ക്കൽ മുട്ടി അകത്തേക്കു കടന്നുവന്നു. നമ്മുടെ വിദ്യാ ൎത്ഥി കാൎയ്യമൊന്നും മനസ്സിലാകാതെ ആംഗ്യം കാണിച്ചു് അവരെ പുറത്താക്കി വാതിലടച്ചു. 5 മിനിട്ടിനകം, ഒരു പുരുഷനും, ആ സ്ത്രീയും വീണ്ടും കടന്നുവന്നു. ആ വിദ്യാ ൎത്ഥി പ്രത്യേകം പണം കൊടുക്കേണ്ടെന്നും, അയാൾ കൊ ടുത്ത 600 ലിറയിൽ അതുൾപ്പെട്ടുവെന്നും, ഒരുവിധം ആഗതൻ അയാളെ പറഞ്ഞു മനസ്സിലാക്കി. ബോമ്പെ യിൽനിന്നുതന്നെ കപ്പൽ തെററി, വിഷമിച്ചു കഷ്ടിച്ചു കൃത്യസമയത്തു ജനോവയിലെത്തിയിരുന്ന ആ വിദ്യാ ൎത്ഥി, പിറേറദിവസത്തെ കപ്പലെങ്ങനെയെങ്കിലും, തനി ക്കൊന്നു കിട്ടിയാൽ മതിയെന്നു പറഞ്ഞു്, ഒരുവിധം അവരെ രണ്ടുപേരേയും പിടിച്ചു പുറത്താക്കി വാതില ടച്ചു കിടന്നുറങ്ങിയത്രെ.

ഇററാലിയൻഭാഷ അറിയാതിരുന്നതുകൊണ്ടും ഇംഗ്ലീഷറിയാവുന്നവരെ അവിടെ കണ്ടുകിട്ടാൻ വലിയ വിഷമമായതുകൊണ്ടും റോമിലെ പ്രധാന തീവണ്ടിസ്റ്റേ

ഷനിൽവെച്ച ജനോവയിലേക്ക പോകുന്ന തീവണ്ടി ഏതു പ്ലാററ്ഫോറത്തിൽനിന്ന് എപ്പോഴാണ പുറപ്പെടുന്നതെന്നറിയാൻ ഞങ്ങൾ രണ്ടുമണിക്കൂറോളം കഷ്ടപ്പെടേണ്ടിവന്നു.

അവസാനം വണ്ടി പുറപ്പെടുന്നതിൻെറ എട്ടുപത്തു മിനിട്ടുമുമ്പ് പ്ലാററ്ഫോറത്തിൽ വന്നെത്തി വണ്ടിയിൽ പിടിച്ചുകയറാൻ തുടങ്ങി. രാത്രി പത്തരമണിമുതൽ പിറേറന്നു കാലത്ത് ഏഴരമണിവരെ സഞ്ചരിക്കാനുള്ള ദൂരമുണ്ട് റോമിൽനിന്നു ജനോവയിലേക്ക്. ഞങ്ങൾക്ക് മൂന്നാംക്ലാസ്സ് ടിക്കററാണ് ഉണ്ടായിരുന്നത്. ഞാനും എൻെറ കൂട്ടുകാരനും, എങ്ങനെയെങ്കിലും ഒന്നുറങ്ങണമല്ലോ എന്നു കരുതി, സ്ഥലമൊഴിവുള്ള മുറികളന്വേഷിച്ച് ഒരററംമുതൽ നടന്നുതുടങ്ങി. ഒടുവിൽ വണ്ടി പുറപ്പെടുന്നതിന്നു് അഞ്ചുമിനിട്ടുമുമ്പ്, പെട്ടികൾ വണ്ടിയിലേക്ക വലിച്ചുകയററി. ഞങ്ങൾക്ക രണ്ടുപേക്കും നില്ക്കാൻ മാത്രമുള്ള സ്ഥലമാണ കിട്ടിയതു്. ഇന്ത്യയിലെ മൂന്നാം ക്ലാസ്സ് തീവണ്ടിമുറികളിലെ സ്ഥലസൗകയ്യാദികളുടെ കുറവിനെക്കുറിച്ച പലപ്പോഴും ഞങ്ങൾ കുററം പറയാറുണ്ട്. എന്നാൽ കല്ക്കത്താ–ദൽഹി, ദൽഹി–ബോമ്പെ, ബോമ്പെ–മദ്രാസ്, മദ്രാസ്–കല്ക്കത്താ എന്നീ നീണ്ട യാത്രകൾ ചെയ്യുന്ന തീവണ്ടികളിലേതിലും, ഇരിക്കുന്നതിന്നുമുകളിൽ രണ്ടു തട്ടുകളുള്ളതിനാൽ എങ്ങനെയെങ്കിലും മിക്കപേക്കും കിടന്നുറങ്ങാൻ സ്ഥലം കിട്ടാറുണ്ട്. എന്നാൽ, മുകളിൽ കനംകുറഞ്ഞ പെട്ടികൾ വെക്കാൻ ഒരു വലക്കൂട്ടുപോലെയുള്ള ഒരു തട്ടുമാത്രമുള്ള ഈ ഇററാലിയൻതീവണ്ടിയിൽ, അനവധിപേർ നടക്കാനുള്ള ഇടപ്പുഴുതുകളിൽ പെട്ടികൾ വെച്ച് അതിന്മേൽ ഇരിപ്പും, പലരും നിലത്തു കിടപ്പും കണ്ടപ്പോൾ, ഇന്ത്യയിലെ

മൂന്നാംക്ലാസ്സുയാത്രക്കാരൻെറ സൗകര്യം ഇതിലും എത്രയോ മെച്ചപ്പെട്ടതാണെന്നു ഞങ്ങൾക്കു തോന്നി.

നിന്നും, പെട്ടികളിലിരുന്നും ഇടഞ്ഞു് അട്ടത്തിരിക്കുന്ന ഇററാലിയൻയാത്രക്കാരോട്ട്, കഥകളിഭാഷയിൽ ആശയവിനിമയം ചെയ്തും, അങ്ങനെ, ഇററാലിയൻ തീവണ്ടിയിലെ മൂന്നാംക്ലാസ്സ് യാത്രക്കാരന്റെ സുഖസൗകര്യം ഒരു രാത്രി മുഴുവൻ തികച്ചും അനുഭവിച്ചു് പിറേറന്നു കാലത്തു് ജനോവയിലെത്തിച്ചേർന്നു. പുറത്തു വന്ന ഉടനെ റെയിൽവേസ്റ്റേഷനിൽ ബോമ്പെയിൽനിന്നു കപ്പലിൽ പോന്ന ഞങ്ങളുടെ പല കൂട്ടുകാരേയും കണ്ടെത്തി. രാത്രി മുഴുവൻ ഇരുന്നും നിന്നും കഴിച്ചതിനാൽ ക്ഷീണംതീക്കാൻ ഒന്നു കുളിച്ചു്, 10 മണിക്കു പുറപ്പെടുന്ന കപ്പലിലേക്കു തുറമുഖത്തേക്കു പുറപ്പെടാനൊരുങ്ങി. അപ്പോഴാണു്, ഇററലിയിലെ, എന്നല്ല പല യൂറോപ്യൻരാജ്യങ്ങളിലേയും, തീവണ്ടിസ്റ്റേഷനിലെ മറെറാരേർപ്പാടിനെക്കുറിച്ചറിയാനിടയായതു്. റെയിൽവേസ്റ്റേഷനിലെ കുളിമുറിയിലൊന്നു കുളിക്കണമെങ്കിൽ 50 ലിറ കൂലി കൊടുക്കണമെന്നു്.

കൃത്യസമയത്തു് നല്ല വേഷത്തിൽ തുറമുഖത്തു് ഞങ്ങൾ ചെന്നുചേർന്നു. അവിടെ ബോമ്പെയിൽനിന്നു കപ്പലിൽ കയറിയ ഞങ്ങളുടെ കൂട്ടുകാരെയെല്ലാം കണ്ടെത്തി. ബോമ്പെയിൽനിന്നുള്ള 'ചാട്ടം പിഴച്ച' ഞങ്ങൾ രണ്ടുപേരെപ്പോലെ, വേറെ ഒരാളുംകൂടി വിമാനംവഴി വന്നു് അന്നു്, ജനോവയിൽ വന്നുചേർന്നിരുന്നു.

ചുങ്കം, പാസ്സ്പോർട്ട്, കപ്പൽടിക്കറ്റ് മുതലായ പല പരിശോധനകൾക്കുശേഷം, ഞങ്ങളോരോരുത്തരായി കപ്പലിൽ കയറി. ഇററലിയിൽനിന്നു് അമേരിക്കയിലേക്കു പോകുന്ന അനവധി യാത്രക്കാരും ആ കപ്പലിൽ

ത്തന്നെ കയറിയിരുന്നു. ഇറ്റാലിയൻയാത്രക്കാരെ, യാത്ര യയക്കുവാൻ അവരുടെ ബന്ധുക്കളും സ്നേഹിതന്മാരുമായി പലരും തുറമുഖത്തു വന്നിരുന്നു. സന്ദർശകരോടു്, കപ്പലിൽനിന്നു പുറത്തുപോകുവാനുള്ള അവസാനത്തെ മുന്നറിയിപ്പു നല്കി. വേർപെടുന്ന ഭാര്യാഭർത്താക്കന്മാരും, കാമുകീകാമുകന്മാരും, കെട്ടിപ്പിടിക്കലും ചുംബനങ്ങളും കഴിച്ചു് കപ്പലിലും കരയിലുമായി വേർപെട്ടു. കരയിൽനിന്നു കപ്പലിലേക്കു ഘടിപ്പിച്ചിരുന്ന പാലം, കരയിലേക്കുതന്നെ വലിച്ചുമാറ്റി. കപ്പലിന്റെ എഞ്ചിനുകൾ 'ചകചക' പാടിത്തുടങ്ങി. സാവധാനം കപ്പൽ നീങ്ങിത്തുടങ്ങുകയായി. കരയിൽ, യാത്രയയക്കുവാൻ വന്ന ബന്ധുജനങ്ങൾ, കൈലേസുപാറിക്കലും കൈവീശലും, ചിലർ കണ്ണീരുവാക്കലുമായി—അതൊരു വലിയ വേർപാടുരംഗമായിരുന്നു. സാവധാനം കപ്പൽ നീങ്ങിത്തുടങ്ങി. പച്ചക്കുന്നുകളും, അവയുടെ മുകളിൽനിന്നും, തുറമുഖത്തെ അതിവീക്ഷിച്ചിരുന്ന മാളികകളുമുള്ള ജനോവതുറമുഖവും ക്രമേണ ഞങ്ങളെ വിട്ടകന്നുതുടങ്ങി. ഞങ്ങളുടെ കപ്പലിന്നു വഴികാണിച്ചിരുന്ന, തുറമുഖത്തെ 'വഴികാട്ടിവഞ്ചി' (പൈലട്ട് ബോട്ട്) കപ്പൽ തുറമുഖം വിട്ടു പുറംകടലിൽ വന്നതോടെ മടങ്ങിപ്പോയി. ഞങ്ങളുടെ കപ്പൽ, എല്ലാ എഞ്ചിനുകളും മുറുക്കി നടക്കാൻ തുടങ്ങിയതിനാൽ, നല്ല മുറുകിയ താളംപിടിച്ചുകൊണ്ടു്, മുന്നോട്ടു് ശീഘ്രഗതിയിൽ പ്രയാണം തുടങ്ങി.

## VII

## എസ്. എസ്. കോൺസ്റ്റിട്യൂഷൻ

1000 യാത്രക്കാരെ സകല സുഖസൗകര്യങ്ങളോടും കൂടി കയററിക്കൊണ്ടുപോകാവുന്നതും 30000 ടൺ ഭാരമുള്ളതുമായ യാത്രക്കപ്പലാണ് എസ്. എസ്. കോൺസ്റ്റിട്യൂഷൻ. ഏററവും ആധുനികങ്ങളായ എല്ലാ സൗകര്യങ്ങളോടുംകൂടി ഒരു കൊല്ലംമുമ്പുമാത്രം പണിതീർത്തിറക്കിയ ഒരമേരിക്കൻ യാത്രക്കപ്പലാകുന്നു ഇതു്. ചുവട്ടിൽ എ. ബി. സി. എന്നു മൂന്നു ഡെക്കുകളും, മുകളിൽ മൂന്നു ഡെക്കുകളുമായി ആകെ 6 ഡെക്കുകൾ അതിലുണ്ടു്. ചുവട്ടിലുള്ള ബി.യും സി.യും ഡെക്കുകളിലാണ് ടൂറിസ്റ്റ് ക്ലാസ്സിലുള്ള യാത്രക്കാരുടെ മുറികളെല്ലാം. എ. ഡെക്കിലാണ്. ഊണിനുള്ള ഹാൾ, പാചകശാല, ഷേവിങ് സലൂൺ, ഷാപ്പ്, തുടങ്ങിയവയെല്ലാം. അതിന്നുമുകളിലത്തേതിൽ, ടൂറിസ്റ്റ് ക്ലാസ്സ് യാത്രക്കാർക്ക് ഇരിക്കുവാനും, കളിക്കുവാനുമുള്ള ഹാൾ, മേശകൾ കസേരകൾ മുതലായവയും, ലഹരിപദാർത്ഥങ്ങൾ പാനീയങ്ങൾ മുതലായവ വില്ക്കുന്ന 'ബാറും' മററും. അതിന്നുമുകളിലെ ഏററവും ഉയന്ന ഡെക്കിൽ ഒന്നാംക്ലാസ്സ് യാത്രക്കാക്കുള്ള മുറികളും പണിതിരിക്കുന്നു.

ആദ്യമായിത്തന്നെ ഓരോരുത്തരും അവനവന്റെ മുറിയിലെ അഥവാ കാബിനിലെ സാധനങ്ങളും സൗകര്യങ്ങളും പരിശോധിച്ചു. നന്നാലാളുകൾക്കുള്ള മുറികളാണ് ടൂറിസ്റ്റ്ക്ലാസ്സിൽ മിക്കവയും. 10 അടിയോളം നീളവും അത്രതന്നെ വീതിയും 7½ അടി പൊക്കവുമുള്ളവയാണ് ഈ മുറികൾ അഥവാ കാബിനുകളോരോന്നും. ഇതിൽ രണ്ടു ബർത്തുകളിലായി നാലു കിടക്കവിരിച്ച കട്ടിലു

കൾ ഉണ്ടു്. പുറമെ നന്നാലു വലിപ്പുകളുള്ള രണ്ടു കബോർഡുകൾ, കോട്ടു് മുതലായവ തൂക്കിയിടുവാൻ സ്റ്റാണ്ടുകളോടുകൂടി 4 അലമാരകൾ, ഒരു വലിയ ചുമർകണ്ണാടി, ചൂടുവെള്ളവും തണുത്ത വെള്ളവും വേറെവേറെയും ഇഷ്ടംപോലെ കൂട്ടിച്ചേർത്തും വരുത്താവുന്ന രണ്ടു പൈപ്പുകളടക്കമുള്ള ഒരു വാഷ്ബേസിൻ, അതിന്നുമീതെ ഒരു കണ്ണാടി, ഓരോ ബെഡ്ലൈററു്, മുറിയിലെ പ്രധാനവിളക്കു് എന്നിവയെല്ലാം ഈ മുറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. 60 മുതൽ 80 വരെ മുറിയിലെ ഉഷ്ണാവസ്ഥയെ ഇഷ്ടംപോലെ മാററാവുന്ന ഏർപ്പാടുകളും അതിനകത്തുണ്ടു്. ഇത്രയൊക്കെ സൗകര്യങ്ങളുണ്ടെങ്കിലും അകത്തു സൂര്യപ്രകാശം വരാത്തതിനാൽ കാബിന്നകത്തു പകലും രാത്രിയും തിരിച്ചറിയില്ലെന്നുമാത്രം. അതിനാൽ മുകളിലെ ഡെക്കിലോ, ടൂറിസ്റ്റ്ക്ലാസ്സ് യാത്രക്കാരെല്ലാം ഇരിക്കാനുള്ള പൊതുസ്ഥലമായ ലൗഞ്ച് എന്ന ഹാളിലോ ഉറങ്ങാത്ത സമയമെല്ലാം യാത്രക്കാർ നേരംപോക്കുപറഞ്ഞു കഴിക്കുന്നു.

എൻെറ മുറിയിലെ നാലുപേർ മൂന്നു മലയാളികളും ഒരു വടക്കെ ഇന്ത്യക്കാരനുമായിരുന്നു. ഞാൻ, തിരുവിതാംകൂർ സർവ്വകലാശാലയിൽ തിരുവനന്തപുരത്തു് ചരിത്രം അദ്ധ്യാപകനായ ശ്രീധരമേനോൻ, ദൽഹിയിൽ സസ്യശാസ്ത്രത്തിലെ അദ്ധ്യാപകനായ നാരായണസ്വാമി, അവിടത്തെ ഊർജ്ജതന്ത്രവിദ്യാർത്ഥിയായ മി. നന്ദ എന്നിവരാണു് അവർ. ഇവരിൽ നന്ദയൊഴികെ മററുള്ളവരെല്ലാരും തമ്മിൽ നേരത്തെ പരിചയമുള്ളവരായിരുന്നു. ബോമ്പെയിൽവെച്ചു് കപ്പൽ കയറുംമുമ്പു് പലതവണ തമ്മിൽ കാണുകയും ചെയ്തിരുന്നു.

19-ാംനു ഉച്ചയ്ക്കു് ഊണുകഴിഞ്ഞു് എല്ലാവരും

ലൗഞ്ചിൽ ചേൎന്നു സ്റ്റ്റാത്ത്മൂർ കപ്പലിൽ അവൎക്കുണ്ടായ അനുഭവങ്ങളും റോമിലെ യാത്രകളും വിവരിക്കുകയായിരുന്നു. ഈ കപ്പലിൽ അമേരിക്കയിലേക്കുപോകുന്ന ഇന്ത്യൻ വിദ്യാൎത്ഥികൾ 45 പേരുണ്ടായിരുന്നു. അതിൽ 42 പേർ ബോംബെയിൽനിന്നും സ്റ്റ്റാത്ത്മൂറിൽ പുറപ്പെട്ടവരാണു്. ഞാൻ, ശ്രീവസ്തവ, മോഹനൻനായർ എന്നിങ്ങനെ മൂന്നുപേരാകട്ടെ വിമാനംവഴി റോമിൽ വന്നെത്തിച്ചേരുകയും അവിടന്നു വീണ്ടും ജനോവയിലെത്തി ജനോവയിൽവെച്ചു് വീണ്ടും കപ്പലിൽ മററുള്ളവരുമായി കൂടിച്ചേരുകയും ചെയ്തവരാണു്. അതിനാൽ മാർസെയിൽസ് വരെയുള്ള കഥകൾ പലതും മററുള്ളവൎക്കു ഞങ്ങളോടും ഞങ്ങളുടെ യാത്രാവിവരങ്ങൾ അവരോടും പറയാനുണ്ടായിരുന്നു.

അന്നുച്ചതിരിഞ്ഞു് 4 മണിക്കു കപ്പൽ ഫ്രാൻസിലെ കാൻ എന്ന തീരത്തിന്നടുത്തെത്തി. അവിടെ തുറമുഖത്തു കപ്പലടുക്കാത്തതിനാൽ ഇറങ്ങുവാനും കയറുവാനുമുള്ള യാത്രക്കാർ ബോട്ടുവഴി കപ്പലും കരയുമായി ഗതാഗതം നടത്തിയിരുന്നു. ഒരു മണിക്കൂർനേരത്തോളം കപ്പലവിടെ നിന്നതിന്നുശേഷം, മനോഹരങ്ങളായ ആ ഫ്രെഞ്ചുതീരങ്ങളെവിട്ടു്, ജിബ്രാൾട്ടറിനെ ലക്ഷ്യമാക്കി കപ്പൽ യാത്രതുടൎന്നു.

### ഭക്ഷണത്തിൻെറ കാൎയ്യം

ഭക്ഷണത്തിന്നുള്ള സ്ഥലം നിശ്ചയിക്കുന്ന ടിക്കററുകൾ അന്നു് വിതരണം ചെയ്യപ്പെട്ടു. കാലത്തു് 8 മണിക്കു പ്രാതൽ, ഉച്ചയ്ക്കു 12 മണിക്കു് ഊണു്, വൈകുന്നേരം 6 മണിക്കു് ഊണു് എന്നിങ്ങനെ ദിവസം മൂന്നുപ്രാവശ്യമാണു് കപ്പലിലെ ഭക്ഷണം. ഇതു് ആദ്യത്തെ പന്തി.

ഇതിന്നുശേഷം ഓരോ മണിക്കൂർ കഴിഞ്ഞു് രണ്ടാമത്തെ പന്തിയുമുണ്ടു്. ഭക്ഷണം തനി സസ്യഭക്ഷണമോ, അല്ലെങ്കിൽ മത്സ്യമാംസാദികൾ കലന്നതോ ആവാം. പക്ഷേ, ഒരു തവണ തിരഞ്ഞെടുത്താൽ, അതേ സ്ഥലം, അതേ പന്തി, സസ്യഭക്ഷണമോ സസ്യേതരമോ എന്ന അതേ രീതി ഇവയെല്ലാം യാത്രകഴിയുന്നതുവരെ അതേപടി തുടരണം. ഞാൻ സസ്യേതരമായ ഭക്ഷണവും 45-ാമത്തെ മേശയുമെടുത്തു. സസ്യഭക്ഷണക്കാരും ധാരാളമുണ്ടായിരുന്നു കൂട്ടത്തിൽ.

20-ാംനു-മുതൽ ഞങ്ങൾക്കു് ഈ കപ്പലിലെ ചിട്ടകൾ പരിചയപ്പെട്ടുതുടങ്ങി. ഭക്ഷണസാധനങ്ങൾ അനവധിയാണു്. മുട്ട, വെണ്ണ, സൂപ്പു് എന്നിവ പലതരത്തിലുണ്ടാക്കിയവയടക്കം 15 ഇനങ്ങളോളമുണ്ടു് കാലത്തു്. ഉച്ചക്കു്, മാംസവും മത്സ്യവുമടക്കം ഇരുപതോളം ഇനങ്ങളും, അത്രതന്നെ രാത്രിയിലുമുണ്ടു്. ഏതെല്ലാം വേണമെന്നു ദിവസേന മാറിമാറി അച്ചടിച്ചുതരുന്ന ലിസ്റ്റിൽനിന്നും തിരഞ്ഞെടുത്തു വിളമ്പനോടു പറയലാണു് ഞങ്ങളുടെ ഭക്ഷണത്തിന്നു മുമ്പിലുള്ള ഏറ്റവും വലിയ പ്രശ്നം. പക്ഷേ, ഏതാനും ദിവസങ്ങൾക്കുശേഷം, പേരുകളിൽനിന്നും ഏതൊക്കെയാണു സാധനങ്ങളെന്നു ഞങ്ങൾക്കു് ഒരുവിധം പരിചയമായി. ഭക്ഷണം കഴിക്കാൻ ഞങ്ങൾ വളരെ മോശമാണെന്നും അമേരിക്കയിലെ പെൺകിടാങ്ങൾകൂടി ഞങ്ങളുടെ മൂന്നിരട്ടി ഭക്ഷണം കഴിക്കുമെന്നും വിളമ്പൻ ഞങ്ങളെ കളിയാക്കിയിരുന്നു. ഞങ്ങളുടെ മൂന്നിരട്ടി ജോലിയെടുക്കാനും കെല്പുള്ളവരാണു് അവരെന്നും അയാൾ തട്ടിവിടാതിരുന്നില്ല. ഇതൊന്നും പിടിക്കാതെ വീട്ടിൽനിന്നും കൊണ്ടുവന്നിട്ടുള്ള ചട്ടിണിപ്പൊടി, ചമ്മന്തിപ്പൊടി, ഉപ്പിലിട്ടവ എന്നിവ കൂട്ടി എന്തെങ്കിലും

കുറച്ചുകഴിച്ചു പോകുന്നവരും ഞങ്ങളുടെ കൂട്ടത്തിൽ ചില രുണ്ടായിരുന്നു.

ചുവന്ന വൈൻ, പാല്, കാപ്പി, ചായ, വെണ്ണ, പലതരം ജാം എന്നിവ ഊണിൻെറ പൊതു ഇനങ്ങളാണ്. മറ്റു സാധനങ്ങളിലാണ് വൈചിത്ര്യം. സ്പൂണും ഫോക്കും കത്തിയും പിടിക്കുമ്പോൾ, രണ്ടും മൂന്നും തവണ നിലത്തു വീഴുന്നവരും കൂട്ടത്തിലില്ലാതെയില്ല. മറ്റു ലഹരി പദാൎത്ഥങ്ങളൊന്നും കഴിച്ചില്ലെങ്കിലും വൈനെങ്കിലും കുടിക്കാത്തവരപൂൎവ്വമായിരുന്നു. പോരെങ്കിൽ കപ്പലിൽ വെച്ചു സുഖക്കേടു വരാതിരിക്കുവാൻ നല്ലതാണ് വൈൻ എന്നു ചിലർ തട്ടിമൂളിക്കുകയും ചെയ്തിരുന്നു.

ലൗഞ്ചിൽ ശീട്ടുകളിക്കും ചതുരംഗത്തിന്നും ഏൎപ്പാടുണ്ട്. ടേബിൾടെന്നീസ്, ഷഫീൾബോർഡ് എന്നിവയ്ക്കു ഡെക്കിൻെറ മുകളിലേക്കു പോകണം. എന്തെങ്കിലും കളിച്ചുകൊണ്ടിരിക്കുകയല്ലാതെ വല്ലതും വായിക്കുകയോ, എഴുതുകയോ ചെയ്തുകൊണ്ടിരിക്കുന്നവരാരുംതന്നെ ഉണ്ടായിരുന്നില്ലെന്നു പറയണം. അതിന്നു പററിയതല്ലാ കപ്പലിലെ ചുററുപാടും തുളുമ്പലും.

## ഇന്ത്യൻ വിദ്യാൎത്ഥികൾ

20-ാംനു ഞങ്ങൾ നാലഞ്ചുപേർകൂടി ഈ 45 ഇന്ത്യൻ വിദ്യാൎത്ഥികളെ പലതരത്തിലായി തരംതിരിക്കുവാൻ തുടങ്ങി. കളിപോലെതന്നെ സമയം പോകുവാൻ പററിയ ഒരു പണിയായിരുന്നു അതും. ആ തരംതിരിക്കലിന്റെ ചില വശങ്ങൾ ഇതാ കൊടുക്കുന്നു: 45 ഇന്ത്യൻ വിദ്യാൎത്ഥികളിൽ 10 പേർ സ്ത്രീകളാണ്. 35 പേർ പുരുഷന്മാരും. ഇന്നയിന്ന സൎവ്വകലാശാലകളിൽനിന്നു വന്ന

വർ എന്നും നോക്കിയതിൽ ഏററവുമധികം പ്രാതിനിദ്ധ്യം കിട്ടിയിരിക്കുന്നതു ദൽഹി സർവ്വകലാശാലക്കാർക്കാണ്. അവിടെനിന്ന് 6 പേരുണ്ട്. മററുള്ളേടങ്ങളിൽനിന്നെല്ലാം നാല്, മൂന്ന്, രണ്ട് എന്നീ കണക്കിലേ ആളുകളുള്ളു. വന്നിരുന്ന വിദ്യാർത്ഥികളെ അവരുടെ സംസ്ഥാനമനുസരിച്ച്, അഥവാ ഭാഷയനുസരിച്ച്, തരംതിരിച്ചതു് നേരംപോക്കുള്ളതായിരുന്നു. ഈ കണക്കിൽ ഏറ്റവുമധികം മലയാളികളായിരുന്നു. 45 പേരിൽ 8 പേർ മലയാളികൾ, നാലു തമിഴന്മാർ, മൂന്നു തെലുങ്കന്മാർ, അഞ്ചു കർണ്ണാടകക്കാർ (മംഗലാപുരത്തുകാരൻ ഒരു 'കൊങ്ങിണി' യടക്കം) രണ്ടു മഹാരാഷ്ട്രർ, മൂന്നു ഗുജറാത്തികൾ (രണ്ടു പാർസികളടക്കം) നാലു പഞ്ചാബികൾ, അഞ്ചു ബങ്കാളികൾ, മൂന്ന് ഒറീസ്സക്കാർ, ഒരു രാജസ്ഥാനി, ഏഴു ഹിന്ദിക്കാർ എന്നിങ്ങനെയായിരുന്നു ഭാഷാടിസ്ഥാനത്തിലുള്ള വിഭജനം. പക്ഷേ, ഇവരോരോരുത്തരും അതാതു ഭാഷാപ്രദേശത്തുള്ള സർവ്വകലാശാലയിൽനിന്നു വന്നവരല്ലെന്നു നാമോർക്കണം. ഉദാഹരണമായി 8 മലയാളികളിൽ ശ്രീധരമേനോൻ, മോഹനൻനായർ, മാനുവൽ എന്നിങ്ങനെ മൂന്നുപേർ മാത്രമായിരുന്നു തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നു വന്നിട്ടുള്ളവർ. ബാക്കി അഞ്ചു പേരും പുറത്തുനിന്നാണ്. രാജാ, അണ്ണാമല സർവ്വകലാശാലയിൽനിന്ന്, നാരായണസ്വാമിയും പങ്കജമണിയും ദൽഹിയിൽനിന്ന്, നാരായണൻ സാഗറിൽനിന്ന്, പൈലി പാട്നയിൽനിന്നും അങ്ങനെ അഞ്ചു മലയാളികൾ പുറത്തുനിന്നും മൂന്നുപേർമാത്രം കേരളത്തിൽനിന്നുമായിട്ടാണ് 8 മലയാളിവിദ്യാർത്ഥികളുണ്ടായതു്. പത്ത് വിദ്യാർത്ഥിനികളെ ഒന്നു വിശകലനം ചെയ്തുനോക്കിയതിൽ നാലു ശ്രീമതിമാരും (മിസ്സിസ്) ആറു് കുമാരിമാ

രും (മിസ്സ്) ആയിരുന്നുവെന്നറിയുന്നതു കൗതുകകരമാണ ല്ലോ. ഭാഷാപരമായി അവരേയും തരംതിരിച്ചാൽ ഒരു മലയാളി, രണ്ടു മഹാരാഷ്ട്രർ, രണ്ടു പാർസി, ഒരു ഗുജറാത്തി, രണ്ടു പഞ്ചാബി, രണ്ടു് ഒറീസ്സക്കാർ എന്നിങ്ങനെ പിരിയുന്നതു കാണാം. എന്നാൽ ഇതിൽ ഒരു ഇന്ത്യൻ സ്ത്രീയെന്നു പറഞ്ഞു് പുറത്തേക്കു കാണാൻ കൊണ്ടുപോകാൻ കൊള്ളാവുന്ന ഒരു സ്ത്രീയും അതിലുണ്ടായിരുന്നില്ലെന്നു്, ഞങ്ങൾ ചെറുപ്പക്കാർക്കു തിരഞ്ഞെടുപ്പുകാരോടു് ഒരു ചെറിയ ആക്ഷേപമുണ്ടായിരുന്നുവെന്നും ഞാൻ വായനക്കാരോടു് ഒരു സ്വകാര്യം പറഞ്ഞുകൊള്ളട്ടെ. ആകെയുണ്ടായിരുന്ന 45 പേരിൽ 20 പേരും 'മദ്രാസികൾ' അഥവാ തെക്കെ ഇന്ത്യക്കാരായിരുന്നുവെന്നതു് മറ്റുള്ളവർക്കു് ഉള്ളുകൊണ്ടു തീരെ രസിക്കാത്ത ഒരു കാര്യമായിരുന്നു.

ഇത്രയുമധികം ഇന്ത്യക്കാർ ഒന്നിച്ചു് ഒരു കപ്പലിൽ പോകുന്നതപൂർവ്വമായിരിക്കണം. എന്തായാലും ടൂറിസ്റ്റ് ക്ലാസ്സിൽ ഒരു പ്രധാനഭാഗക്കാർ ഇന്ത്യക്കാർതന്നെയായിരുന്നു. ബാക്കിയുള്ളവർ മിക്കവാറും ഇററലിക്കാരും. ഈ കപ്പൽ ഇററലിയിലെ നേപ്പിൾസ് തുറമുഖത്തുനിന്നു് പുറപ്പെട്ടു്, ന്യൂയോക്കിലേക്കു പോകുന്നതാണു് എങ്കിലും കപ്പലിലെ ഭൂരിഭാഗം യാത്രക്കാരും അമേരിക്കക്കാർതന്നെയാണു്. പക്ഷേ, അവരെല്ലാം മററു രണ്ടുയന്ന ക്ലാസ്സുകളിലുമാണു് യാത്രചെയ്തിരുന്നതു്. അതിനാൽ ടൂറിസ്റ്റ് ക്ലാസ്സ് മിക്കവാറും ഇന്ത്യക്കാരുടെ വിഭാഗമായിത്തന്നെ കാണപ്പെട്ടു.

**രസകരമായ കച്ചവടം**

21-ാംനു കാലത്തു് 7 മണിക്കു് കപ്പൽ മദ്ധ്യധരണ്യാഴിയെ താണ്ടി ജിബ്രാൾട്ടറിൽ ചെന്നുനിന്നു. കര

യിൽനിന്നും ഒരു നാഴികയോളം അകലെയാണു് കപ്പൽ നിന്നിരുന്നതു്. ജിബ്രാൾട്ടറിൽവെച്ചു് കപ്പലിലെ യാത്രക്കാരും നാട്ടുകാരുമായി രസകരമായ ഒരു കച്ചവടം നടക്കുന്നതു കണ്ടു. നാട്ടുകാർ കൊച്ചുകൊച്ചു ബോട്ടുകളിൽ രണ്ടും മൂന്നും പേർ വീതം വന്നു്, അവരുടെ മനോഹരമായ കൈലേസുകൾ, അരപ്പട്ടകൾ മുതലായ സാധനങ്ങളുടെ വില യാത്രക്കാരോടു പറഞ്ഞിരുന്നു. വെള്ളത്തിലേക്കു നോക്കി നില്ക്കാവുന്ന രണ്ടു ഡക്കുകളുള്ളവയുടെ രണ്ടിൻെറയും വക്കത്തു തിണ്ടുകളിന്മേൽ പിടിച്ചു് താഴെ 50-60 അടിയോളവും മുകളിലെ ഡക്കുകളിലാണെങ്കിൽ അതിലധികവും താഴെയുള്ള ജലനിരപ്പിലേക്കു നോക്കിക്കൊണ്ടാണു് യാത്രക്കാർ നിന്നിരുന്നതു്. താഴെ കപ്പലിൻെറ ചുററും അറുപതെഴുപതു ബോട്ടുകൾ ഒന്നൊന്നായി തിങ്ങിയും വിങ്ങിയും നില്ക്കുന്നുണ്ടു്. ജിബ്രാൾട്ടർകാരായ ഇവരുമായി എന്തെങ്കിലും ഇടപാടു നടത്തുവാൻ കപ്പലിലെ അധികൃതന്മാക്കു് ഇഷ്ടമില്ല. എന്തെന്നാൽ, എന്തെങ്കിലും രോഗാണുക്കൾ ബാധിച്ച സാധനങ്ങൾ അവർ കപ്പലിലെ യാത്രക്കാക്കു നല്കി ആ വഴി എന്തെങ്കിലും സാംക്രമികരോഗം ഉണ്ടായേക്കാവുന്നതാണല്ലോ എന്നു കരുതി. അതിനാൽ കപ്പലിലെ തീ കെടുത്തുന്ന യന്ത്രത്തിൻെറ രണ്ടുമൂന്നു പൈപ്പുകളിൽനിന്നും, നല്ല ചൂടുള്ള വെള്ളം, കപ്പലിനോടടുക്കുന്ന ബോട്ടുകാരുടെ മേൽ അവർ ശക്തിയിൽ ചാമ്പിവിട്ടിരുന്നു. പക്ഷേ, ബോട്ടുകാക്കതിനോടൊന്നും കൂസലില്ല. വെള്ളം ഒരിടത്തു ചാമ്പിയാൽ ആ ദിക്കിലെ ബോട്ടു പിന്നാക്കം വാങ്ങും. പക്ഷേ, മറ്റൊരിടത്തെ ബോട്ടു് കപ്പലിനോടടുക്കും. അങ്ങനെ കപ്പൽ പോകുന്നതുവരെ—ഒരു മണിക്കൂർനേരം കപ്പൽക്കാർ

വെള്ളം ചാമ്പിനിന്നെങ്കിലും, ബോട്ടുകാർ കച്ചവടം ചെയ്തുകൊണ്ടുതന്നെയിരുന്നു.

കച്ചവടസാധനങ്ങളും പണവും കൈമാറ്റം ചെയ്യുന്ന രീതിയും രസകരമാണു്. ബോട്ടുകാരിൽനിന്നു്—അല്ലെങ്കിൽ ജലനിരപ്പിൽ നിന്നു്—യാത്രക്കാർ നില്ക്കുന്ന ഡെക്കുകളിലേക്കു് 50-ം 60-ം അടി ഉയരമുണ്ടു്. വിലപറഞ്ഞു് ടവലോ മറ്റു സാധനമോ ബോട്ടിൽനിന്നു കാണിച്ചു് ഒരു യാത്രക്കാരൻ വാങ്ങാൻ തീരുമാനിച്ചാൽ ബോട്ടുകാരൻ അതൊരു കെടേച്ചത്തിന്റെ (കോക്കു്) വലിയ കഷ്ണത്തിന്മേൽ മുറുക്കികെട്ടി മുകളിലേക്കെറിയും. മിക്കവാറും അതു തെറ്റാതെ യാത്രക്കാരൻ നില്ക്കുന്ന ഡെക്കിൽ ചെന്നു വീഴും. അഥവാ തെററി ഡെക്കിൽ വീണില്ലെങ്കിൽ കടലിൽ വീണു് വെള്ളത്തിൽ കെടേച്ചം കാരണം പൊന്തിക്കിടക്കും. ഉടനെ ബോട്ടുകാരനു് അതു ചെന്നെടുത്തു് വീണ്ടും എറിയാം. സാധനം കിട്ടിയ യാത്രക്കാരൻ കെടേച്ചത്തിൽ നിന്നും പൊതിയഴിച്ചെടുത്തു്, തന്റെ ഡോളർ നോട്ടു്, പൊതിയുടെ സ്ഥാനത്തു കെടേച്ചത്തിന്മേൽ ചരടുകൊണ്ടു കെട്ടി കടലിലേക്കെറിയുന്നു. ബോട്ടുകാരൻ ഉടനെ ബോട്ടുംതോട്ടു കൊണ്ടുചെന്നു് അതെടുത്തു നോട്ടഴിച്ചെടുത്തു് ഒരൊപ്പുകടലാസ്സിൽ ഒപ്പി സൂക്ഷിക്കുകയായി. കാണാൻ കൗതുകകരമായ ഈ കച്ചവടം ഒരു മണിക്കൂർ നേരത്തോളം ജിബ്രാൾട്ടർകടലിടുക്കിൽവെച്ചു നടന്നു.

സമയം കഴിഞ്ഞപ്പോൾ കപ്പൽ ജിബ്രാൾട്ടർ വിട്ടു മുന്നോട്ടു നീങ്ങിത്തുടങ്ങി. ഒരുഭാഗത്തു് ഉയർന്നുനില്ക്കുന്ന പാറക്കെട്ടുകളുള്ള ജിബ്രാൾട്ടർ, മറുഭാഗത്തു പരന്നുകിടക്കുന്ന ആഫ്രിക്കാവൻകരയുടെ ഇടയ്ക്കുള്ള അത്‌ലാന്തിക്ക് സമുദ്രത്തിൽനിന്നും മദ്ധ്യധരണ്യാഴിയിലേക്കുള്ള കടലിടുക്കിനെ നിയന്ത്രിക്കുന്നു. അഥവാ ജിബ്രാൾട്ടർ അത്‌ലാ

ന്തിക്കിൽ നിന്നും മദ്ധ്യധരണ്യാഴിയിലേക്കുള്ള പടിവാതിലാണെന്നു പറയുന്നതു്, ഈ കടലിടുക്കും പാറക്കെട്ടും കണ്ടാൽ ആക്കും വാസ്തവോക്തിതന്നെയാണെന്നു തോന്നുന്നതാണു്. ജിബ്രാൾട്ടറിൽവെച്ചു് അങ്ങോട്ടുമിങ്ങോട്ടും പോകുന്ന പല കപ്പലുകളേയും ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. ഇതിന്നുമുമ്പു് ജനോവ വിട്ടു് ഇതുവരേയും, മററാരു കപ്പലിനേയും ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. അതിന്നുശേഷവും, ഞങ്ങൾ കയറിയ കോൺസ്റ്റിട്യൂഷൻ എന്ന കപ്പലിൻെറ കൂട്ടുകപ്പലായി അതേ കമ്പനിക്കാരുടേതാണെന്നു പറഞ്ഞ ഇൻഡിപ്പെൻഡെൻസ് എന്ന ഒരു കപ്പൽ മാത്രം രണ്ടുമൂന്നു നാഴിക അകലെക്കൂടി നാലഞ്ചുദിവസം കഴിഞ്ഞിട്ടൊരിക്കൽ കടന്നുപോകുന്നതേ കണ്ടുള്ളു. അല്ലാതെ മററുസ്ഥലത്തു വെച്ചൊന്നും ആയിരക്കണക്കിന്നു നാഴികകൾ നീളവും വീതിയുമുള്ള അത്ലാന്തിക്ക്സമുദ്രത്തിൽ അങ്ങോട്ടുമിങ്ങോട്ടും എപ്പോഴും പൊയ്ക്കൊണ്ടിരുന്ന കപ്പലുകളൊന്നും ഞങ്ങളുടെ അടുത്തുകൂടി പോകുകയുണ്ടായില്ല. അല്ലെങ്കിൽ ഞങ്ങളുടെ ദൃഷ്ടിയിൽപ്പെടത്തക്ക അടുത്തുകൂടി പോയില്ല. അതായതു് ജിബ്രാൾട്ടർപാറയുടെ അധിപന്നു് അത്ലാന്തിക്കിൽനിന്നും ഇന്ത്യാസമുദ്രത്തിലേക്കും ശാന്തസമുദ്രത്തിലേക്കും തിരിച്ചുപോകുന്ന കപ്പലുകളെയെല്ലാം നിയന്ത്രിക്കാമെന്നു താൽപര്യം.

## VIII

### സീ സിക്ക്നസ്സ്

22-ാംനു-യായപ്പോഴേക്കും കപ്പൽ അത്ലാന്തിക്ക് സമുദ്രത്തിലേക്കു നല്ലവണ്ണം നീങ്ങിക്കഴിഞ്ഞു. മദ്ധ്യധര

ണ്ട്യാഴിയിലെ ശാന്തതവിട്ട്, അത്‌ലാന്തിക്ക്‌സമുദ്രത്തിൽ അല്പാല്പമായി പൊങ്ങിമറഞ്ഞിരുന്ന തിരമാലകൾ മുപ്പതിനായിരം ടൺ കേവുഭാരമുള്ള കോൺസ്റ്റിട്യൂഷൻ കപ്പലിനെയിട്ട പതുക്കെപ്പതുക്കെ ചാഞ്ചാടിക്കുവാൻ തുടങ്ങി. അതോടുകൂടി യാത്രക്കാൎക്ക പലക്കും ഛൎദ്ദിയും തലതിരിച്ചലും പിടിപെട്ട കിടപ്പായി. ഇതാണ് കടലിലെ സുഖക്കേട്ട് അഥവാ സീ സിക്ക്നസ്സ് (Sea Sickness) എന്നു പറയുന്നതു്. ജൂലായ് 2-ാംനു സ്ട്രാത്ത്മൂറിൽ കയറി അറബിക്കടലിൽക്കൂടി പോന്നവർ പറകയാണ് ഇതു് നിസ്സാരമാണ് എന്നു്. ഇരുപത്തഞ്ചും മുപ്പതും അടി ഉയരത്തിൽ പൊങ്ങിമറഞ്ഞിരുന്ന അറബിക്കടലിലെ തിരമാലകൾ സ്ട്രാത്ത്മൂർ കപ്പലിനെ അറബിക്കടൽ കടക്കുന്നതുവരെ ഇട്ട കുലുക്കിമറിച്ചിരുന്നുവത്രെ. അതിനാൽ ഛൎദ്ദിയായി രണ്ടും മൂന്നും നാലും ദിവസം; അറബിക്കടലിൽക്കൂടിയുള്ള യാത്രയിൽവെച്ചു കിടക്കാതിരുന്നവർ അപൂൎവ്വമാണ്. ഇവിടെ അത്‌ലാന്തിക്ക്‌സമുദ്രത്തിലെ കുലുക്കം അതിലെ നാലിലൊന്നുകൂടിയില്ലെന്നാണ് അവർ പറയുന്നതു്. എങ്കിലും പലരും ഛൎദ്ദിയിലും കിടപ്പിലുമായി. ഭക്ഷണത്തിന്നു പലരേയും മേശക്കുമുമ്പിൽ കാണാതായി. എന്റെ കാബിനിലെ കൂട്ടുകാരൻ ശ്രീധരമേനോനും ഛൎദ്ദി പിടിപെട്ടു. ഞങ്ങളുടെ കൂട്ടത്തിൽ ശ്രീവസ്തവ എന്ന ഒരു വിദ്യാൎത്ഥിക്കാണ് അതു് ഏററവുമധികരിച്ചതു്. അയാളെ പിന്നെ മൂന്നുദിവസത്തേക്കു കാബിനും കുളിമുറിയും കക്കൂസയും വിട്ട പുറത്തേക്കു കണ്ടിട്ടേ ഇല്ല. വാതില്ക്കലും അവിടെയും ഇവിടെയുമൊക്കെ അത്യാവശ്യം ആരെങ്കിലും ഛൎദ്ദിച്ചിട്ടതു കിടക്കുന്നതും കാണാമായിരുന്നു. എനിക്ക് ഊണുകഴിക്കുമ്പോൾ കുറേശ്ശെ തല വട്ടംകറങ്ങുന്നതായിതോന്നി. നടക്കുമ്പോൾ കാലുറയ്ക്കാതെ കപ്പലിന്റെ

ആട്ടത്തിനൊപ്പം അല്ലെങ്കിൽ അതിൽ കൂടുതലായി ഞാനും ചിലപ്പോഴൊക്കെ ആടുന്നതായും തോന്നിയിരുന്നു. പക്ഷേ, അതിൽക്കൂടുതലായി ഒന്നും ഉണ്ടായില്ല. ഛർദ്ദിച്ചില്ല—മററു കാര്യങ്ങളൊന്നും മുടങ്ങിയതുമില്ല. അറബിക്കടലിൽവെച്ചും ഛർദ്ദിയും സുഖക്കേടും പിടിപെടാത്തവരായും അപൂർവ്വം ചിലരുണ്ടായിരുന്നു. മോഹനൻനായക്കും ഇവിടെവച്ചു വിശേഷമൊന്നും ഉണ്ടായില്ല. മാനുവലിന്നു് അറബിക്കടലിൽവെച്ചും ഛർദ്ദിയൊന്നുമുണ്ടായില്ലത്രെ. എന്റെകൂടെ സാഗർ സർവ്വകലാശാലയിൽനിന്നും പോന്നിരുന്ന ദേശികാചാരി, ഞാൻ ഡെക്കിലേക്കു്, കടൽ, പതിവുപോലെ നോക്കിക്കാണാൻ ചെന്നപ്പോൾ, പുറത്തു് ഛർദ്ദിച്ചു് ഒരു ബെഞ്ചിൽ കിടക്കുന്നതു കണ്ടു. സ്വാമി കപ്പലിലേയും അമേരിക്കയിലേയും ഭക്ഷണം പിടിക്കയില്ലെന്നു കരുതി പലതരം പൊടികളും ഉപ്പിലിട്ടതും കൊണ്ടുവന്ന ആളുകളിൽ ഒന്നാണു്. പക്ഷേ, ഇതൊരു സാരമായ സുഖക്കേടല്ലാ, രണ്ടുമൂന്നു ദിവസംകൊണ്ടു തനിയേ മാറുന്നതാണു്. ഞാൻ മുമ്പു പറഞ്ഞ ശ്രീവാസ്തവയാകട്ടെ, എന്റെകൂടെ വിമാനത്തിലും സഞ്ചരിച്ചിരുന്ന ആളാണു്. വിമാനത്തിൽ 66 യാത്രക്കാർ ഉണ്ടായിരുന്നതിൽ, അയാൾ ഒരാൾ മാത്രമാണു് അവിടെവെച്ചു ഛർദ്ദിച്ചിരുന്നതു്. (Air Sickness). അപ്പോൾ കപ്പലിൽ കിടന്നു് അധികം ഇളകിയാൽ അയാൾ ഛർദ്ദിച്ചു ലഹളയാകുമെന്നു പ്രതീക്ഷിച്ചിരുന്നതുതന്നെയാണു്.

## വാച്ചുകൾ ഒരുമണിക്കൂർ പിന്നാക്കം

കപ്പലിൽനിന്നു നോക്കിയാൽ നാലുഭാഗവും, വൃത്താകൃതിയിൽ ചക്രവാളംവരെ എത്തുന്ന സമുദ്രമല്ലാതെ മറെറാന്നും കാണുവാനില്ല. മീതെ ഇളം നീലനിറത്തിൽ

കമാനാകൃതിയിലുള്ള ആകാശം. താഴെ പരന്നു നിരന്ന് ഇളകിക്കൊണ്ടിരിക്കുന്ന സമുദ്രം. ഇടയ്ക്കിടെ പറന്നുപോകുന്ന ചില കടൽപ്പക്ഷികളോ വെള്ളത്തിൽനിന്നും മേലോട്ടു ചാടിയിരുന്ന മത്സ്യങ്ങളോ അല്ലാതെ ജീവജാലങ്ങളൊന്നും കാണാവുന്നവയുണ്ടായിരുന്നില്ല. കപ്പലിലാകട്ടെ ആയിരത്തോളം പേർ കുളിക്കുകയും, നൃത്തംവെക്കുകയും, ഉണ്ണുകയും, ഉറങ്ങുകയുംചെയ്തു് സമുദ്രത്തിന്റെ മീതെക്കൂടി അങ്ങനെ നീങ്ങിക്കൊണ്ടിരിക്കുന്നു. മണിക്കൂറിൽ 20 മുതൽ 30വരെ നാഴിക വേഗത്തിലാണു് കപ്പൽ ഓടിക്കൊണ്ടിരുന്നതു്. അതിനാൽ ദിവസംതോറും കപ്പൽ 500 മുതൽ 800 വരെ നാഴിക നീളം സമുദ്രത്തെ പിന്നിട്ടു കൊണ്ടിരുന്നു. ഇങ്ങനെ തുടർച്ചയായി പടിഞ്ഞാട്ടു നീങ്ങിക്കൊണ്ടിരുന്നതിനാൽ, 21-ാംനു- കാലത്തു് അത്‌ലാന്തിക്ക്സമുദ്രത്തിൽ കടന്നതിന്നുശേഷം, ദിവസവും രാത്രി 12 മണിക്കു വാച്ചുകൾ ഒരു മണിക്കൂർ പിന്നാക്കം തിരിച്ചുവെക്കേണ്ടിയിരുന്നു.

## ഉല്ലാസനഗരം

കപ്പലിൽ പലതരം വിനോദങ്ങൾക്കും ഏർപ്പാടുകളുണ്ടു്. ശീട്ടുകളി, ചതുരംഗം എന്നിവയ്ക്കുപുറമെ ടെന്നിക്കോയിററ്, പിങ്ങ്പോങ്ങ്, ഷഫിൾബോർഡ് എന്നിവയും ഉണ്ടെന്നു പറഞ്ഞുവല്ലോ. വലിയ കനത്ത പന്തു് ഒരു വട്ടത്തിൽനിന്നു താഴത്തു വീഴാതെ മാറിമാറിപ്പകർന്നു കൊട്ടുത്തും, വെറും കായികാഭ്യാസങ്ങൾ ചെയ്തും, നീന്തുവാനുള്ള കുളത്തിൽ നീന്തിയും പലരും രസിച്ചിരുന്നു. ഊണും പ്രാതലുമെല്ലാം അതാതുസമയത്തു തയ്യാറാകും. പ്രാതലിന്നു് അരമണിക്കൂർ മുമ്പു് 7½ മണിക്കു് ഉണരാനുള്ള വാദ്യങ്ങളാലാപിക്കും. ഉച്ചതിരിഞ്ഞും വൈകുന്നേ

രവും, മിക്കദിവസവും സിനിമയുമുണ്ടു്. രാത്രി മിക്കവാറും എല്ലാ ദിവസവും നൃത്തങ്ങൾ പതിവാണു്. റേഡിയോ വഴി കപ്പലിൽ കിട്ടുന്ന പ്രധാന ലോകവാർത്തകൾ കപ്പലിലെ അച്ചടിയന്ത്രത്തിൽ അടിച്ചു്, ദിവസവും വിതരണംചെയ്യുന്ന നാലുപേജുള്ള ഒരു വർത്തമാനപ്പത്രവുമുണ്ടു്. കുളിക്കാൻ ചൂടുവെള്ളവും തണുത്ത വെള്ളവും യഥേഷ്ടം കിട്ടുന്ന കുളിമുറികൾ, അലക്കുവാൻ ലോണ്ടറി, ഫോട്ടോ എടുത്തു ഡെവലപ്പുചെയ്യുന്ന കപ്പലിലെ ഫോട്ടോഗ്രാഫർ എന്നിങ്ങനെ ഒരു ഉല്ലാസനഗരംതന്നെയാണു് സമുദ്രത്തിന്നുമീതെ പൊന്തിക്കിടക്കുന്ന ഈ കപ്പൽ. രസിച്ചും, വിനോദിച്ചും, കപ്പലിന്നകത്തു നാമിരിക്കുമ്പോൾ, കപ്പൽ മണിക്കൂറിന്നു 30 മൈൽവീതം സമുദ്രത്തെ പിന്നിട്ടു മുന്നോട്ടു പാഞ്ഞുകൊണ്ടിരിക്കുകയാണെന്നുമാത്രം. അതു പോലെതന്നെയാണല്ലോ—വീട്ടിൽ നമ്മുടെ ഗ്രാമത്തിലൊ നഗരത്തിലൊ സ്വസ്ഥമായി താമസിക്കുകയാണെങ്കിലും, ആ പ്രദേശത്തെയെല്ലാം താങ്ങുന്ന നമ്മുടെ ഭൂമി, നിമിഷത്തിൽ 19 നാഴികവീതം സ്ഥലത്തെ പിന്നിട്ടു് അന്തരീക്ഷത്തിൽ മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നതു്.

22-ാംനു-മുതൽ കപ്പലിലെ പല വിനോദങ്ങളുടേയും ടൂർണ്ണമെൻറായിരുന്നു. ശീട്ടുകളിയിൽ ബ്രിഡ്ജു്, കാനിസ്റ്റർ എന്നിവയിലും, ചതുരംഗം തുടങ്ങിയ മററെല്ലാ കളികളിലും ടൂർണ്ണമെൻറുണ്ടായിരുന്നു. ഞങ്ങൾ പലരും ഇവയിൽ മിക്കതിലും പേരുകൾ കൊടുത്തിരിക്കുന്നു. ഈ കളികൾ പലതും കപ്പലിൽ ആദ്യമായാണു പലരും കളിച്ചിട്ടുള്ളതു്. പക്ഷേ, മററു പലരുടേയും അവസ്ഥയും അതുതന്നെയാണു്. പിന്നെ ഇവയെല്ലാം ഒരു വിനോദവുമാണല്ലോ.

കപ്പലിൽ ഔപചാരികമായ നടപടികളൊന്നുമില്ല.

ആക്കും ആരോടും ചെന്നു സംസാരിക്കുകയും ഇടപെടുകയു മാകാം. സ്ത്രീകളായാലും പുരുഷന്മാരായാലും വ്യത്യാസ മില്ല. കളിക്കുവാനും നടക്കുവാനും കൂട്ടുകാരായി വിളിക്കു കയും ചെയ്യാം. അങ്ങനെ എട്ടുപത്തു ദിവസത്തേയോ അതിലധികനാളത്തേയോ പഴക്കമുള്ള പല കൂട്ടുകാരേയും നമുക്കു കപ്പലിൽവെച്ചു കിട്ടും. വിദേശികളായ സ്നേഹിത ന്മാരും സുഹൃത്തുക്കളും ഞങ്ങൾക്കു പലക്കും അങ്ങനെ ഇതിന്നിടയ്ക്കുണ്ടായിക്കഴിഞ്ഞിരുന്നു.

ഞങ്ങളുടെ കപ്പലിൽത്തന്നെ ഗ്രീസുകാരായ മൂന്നു ഫുൾബ്രൈറ്റ് സ്കോളർഷിപ്പുകാരുമുണ്ടായിരുന്നു. ഇംഗ്ലീ ഷ് അവർ തന്നത്താൻ പഠിച്ചിരുന്നതായതുകൊണ്ടു് ഇം ഗ്ലീഷിൽ സംസാരിക്കുവാൻ അവക്കു നന്നെ വിഷമമുണ്ടാ യിരുന്നു. എന്നാൽ ഇന്ത്യാക്കാരായ വിദ്യാത്ഥികൾ, ഭക്ഷ ണം കഴിക്കുന്ന മേശപ്പുറത്തുവെച്ചോ കളിക്കുമ്പോഴോ എ ല്ലാം ഇംഗ്ലീഷിൽത്തന്നെ സംസാരിക്കുന്നതെന്താണെന്നു് ഇററലിക്കാരായ വെയിറ്റർമാർ അത്ഭുതം പ്രദശിപ്പിച്ചു. ഞങ്ങളുടെ വിദ്യാഭ്യാസം ആ ഭാഷവഴിക്കാണെന്നും, ഇ പ്പോഴും ഇന്ത്യയിലെ വിവിധഭാഗക്കാർ തമ്മിൽ ആശയ വിനിമയത്തിന്നുള്ള പൊതുഭാഷ ഇംഗ്ലീഷ്തന്നെയാ ണെന്നും സമ്മതിക്കേണ്ടിവന്നതിൽ ഞങ്ങൾക്കല്പം ലജ്ജ തോന്നാതിരുന്നില്ല. ഹിന്ദിയേയും ഹിന്ദിക്കാരേയുംപറ്റി നാട്ടിൽ എത്രയൊക്കെ കുററം പറഞ്ഞാലും നമുക്കു് എല്ലാ ഇന്ത്യാക്കാക്കും അറിയാവുന്ന ഒരു പൊതു ഇന്ത്യൻഭാഷ യില്ലെന്നു് ഒരു വിദേശീയനോടു സമ്മതിക്കേണ്ടിവരുന്ന തു് അല്പം ലജ്ജാവഹമായ സന്ദഭംതന്നെയാണു്.

ഇററലിക്കാരുടേയും ഗ്രീക്കുകാരുടേയും നിറം, നല്ല വെളുപ്പുള്ള ഇന്ത്യക്കാരേക്കാൾ വളരെ മെച്ചപ്പെട്ടതല്ല. അഥവാ, നല്ല നിറമുള്ള ഒരിന്ത്യക്കാരന്നു താൻ ഇററാലി

യനോ ഗ്രീക്കോ ആണെന്നു പറഞ്ഞാൽ പാസ്സായിപ്പോകാം. എന്നാൽ ഇറ്റാലിയൻ സ്ത്രീകളുടെ നിറം കുറച്ചുകൂടി ചുകപ്പുകലൻന്നതായിരിക്കും. ഇറ്റലിക്കാരും ഒരുവിധം ദാരിദ്ര്യത്തിലുള്ളവരായതുകൊണ്ടു്, ഇന്ത്യക്കാരെപ്പോലെത്തന്നെ ചുരുങ്ങിയ ചെലവുകൊണ്ടു്, ജീവിക്കുവാൻ ശ്രമിക്കുന്നവരായിരിക്കും. അതാണല്ലോ അമേരിക്കക്കാരെല്ലാം ഒന്നാംക്ലാസ്സിലും കാബിൻ ക്ലാസ്സിലുമായിരുന്നപ്പോൾ, ഇററലിക്കാരും ഇന്ത്യക്കാരുമെല്ലാം ടൂറിസ്റ്റ്ക്ലാസ്സിലായിരുന്നതു്.

ഇററലിക്കാരും ഗ്രീക്കുകാരും അമേരിക്കക്കാരുമായി ഞങ്ങൾക്ക് ഓരോരുത്തക്കും പല കൂട്ടുകാരും ഇതിന്നകത്തുണ്ടായി. എന്നാൽ ഇക്കൂട്ടത്തിൽ ഇന്ത്യയിലെ അമേരിക്കൻ അമ്പാസിഡറായിരുന്ന ചെസ്റ്റർ ബൗൾസിൻെറ പുത്രി മിസ്സ് സിന്ധ്യാ ബൗൾസിൻെറ നാമം പ്രത്യേകം പ്രസ്താവ്യമാണ്. പതിനഞ്ചു പതിനാറു വയസ്സായ ആ പെൺകുട്ടി തനിയെ ഇന്ത്യയിൽനിന്നും അമേരിക്കയിലേക്കു മടങ്ങിപ്പോവുകയായിരുന്നു. അച്ഛൻ, അമ്മയോടും മററു കുട്ടികളോടുംകൂടി അമ്പാസിഡർസ്ഥാനം ഒഴിഞ്ഞ ഉടനെതന്നെ ഇന്ത്യയിൽനിന്നും മടങ്ങിപ്പോയി. മിസ്സ് സിന്ധ്യാ ബൗൾസ് ഇന്ത്യയെപ്പററി കൂടുതൽ പഠിക്കുവാനായി വന്ന ഉടനെത്തന്നെ ചെയ്തിരുന്ന പരിശ്രമങ്ങൾ തുടരുകയായിരുന്നു. ആ കുട്ടി, നാലഞ്ചുമാസം പഞ്ചാബിൽ ഒരു ഗ്രാമീണൻെറ വീട്ടിലും, പിന്നീടു സമുദായസേവനംചെയ്തു യു. പി.യിലെ മൂന്നു ഗ്രാമങ്ങളിലും താമസിച്ചിരുന്നു. ഒടുവിൽ എട്ടുമാസത്തോളം ശാന്തിനികേതനത്തിൽ സംഗീതം, ചിത്രമെഴുത്തു്, നൃത്തം തുടങ്ങിയ കലകളും അഭ്യസിച്ചുകൊണ്ടു താമസിക്കുകയായിരുന്നു. കുമാരിയായ മിസ്സ് സിന്ധ്യാ ബൗൾസ്,

ഇപ്പോഴും ഒരു ബാലികയേപ്പോലെ നിഷ്കന്മഷയായി സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്നു. അവൾക്ക് ഹിന്ദി കുറേശ്ശെ സംസാരിക്കുകയും നല്ലവണ്ണം വായിച്ചു മനസ്സിലാക്കുകയും ചെയ്യാം. മാക്സിംഗോർക്കിയുടെ മദർ (അമ്മ) എന്ന പ്രസിദ്ധമായ പുസ്തകത്തിൻെറ ഹിന്ദി തർജ്ജമ വായിച്ചുകൊണ്ടു പലപ്പോഴും ലൗഞ്ചിൽ ഇരിക്കുന്നതു കാണാം. കാബിൻ ക്ലാസ്സിലാണു മുറിയെങ്കിലും, താഴെയുള്ള ടൂറിസ്റ്റ് ക്ലാസ്സിൽ വന്ന് ഇന്ത്യക്കാരുമായാണ് സഹവാസം. യൂറോപ്യൻ വേഷത്തിൽ നടക്കുന്നതുപോലെത്തന്നെ അഴകിലും, എളുപ്പത്തിലും സിന്ധ്യാ സാരിയുടുത്തും, സാൽവറും പൈജാമയും ധരിച്ചും നടക്കും. അവളുടെ ചെമ്പൻതലമുടി കുറേശ്ശെ വളർത്തി കെട്ടിയിട്ടുണ്ട്. അച്ഛനെപ്പററി ചോദിച്ചതിൽ അദ്ദേഹം തൻെറ സംസ്ഥാനമായ കണക്ടിക്കട്ടിൽ ഇന്ത്യയെക്കുറിച്ച് കൂടുതൽ അമേരിക്കക്കാർക്കറിയാൻവേണ്ടി ഒരു പുസ്തകം എഴുതുന്നതിൽ വ്യാപൃതനായിരിക്കുകയാണെന്നു പറഞ്ഞു. വീട്ടിലേക്കു ചെല്ലുവാൻ ഞങ്ങൾ പലരേയും സിന്ധ്യാ ക്ഷണിച്ചിരുന്നു. ചെസ്റ്റർ ബൗൾസ്, ഔദ്യോഗികനിലയിലുള്ള ഇന്ത്യയിലെ ഒരമേരിക്കൻ അമ്പാസിഡർ മാത്രമായിരുന്നില്ല. ഇന്ത്യയുടെ ഒരുത്തമസുഹൃത്തുകൂടിയാണെന്ന്, ഈ കുട്ടിയുമായി പരിചയപ്പെട്ടപ്പോൾ ഞങ്ങൾക്കെല്ലാവർക്കും ബോധ്യംവന്നു.

23-ാംനു രാത്രി ഞങ്ങളെ സ്വീകരിക്കാനുള്ള ഡിന്നറായിരുന്നു. ഊണിന്നു ബാൻറ്വാദ്യവും, പടക്കങ്ങളും വിശേഷവിഭവങ്ങളുമുണ്ടായിരുന്നു. മാത്രമല്ലാ, ഓരോരുത്തരുടേയും തലയിൽ മററുള്ളവർ ഓരോ കോമാളിത്തൊപ്പികൾ ഇട്ടുവിച്ചിരുന്നു. കുട്ടികളെപ്പോലെ കിലുക്കുകളും, ബലൂണുകളും, കടലാസ്സു കളിക്കോപ്പുകളുമെല്ലാം

യാത്രക്കാക്ക സമ്മാനിക്കുകയും ചെയ്തിരുന്നു. കപ്പലിലെ ഔദ്യോഗികഫോട്ടോഗ്രാഫർ ഇതിലെ പലതിൻേറയും ഫോട്ടോകളും എടുത്തിരുന്നു. ഈ വിനോദരീതിയിലുള്ള സ്വീകരണംതന്നെ ഇന്നും അമേരിക്കക്കാർ പഴയ മാമൂലുകളിലും ഔപചാരിക നടപടികളിലും കുടുങ്ങിനില്ക്കാതെ, ബാലന്മാരെപ്പോലെ ഒന്നിനേയും ഗൌനിക്കാതെ കുതിച്ചോടുകയോ, വിനോദിക്കുകയോ ചെയ്യാനുള്ള മനസ്സുള്ളവരാണെന്നു വ്യക്തമാക്കുന്നുണ്ടല്ലോ.

24-ാംനു ഇന്ത്യക്കാരുടെ വക വിനോദങ്ങൾക്കുള്ള ദിവസമായിരുന്നു. ഉത്തരേന്ത്യൻ രീതിയിലുള്ള ഒരിന്ത്യൻ വിവാഹം, ചില നൃത്തങ്ങൾ തുടങ്ങിയ പല ഇനങ്ങളും തയ്യാറാക്കാൻ തീർച്ചയാക്കി. മലയാളികളായ ഞങ്ങളൊരു വഞ്ചിപ്പാട്ടു്, വള്ളംകളിപോലെ അഭിനയിക്കുവാനാണു് ഒരുക്കങ്ങൾ ചെയ്തതു്. അതിന്നുള്ള റിഹേർസലും നടത്തിയിരുന്നു; പക്ഷേ, ഞങ്ങളുടെ ഇടയിലെ സ്ത്രീകളുടെ സഹകരണക്കുറവുകാരണം അവസാനം ആ പരിപാടി ഉപേക്ഷിക്കുകതന്നെ ചെയ്തു. അവസാനം, രാത്രി ഇറ്റലിക്കാർ അവരുടെ നൃത്തങ്ങളും ദേശീയഗാനങ്ങളും കാണിച്ചു് രാത്രി കൊണ്ടാടി. വിനോദങ്ങളുടെ നടത്തിപ്പുകാരനായ പർസർ (Purser) രാത്രി ഹാളിൽവെച്ചു് അതു വിളിച്ചുപറയുകയും ചെയ്തു: ഇന്നു് ഇന്ത്യക്കാരുടെ ദിവസമായിരുന്നു. പക്ഷേ, ഇററലിക്കാരാണു പരിപാടികളിൽ പങ്കെടുക്കുന്നതു് എന്നു്.

എൻെറ ഉടുപ്പുകൾ ചിലതു് അലക്കുവാനുണ്ടായിരുന്നതു കൊടുക്കാൻവേണ്ടി ഇന്നാണു് ഞാനന്വേഷിച്ചതു്. അപ്പോഴറിഞ്ഞു അതിന്നുള്ള ദിവസം കഴിഞ്ഞുവെന്നു്. കപ്പൽ 27-ാംനു കാലത്തു ന്യൂയോക്കിലെത്തുകയായി. ബോംബെയിൽ അടിയന്തരമായ അലക്കിന്നു് തുണി

ഒന്നിനു 4ണ വീതം കൊടുക്കാൻ മടിച്ചിരുന്നവരാണ് ഞങ്ങൾ എല്ലാവരും. എന്നാൽ കപ്പലിലാകട്ടെ പരുത്തിത്തുണികൊണ്ടുള്ള ഒരു കോട്ടിന്നും ട്രൗസറിന്നുംകൂടി അലക്കുകൂലി ഒന്നരഡോളർ (7½ ഉറുപ്പികയോളം) കൊടുത്ത് അലക്കിക്കുകതന്നെ ചെയ്തു. ചുരുങ്ങിയ അലക്കുകൂലി അരഡോളറാണ്—2½ ഉറുപ്പിക. അമേരിക്കയിൽ ചെന്നാലും ഇതിന്നു വലിയ വ്യത്യാസമൊന്നുമില്ലെന്നു പറയുന്നു. അതാണ് തണുപ്പില്ലെങ്കിലും കമ്പിളിത്തുണികളോ എളുപ്പത്തിൽ അലക്കേണ്ടാത്ത നൈലോൺ എന്ന പ്ലാസ്റ്റിക്ക് കൊണ്ടുള്ള തുണികളോ അമേരിക്കയിലേക്കു പോകുന്നവർ വാങ്ങാൻ പറയുന്നതിൻെറ കാരണമെന്നു മനസ്സിലായി.

## IX

## ദിവസങ്ങൾ അറിയാതെ പൊയ്ക്കൊണ്ടിരിക്കുന്നു!

ഇന്ന് കുറേശ്ശ മഴച്ചാറലുണ്ടായിരുന്നു. ദിവസേന എന്തെങ്കിലും വായിക്കുകയോ എഴുതുകയോ ചെയ്യുന്നമെന്നു കരുതാറുണ്ട്. ഒരു ദിവസവും സമയം കിട്ടാറില്ലതാനും. കാലത്ത് ഏഴരമണിക്കുമുമ്പെഴുന്നേററാൽ ഭാഗ്യം. ഉടനെ കക്കൂസ്, പല്ലുതേപ്പ്, കുളി എന്നിവ തിരക്കുകൂട്ടിക്കഴിക്കണം, എട്ടുമണിയുടെ ബാൻറ് പ്രാതലിന്നു വിളിക്കുമ്പോൾ ഭക്ഷണമുറിയിലെത്തുവാൻ. പ്രാതൽ കഴിഞ്ഞെഴുന്നേല്ക്കുമ്പോഴേക്കും മണി 9 കഴിയും. ഭക്ഷണത്തിന്നുള്ള ഹാൾ കിടപ്പിന്നുള്ള കാബിൻമുറികളിൽനിന്നും മൂന്നു ഡെക്കു മുകളിലായതിനാൽ അവിടെ അടുത്തുള്ള ലൗഞ്ചിൽത്തന്നെ വർത്തമാനം പറഞ്ഞോ, കളിച്ചോ ഇരിക്കുകയേ ചെയ്യൂ എല്ലാവരും. അല്ലെങ്കിൽ പുറത്തു

വന്നു് സൂര്യപ്രകാശത്തിൽ കടലിൻെറ ഭംഗി നോക്കി നില്ക്കുകയായി. അങ്ങനെ സമയം പോകുന്നതറിയാതെ 12 മണിയായി. ഉച്ചയ്ക്കു് ഊണിൻെറ സമയമായി. ഊണു കഴിഞ്ഞെഴുന്നേല്ക്കുമ്പോൾ വീണ്ടും മണി ഒന്നുകഴിയും. ലൗഞ്ചിലും പുറത്തു് ഡെക്കിലുമായി കുറച്ചുസമയം കഴിയുമ്പോഴേക്കും 4 മണിക്കു് കാപ്പിക്കുള്ള സമയമായി. അതു കഴിഞ്ഞാൽ, അല്ലെങ്കിൽ അതിന്നുമുമ്പുതന്നെ, ഏതെങ്കിലും സിനിമയുണ്ടാകും. താമസിയാതെ മണി 6 ആയി. ഭക്ഷണം കഴിയുമ്പോൾ മണി 7 ആയി. സന്ധ്യാസമയത്തു് ഡെക്കിന്നുമുകളിൽനിന്നുള്ള കടലിൻെറ കാഴ്ച ഭംഗിയുള്ളതായിരിക്കും. സൂര്യൻ അസ്തമിച്ചാലും ഡെക്കിന്നുമുകളിൽ 8 മണിവരെയെങ്കിലും പുസ്തകം വായിക്കത്തക്കവണ്ണമുള്ള സന്ധ്യാപ്രകാശമുണ്ടായിരിക്കും (Twilight). നൃത്തങ്ങളോ മററു വിനോദങ്ങളോ കഴിഞ്ഞു് 11½, 12 മണി കഴിയും മുകളിൽ നിന്നു താഴത്തുറങ്ങുന്ന മുറികളിലേക്കു മടങ്ങിയെത്തുമ്പോൾ. മുറിയിൽ അന്നത്തെ വിശേഷങ്ങളെക്കുറിച്ചു് നാലുപേരുംകൂടി എന്തെങ്കിലും പറഞ്ഞു് ഉറങ്ങുമ്പോൾ മണി ഒന്നുകഴിയുമെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ ദിവസങ്ങൾ വന്നതറിയാതെ ഒന്നൊന്നായി പൊയ്ക്കൊണ്ടിരുന്നു.

കുറച്ചുദിവസം ഉച്ചയ്ക്കു് ഊണുകഴിഞ്ഞു വന്നാൽ ഒരു മണിക്കൂർനേരത്തോളം കവിതചൊല്ലുന്ന ഒരേർപ്പാടുണ്ടായിരുന്നു. മലയാളകവിത, മലയാളികളല്ലാത്തവരെ ചൊല്ലിക്കേൾപ്പിച്ചു രസിപ്പിക്കലാണു് ഈ പണി. ചെറുപ്പക്കാരായ മററു ഭാഷാപ്രദേശങ്ങളിൽനിന്നു വന്ന ഇന്ത്യൻ വിദ്യാർത്ഥികളെ ഇരുത്തി രസിപ്പിക്കാൻ പററിയ വേശ്യാകഥകളായ കരുണയും, മഗ്ദലനമറിയവും, കൊച്ചുസീതയുമായിരുന്നു, ഞങ്ങൾ ചൊല്ലി

ക്കേൾപ്പിച്ച കവിതകൾ. ഞാൻ, പൈലി, രാജാ എന്നീ മൂന്നുപേരിലൊരാൾ, ഓർമ്മവന്നപോലെ, തുടച്ച്യായി ഒരു കവിതയിലെ ഏതാനും വരികൾ ചൊല്ലുകയും മറേറ ആൾ അതു് ഇംഗ്ലീഷിലേക്കു തർജ്ജിമചെയ്യുകയുമായിരുന്നു പുരോഗമനം. 'കൊച്ചുസീത'യായിരുന്നു എല്ലാവരേയും കൂട്ടതലാകർഷിച്ചവൾ. ഒരു പക്ഷേ, അതലാന്തികസമുദ്രത്തിൻെറ കല്ലോലങ്ങളും, വള്ളത്തോളിൻെറ ആ ഈരടികൾ കേട്ട താളംപിടിച്ചിരിക്കണം.

25-ാംനു-യായപ്പോൾ ഞങ്ങളുടെ കൈവശമുള്ള സാമാനങ്ങളുടെ പട്ടിക കസ്റ്റംസ് ആവശ്യത്തിന്നു കൊട്ടക്കാനുള്ള കടലാസ്സ് കപ്പലിൽനിന്നു വന്നപ്പോഴാണ് ഞങ്ങൾ ന്യൂയോക്കിനോടടുത്തിരിക്കുന്നു, മററന്നാൾ കാലത്തു് ഞങ്ങളുടെ കപ്പൽയാത്ര അവസാനിക്കാറായെന്നു പെട്ടെന്നു ബോദ്ധ്യപ്പെട്ടതു്. നേരത്തെ നിശ്ചയിച്ചിരുന്നപോലെ 27-ാംനു- കാലത്തു് 9 മണിക്കല്ലാ കപ്പൽ ന്യൂയോക്കിലെത്തുന്നതെന്നും, അതു് ഒന്നര മണിക്കൂർ വൈകി കാലത്തു് പത്തരമണിക്കാണെന്നും ഇന്നു കപ്പിത്താൻെറ മുറിയിൽനിന്നും വിളിച്ചുപറയുകയുണ്ടായി.

ഇന്നു് രണ്ടു സംഘമായി ഞങ്ങൾ വിദ്യാത്ഥികളെ കപ്പിത്താൻെറ മുറിയും, കപ്പലോടിക്കുന്ന രീതിയും വിവരിച്ചു കാണിച്ചുതരികയുണ്ടായി. വൈകുന്നേരം, ഞങ്ങളുടെ വേർപാടിനെ പ്രമാണിച്ചുള്ള കപ്പിത്താൻെറ വിരുന്നുസല്ക്കാരമായിരുന്നു. സ്വാഗതസല്ക്കാരംപോലെ, ഭക്ഷണമുറി മുഴവൻ അലങ്കരിക്കുകയും, പടക്കങ്ങൾ, പീപ്പികൾ, ബലൂണുകൾ, കളിക്കോപ്പുകൾ മുതലായവ സമ്മാനിക്കലും, ഊണുകഴിക്കുന്ന മേശകളുടെ പല ഭാഗത്തുനിന്നും കപ്പലിലെ ഔദ്യോഗികഫോട്ടോഗ്രാഫറുടെ ഫോട്ടോ എടുക്കലും ഉണ്ടായി.

കാലത്തു പ്രാതലിന്നിരിക്കുമ്പോൾ കപ്പിത്താന്റെ മുറിയിൽനിന്നും വിളിച്ചുപറയുകയുണ്ടായി, കാലത്തു് 9 മണിക്കു് 5 മിനുട്ടുള്ളപ്പോൾ, ഞങ്ങൾ കയറിയ കപ്പലായ കോൺസ്റ്റിട്യൂഷന്റെ കൂട്ടുകപ്പലായ ഇൻഡിപ്പെൻഡൻസ്, ന്യൂയോക്കിൽനിന്നും മടങ്ങിപ്പോകുന്നവഴി, ഈ കപ്പലിന്റെ അട്ടത്തുകൂടി കടന്നുപോകുമെന്നു്. അതിനാൽ ഞങ്ങളെല്ലാവരും മുകളിലെ ഡെക്കുകളിൽ കയറി കടലിലേക്കു നോക്കി നില്പായി. പറഞ്ഞ സമയത്തുതന്നെ ആ കപ്പൽ കാണപ്പെട്ടു: പക്ഷേ, മൂന്നു നാഴിക അകലെകൂടി ഞങ്ങൾ പോകുന്നതിന്റെ എതിർവശത്തേക്കു കടന്നുപോകുന്നതായിമാത്രം. 25-ം 30-ം നാഴിക ദൂരംവരെ കപ്പൽ ചക്രവാളത്തിൽ ചെന്നു ലയിക്കുന്നപോലെ കാണാമായിരുന്നു. കുട്ടികൾ ചെറിയ ക്ലാസ്സുകളിലെ ഭൂമിശാസ്ത്രത്തിൽ പഠിക്കുന്നപോലെത്തന്നെ, ദൂരം പോകുന്തോറും, കപ്പൽ ചെറുതായിച്ചെറുതായി കാണാതാകുകയല്ലാ, ചെറുതാകുന്നതിന്നു പുറമെ, കപ്പലിന്റെ അടിഭാഗം, പിന്നെ, അതിന്റെ മുകൾ എന്നിങ്ങനെ അപ്രത്യക്ഷമായി അവസാനം ചിമിനിയും കൊടിമരവും മറഞ്ഞുമറഞ്ഞുപോകുകയും ചെയ്യുന്നതാണു കാണുന്നതു്.

## സ്ത്രീകൾക്കാണെങ്കിൽ എന്തും ആവാം!

തണുപ്പു കുറേശ്ശ കൂടിക്കൂടി വന്നുതുടങ്ങിയതിനാൽ യൂറോപ്യൻസ്ത്രീകൾ പലരും, അരമുതൽ മാറുവരെയുള്ള വസ്ത്രംമാത്രം ധരിച്ചു് ഡെക്കിന്നു മുകളിൽ വെയിൽകൊള്ളാൻ കിടന്നുതുടങ്ങി. സ്റ്റ്റാത്ത്മൂർകപ്പലിൽ ആസ്ത്രേലിയൻ പെണ്ണുങ്ങൾ ഇങ്ങനെയൊന്നുമല്ലായിരുന്നത്രെ. അരയിൽ ഒരു ലെങ്കോട്ടിപോലെ ഒന്നും മാറത്തു് ഒരിഞ്ചുവീതിയുള്ള ഒരു നാടയും കെട്ടിക്കൊണ്ടു് അവർ ഡെക്കിന്നു

മുകളിലും താഴെയുമെല്ലാം നടന്നു സല്ലപിക്കുകയായിരുന്നു വെന്നാണ് സ്റ്റ്റാത്ത്മൂറിൽ കയറിവന്ന സ്നേഹിതന്മാർ പറഞ്ഞതു്. പാശ്ചാത്യരാജ്യങ്ങളിൽ, കപ്പലിലും പുറത്തു മെല്ലാം വസ്ത്രധാരണത്തെ സംബന്ധിച്ചേടത്തോളം സ്ത്രീ കൾക്കും പുരുഷന്മാർക്കും രണ്ടുതരം ചിട്ടകളാണ്. പുരുഷ ന്മാർക്കു കിടന്നുറങ്ങാൻ പ്രത്യേകവസ്ത്രം വേണം. കുളിമുറി യിൽ പോകുവാൻ ശരീരമാകെ കാൽമുട്ടുവരെ മൂടുന്ന, പള്ളിയിലെ അച്ചന്മാരുടെ ളോഹപോലെയുള്ള ഒരു വസ്ത്രം ധരിച്ചിട്ടു വേണം. ഊണുകഴിക്കുവാനുള്ള മേശ പ്പുറത്തേക്കു പോകുവാൻ കറുത്ത സൂട്ടു ധരിക്കുകയും വേ ണം. സാമാന്യം വൃത്തിയായുള്ള സൂട്ടിട്ടേ മററു സ്ഥലങ്ങ ളിൽ നടക്കാനും പാടുള്ളുവല്ലോ. എന്നാൽ സ്ത്രീകൾക്കാ കട്ടെ, എന്തുതരം വസ്ത്രം ധരിച്ചും അഥവാ വസ്ത്രം ഒന്നും തന്നെ ഇല്ലാതേയും എവിടേയും സഞ്ചരിക്കാം—എങ്ങും പോകാം—ഏതു സല്ക്കാരത്തിലും ചേരാം. അങ്ങനെ വസ്ത്ര ധാരണത്തിൻെറ കാര്യത്തിൽ അവർക്കു പ്രത്യേകസ്വാത ന്ത്ര്യംതന്നെയാണ്. സ്ത്രീകൾക്കു മററു പ്രദേശങ്ങളിലേ ക്കാൾ കൂടുതൽ സ്വാതന്ത്ര്യമുള്ള കേരളത്തിലെ സ്ത്രീകളും ഇതിൽ അസൂയപ്പെടില്ലേ?

## എന്തു തിന്നാലും ഒരു കുഴപ്പവുമില്ല!

മിക്കകാര്യങ്ങളിലും എനിക്ക് ഏതുതരം സാഹച ര്യത്തോടും ഇണങ്ങി അതോടുകൂടി യോജിച്ചു ജീവിക്കു വാൻ കഴിയാറുണ്ട്. ഭക്ഷണത്തിൻെറ ഇനത്തിലങ്ങനെ യല്ല. ഏതുതരം ഭക്ഷണവും, അല്ലെങ്കിൽ എന്തു ഭക്ഷണ സാധനവും കഴിക്കാൻ വിഷമമില്ല. ചോറായാലും, ചപ്പാത്തിയായാലും, പൂരിയായാലും, റൊട്ടിയും വെണ്ണയും മാത്രമായാലും വേണ്ടില്ല, എനിക്കു സുഖമായി ആ ഭക്ഷ

ണവും കഴിച്ചു ജീവിക്കാൻ വിഷമമില്ല. ഒരു കാൎയ്യത്തി ലാണു നിൎബ്ബന്ധം. കാലത്തു് എന്തെങ്കിലും കുടിക്കാനല്ലാ തെ തിന്നാൻ പററില്ല. കാപ്പിയായാലും, ചായയായാലും പാലായാലും വേണ്ടില്ല, കുടിക്കുന്നതുമാത്രം. എന്തെങ്കിലും കൂട്ടത്തിൽ കൂടെ തിന്നുകയുംകൂടിയായാൽ, രണ്ടുമൂന്നു ദിവ സം കഴിഞ്ഞാൽ അതെൻെറ ദഹനേന്ദ്രിയങ്ങളെയാകെ കുഴപ്പത്തിലാക്കുകയായി. അതുപോലെതന്നെ ഉച്ചക്കു് ഊണും അതിന്നുശേഷം രാത്രി ലഘുഭക്ഷണവുമേ പതിവു ള്ളു. അതിന്നിടക്കും ഒന്നും പതിവില്ല. എന്നാൽ കപ്പലിൽ കയറുമ്പോൾതന്നെ എൻെറ ഭക്ഷണാധിക്യംകൊണ്ടുണ്ടാ കുന്ന കുഴപ്പത്തെക്കുറിച്ചു പറഞ്ഞപ്പോൾ സ്നേഹിതന്മാർ പറഞ്ഞു, അതിനെക്കുറിച്ചൊന്നും ഭയപ്പെടുവാനില്ല, കപ്പ ലിൽ നിങ്ങളെന്തും കഴിച്ചോളു, ദഹിച്ചുകൊള്ളുമെന്നു്. സ്റ്റ്റാത്ത്മൂറിലെ ഭക്ഷണശാലയിലെ ഒരു വെയ്റ്ററുടെ വാചകത്തെ അവർ ഉദ്ധരിക്കുകയുണ്ടായി—കപ്പലിൽ നി ങ്ങൾക്കു ഭക്ഷണം കഴിക്കുവാനും, അതിനെ അവിടെ കിട ത്തുവാനും (ഛർദ്ദിക്കാതെ) സാധിച്ചാൽ മതി. ബാക്കി കാൎയ്യങ്ങളെല്ലാം ഒരു കുഴപ്പവും കൂടാതെ തന്നത്താൻ നട ന്നുകൊള്ളുമെന്നു്. ഇത്രയും പോഷകങ്ങളായ ഭക്ഷണപ ദാൎത്ഥങ്ങൾ, ഈ തോതിൽ തുടർച്ചയായി ഇന്ത്യൻവിദ്യാ ൎത്ഥികളാരും ഇതിന്നുമുമ്പു് കഴിച്ചിരുന്നില്ലെന്നുള്ളതു തീൎച്ചയാണു്. എന്നാൽ അതുകൊണ്ടാകട്ടെ, ദഹനക്കേടോ തത്സംബന്ധമായതോ ആയ ഒരു കുഴപ്പവുമുണ്ടായില്ല. നേരേമറിച്ചു് ബോമ്പെയിൽ കപ്പൽകയറുംമുമ്പു്, ശോ ഷിച്ചുകണ്ടിരുന്ന പലരും കാണത്തക്കവണ്ണം ഭേദപ്പെട്ടു കണ്ടു. എട്ടൊമ്പതുദിവസംകൊണ്ടുമാത്രം ഞാൻതന്നെ അല്പം നന്നായിട്ടുണ്ടെന്നു സ്നേഹിതന്മാർ അഭിപ്രായപ്പെടു കയുണ്ടായി. എന്തായാലും, ഈ തരത്തിലുള്ള ഭക്ഷണം

കൊണ്ടു് എനിക്കു് ഒരു വിഷമമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, കാലത്തെഴുന്നേല്ക്കുമ്പോൾ വലിയ വിശപ്പും തോന്നിയിരുന്നു.

**ഞങ്ങൾ പിരിയാറായി**

26-ാംനു വൈകുന്നേരം 4മണിക്കു ഞങ്ങളുടെ പെട്ടികളെല്ലാം കെട്ടി കപ്പലിൽ ഏല്പിക്കണ്ടിയിരുന്നു. എന്തെന്നാൽ പിറേറന്നു്, 27-ാംനു കാലത്താണു് ഞങ്ങൾ ന്യൂയോക്കിലിറങ്ങുന്നതു്. പാസ്പോർട്ടു തുടങ്ങിയ അത്യാവശ്യം വേണ്ട കടലാസുകളും ഒരുടുപ്പും എടുത്തു് പെട്ടികളെല്ലാം അന്നു വൈകുന്നേരംതന്നെ ഏല്പിച്ചു്, എല്ലാവരും വേർപാടിനുള്ള ഒരുക്കങ്ങളായി. മിക്കവാറും ഒരു കുടുംബംപോലെ ഇത്രനാളും കഴിഞ്ഞവരാണു് കപ്പലിലെ യാത്രക്കാരെല്ലാം; വിശേഷിച്ചു് 45 ഇന്ത്യൻ വിദ്യാൎത്ഥികൾ. ന്യൂയോക്കിലിറങ്ങിയാൽ താമസിയാതെ അവർ ഓരോ സൎവ്വകലാശാലകളിലേക്കു പിരിയുകയായി. അതിനാൽ മേൽവിലാസവും വിവരങ്ങളുമെല്ലാം ഓരോരുത്തരും കുറിച്ചെടുത്തുതുടങ്ങി. ഇതിനിടയ്ക്കു തമ്മിൽത്തമ്മിൽ കുറേ അധികം അടുത്തവരും ഉണ്ടു്. ഡെക്കിൽ പ്രണയരംഗങ്ങൾ അഭിനയിച്ച പലരും ഉൾപ്പെടുമെന്നു പറയേണ്ടതില്ലല്ലോ.

X

ജനസംഖ്യകൊണ്ടു് ലോകത്തിലെ രണ്ടാമത്തേതും, വ്യവസായം, വാണിജ്യം, ഗതാഗതം, ധനപരമായ പ്രാധാന്യം എന്നിവകൊണ്ടു് ലോകത്തിലെ ഒന്നാമത്തേതുമായ നഗരമാണു് ന്യൂയോക്കു്. വലുപ്പംകൊണ്ടും, തിരക്കു

കൊണ്ടും, ധനാഢ്യതകൊണ്ടും, മററു നാനാകാരണങ്ങളാലും, ന്യൂയോർക്ക് അമേരിക്കയുടെ ഒരു പ്രതിനിധീകരണം തന്നെയാണു്, അല്ലെങ്കിൽ അമേരിക്കയുടെ വളരെ ചെറുതാക്കിയ ഒരു പ്രതിപ്പതന്നെയാണു്. അതിനാൽ ന്യൂയോർക്ക്നഗരത്തിന്റെ പല വശങ്ങളേയും കുറിച്ചെഴുതുന്നതു് അമേരിക്കയെ അറിയാൻ സഹായകമായിരിക്കും.

ന്യൂയോർക്ക്നഗരത്തെ അഞ്ചു ഭാഗങ്ങളായാണു് തിരിച്ചിരിക്കുന്നതു്—ബ്രോങ്ക്സ്, മൻഹാട്ടൻ, ക്വീൻസ്, ബ്രൂക്ക്ലീൻ, റിച്ച്മണ്ടു് എന്നിങ്ങനെ. ഇതിൽ ബ്രോങ്ക്സ് എന്ന ഭാഗം അമേരിക്കൻവൻകരയിൽനിന്നു് കടലിലേക്കു തള്ളിനില്ക്കുന്ന ഒരു മുനമ്പിന്റെ തെക്കെ അററമാണു്. അതിന്റെ തെക്കുകിടക്കുന്ന 35 നാഴികയിൽ താഴെ ചുററളവുള്ള ഒരു ദ്വീപാണു് മൻഹാട്ടൻ. മൻഹാട്ടന്റെ തെക്കുകിഴക്കായി കിടക്കുന്ന ലേങ്ങ്ഐലണ്ടു് എന്ന ദ്വീപിന്റെ മൻഹാട്ടനോടു തൊട്ടുകിടക്കുന്ന ഭാഗമാണു് ക്വീൻസും, ബ്രൂക്ക്ലീനും. അതിന്നും തെക്കായുള്ള മറെറാരു കൊച്ചുദ്വീപിന്റെ ഭാഗമാണു് റിച്ച്മണ്ടു്. അതിനാൽ ബ്രോങ്ക്സ് എന്ന മുനമ്പിന്റെ ഒരു ഭാഗമൊഴികെ ബാക്കി നഗരംമുഴുവൻ ദ്വീപുകളിന്മേലാണു് പട്ടത്തിരിക്കുന്നതു്. ഈ ദ്വീപുകൾ തമ്മിലും, ദ്വീപുകളും വൻകരയും തമ്മിലും കൂട്ടിഘടിപ്പിക്കുന്നഇരുപതിൽതാഴെ പട്ടക്കുററന്മാരായ പാലങ്ങളും, വെള്ളത്തിന്നടിയിൽ കരക്കുള്ളിൽക്കൂടി തീവണ്ടിക്കു പോകാവുന്ന ചില തുരങ്കങ്ങളുമുണ്ടു്. ലോകത്തിലെ ഏററവും വലിയതും, ബലമുള്ളതും, വാഹനഗതാഗതമുള്ളതുമായ പാലങ്ങളിൽ പലതും ഇവയിൽപ്പെട്ടും. ഇരുപതും മുപ്പതും തണ്ടുകൾവെച്ചു വലിക്കുന്ന ചില വഞ്ചികൾ നമ്മൾ കണ്ടിരിക്കുമല്ലൊ. അതുപോലെ, വഞ്ചിയിൽനിന്നും, അവിടെയവിടെയായി

തുടരെത്തുടരെയായി നീണ്ടുനില്ക്കുന്ന, തണ്ടുകൾപോലെയാണ്, നടുക്കുള്ള മൻഹാട്ടൻ ദ്വീപിൽനിന്നും, നാലു ഭാഗത്തേക്കും പാലങ്ങൾ നീണ്ടുനീണ്ടുപോകുന്നത്.

ഈ അഞ്ചു ഭാഗങ്ങളിൽവെച്ച് ഏററവും പ്രധാനവും നഗരത്തിൻെറ കാതലായ ഭാഗങ്ങളെ ഉൾക്കൊള്ളുന്നതുമാണ് മൻഹാട്ടൻദ്വീപ്. അമേരിക്കയിലെ ഏററവും വലിയ ബാങ്കുകളും, ധനവിനിമയകേന്ദ്രങ്ങളുമുള്ളതും, ഇന്ന് ലോകത്തിൻെറയാകെത്തന്നെ ധനവിനിമയത്തിൻെറ കേന്ദ്രവുമായ വാൾസ്ട്രീററ് എന്ന തെരുവ് മൻഹാട്ടനിലാണ്. കപ്പലടുക്കുവാൻ കടലിലേക്കു നീട്ടിപ്പണിതിട്ടുള്ള 'ഡോക്കു'കളും 'പിയറു'കളും മൻഹാട്ടനിലായതിനാൽ ലോകത്തിലെ ഏററവും തിരക്കുള്ള തുറമുഖവും അതുതന്നെയാകുന്നു. പണി തീന്ന കാറുകൾ, ട്രക്കുകൾ തുടങ്ങിയ നാനാസാധനങ്ങളും അങ്ങനെതന്നെ തൊട്ടുകിടക്കുന്ന കപ്പലിലേക്ക് യന്ത്രക്കപ്പിവഴി എടുത്തുവെയ്ക്കാൻ സൗകര്യമുള്ളതുകൊണ്ട്, പല വ്യവസായങ്ങളുടേയും ഒരു വലിയ കേന്ദ്രവുമാണ് മൻഹാട്ടൻദ്വീപ്.

240-ൽ ഏററ തെരുവുകളിലായി 80 ലക്ഷം ജനങ്ങൾ താമസിക്കുന്നതും അനവധി ലക്ഷം കാറുകളും മററു വാഹനങ്ങളും സദാ ഓടിക്കൊണ്ടിരിക്കുന്നതും അംബരചുംബികളായ വെണ്മാടങ്ങൾ ഇടതിങ്ങി നില്ക്കുന്നതുമായ ഒരു കൂററൻ നഗരമാണ് ന്യൂയോക്ക്. എങ്കിലും, ഞങ്ങൾ ആദ്യമായി ന്യൂയോക്കിൽ ചെന്നിറങ്ങിയ ദിവസംതന്നെ ഞങ്ങൾക്കു ബോദ്ധ്യംവന്നു, ആരുടേയും സഹായംകൂടാതെ ഞങ്ങൾക്കവിടെ എവിടേയും വഴി തെററാതെ ചുററിനടക്കാൻ കഴിയുമെന്നു്. ജപ്പാനിലെ ടോക്കിയോനഗരത്തിൽ ആദ്യമായി ചെന്ന ഒരു ബ്രിട്ടീഷ് അമ്പാസിഡറുടെ കഥ കേട്ടിട്ടുണ്ട്. അദ്ദേഹം തൻെറ സാമാനങ്ങളെല്ലാം,

തനിക്കേൽപ്പാട്ടചെയ്തുകൊടുത്ത ഹോട്ടലിൽവെച്ച്, ഭാര്യയേയുംകൊണ്ടു നഗരം ഒന്നു ചുററിക്കാണാൻ കാറിൽ പോയത്രെ. കുറെദൂരം പോയതിന്നുശേഷം, തിരിച്ചുവരാൻ, തൻെറ ഹോട്ടലിൻെറ പേരോ, തെരുവിൻെറ പേരോ, ശരിക്കു ഓർമ്മിച്ചു ചോദിക്കാൻ കഴിയാത്തതിനാൽ രാത്രി ജപ്പാനീസ് അധികൃതന്മാരെ അറിയിക്കുന്നതുവരെ കിടന്നു ചുറേറണ്ടിവന്നുപോലും! ന്യൂയോക്കിൽ വന്നിറങ്ങിയ ദിവസംതന്നെ ഞങ്ങൾ ഇന്ത്യൻ വിദ്യാർത്ഥികളെല്ലാവരും ഒരു ഹോട്ടലിൽ പോയി മുറികളെടുത്തു സാമാനം വെച്ചതിന്നുശേഷം, ഊണുകഴിഞ്ഞു ചുററിനടക്കാൻ പോയി. ബസ്സും, തീവണ്ടിയും കയറുകയും ഇറങ്ങുകയും ചെയ്യുന്ന തിരക്കിലും, നടക്കുന്ന ബദ്ധപ്പാടിലും, പലരും തമ്മിൽ പിരിഞ്ഞു് ഒറ്റയ്ക്കായി. ചിലരെല്ലാം കരുതിക്കൂട്ടിത്തന്നെ ഒററതിരിയുകയും ചെയ്തു. ചുററിനടന്നു് ഒരു വിഷമവുംകൂടാതെ രാത്രി 11-12 മണിയായപ്പോഴേക്കും എല്ലാവരും ഹോട്ടലിൽത്തന്നെ തിരിച്ചെത്തി. ഞാൻ പലതവണ മദിരാശിയിൽ താമസിക്കുകയും ചുറ്റിനടക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, മദിരാശിനഗരത്തിൽത്തന്നെ എനിക്കു് ഇപ്പോഴും വഴിചോദിക്കാതെ പല സ്ഥലത്തേക്കും പോകാൻ കഴിയുമെന്നു തോന്നുന്നില്ല. എന്നാൽ മദിരാശിയേക്കാൾ എത്രയോ വലിയ ന്യൂയോക്ക് നഗരത്തിൽ ഒരിക്കലും, വഴിതെററി കഷ്ടത്തിലായിപ്പോകാനിടയില്ല. മിക്കപ്പോഴും വഴി ചോദിക്കേണ്ട ആവശ്യവും വരില്ല.

അതിൻെറ രഹസ്യം, ഇത്രമാത്രമാണു്. അവിടെ തെരുവുകളെ തിരിച്ചിട്ടുള്ളതു വളരെ ലളിതമായ ഒരു രീതിയിലാണു്. നഗരത്തിൻെറ പ്രധാനഭാഗങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന മൻഹാട്ടൻദ്വീപു് വളരെ നീളവും അല്പം വീതിയും മാത്രം ഉള്ള ഒന്നാണു്. അതിനാൽ

35476

ദ്വീപിന്റെ ഒരുഭാഗംമുതൽ മറ്റേഭാഗംവരെ ഇടവിട്ടിടവിട്ട്, വളരെ വീതിയിൽ എട്ടുപത്തു റോഡുകൾ ഉണ്ടാക്കിയിരിക്കുന്നു. ഇവയ്ക്കു് അവന്യൂ എന്നാണു പറയുക. ഒന്നാമത്തെ അവന്യൂ, രണ്ടാമത്തെ അവന്യൂ, എട്ടാമത്തെ അവന്യൂ എന്നിങ്ങനെ. ഈ അവന്യൂകളെ വിലങ്ങനെ മുറിച്ചുകൊണ്ടു്, ദ്വീപിന്റെ വീതിയിൽ ഒരറ്റംമുതൽ മറ്റേ അററംവരെ മറ്റൊരുകൂട്ടം റോഡുകളിട്ടിരിക്കുന്നു. ഇവയ്ക്കു തെരുവുകളെന്നാണു പേരു്. ഒന്നാമത്തെ തെരുവു്, രണ്ടാമത്തെ തെരുവു് എന്നിങ്ങനെ 200-ാമത്തേയും, 210-ാമത്തേയും മററുമായി അതങ്ങനെ പോകും. തെരുവിൻെറ ഒരുഭാഗത്തുള്ള വീടുകൾക്കു് ഒററനമ്പരും മറേറവയ്ക്കു് ഇരട്ടനമ്പരുമായി കെട്ടിടങ്ങൾക്കു നമ്പറിട്ടുപോയിരിക്കുന്നു. റോഡുകളുടെ ഇരുഭാഗത്തും വീതിയുള്ള ചവിട്ടുവഴികളുണ്ടു്. മുപ്പതു നാല്പതു വാരവീതം പോകുമ്പോൾ ഓരോ കെട്ടിടക്കൂട്ടം കഴിഞ്ഞു റോഡുകൾതമ്മിൽ മുറിയുന്നതാണു്. മുറിയുന്നേടത്തെല്ലാം, അവന്യൂനമ്പരും തെരുവുനമ്പരും എഴുതിയിരിക്കും. അതിനാൽ അഞ്ചാമത്തെ അവന്യൂവിൽ 76-ാമത്തെ തെരുവിൽ 167-ാമത്തെ വീട്ടിലേക്കു പോകണമെങ്കിൽ നടന്നുതന്നെ പോകാൻ ഒരു വിഷമവുമില്ല. ആദ്യംതന്നെ അഞ്ചാമത്തെ അവന്യൂ നോക്കി കണ്ടെത്തി നെട്ടനീളം നടന്നാൽ മതി 76-ാമത്തെ തെരുവിലെത്തും. പിന്നെ തെരുവിലേക്കിറങ്ങി വീട്ടുനമ്പർ നോക്കിയാൽമതിയല്ലോ. അക്കങ്ങൾ വായിക്കാനറിയുന്ന പത്തുപന്ത്രണ്ടുവയസ്സായ ഒരു കുട്ടിയെത്തന്നെ ന്യൂയോക്ക്നഗരത്തിൽ കൊണ്ടുവിട്ടാൽ ആ കുട്ടി സ്വന്തം സ്ഥലത്തെത്താതെ വഴിതെററിപ്പോകാൻ വിഷമമാണു്.

ഇതോടു സാമ്യമുള്ള ഒരേപ്പാടു് ഇന്ത്യൻ നഗരങ്ങ

35476

ളിൽ ബാംഗളൂർ മാത്രമേ കണ്ടിട്ടുള്ളു. അവിടെ നഗരത്തിൻെറ ഒരു ഭാഗത്തു് (മല്ലേശ്വരത്തു്) നീളനെയുള്ള റോഡുകളെ മുറിക്കുന്ന വിലങ്ങൻ റോഡുകളുടെ മുറിക്കുന്ന ഭാഗങ്ങൾക്ക് 1-ാമത്തെ ക്രോസ്, 2-ാമത്തെ ക്രോസ്, 18-ാമത്തെ ക്രോസ് എന്നിങ്ങനെ അക്കങ്ങളാണ് ഉപയോഗിക്കുന്നതു്. പക്ഷേ, നീളൻറോഡിൻെറ പേരു നിശ്ചയമില്ലെങ്കിൽ 18-ാമത്തെ ക്രോസിൽ ഇറക്കാൻ പറഞ്ഞാൽ, നമുക്ക് ആവശ്യമില്ലാത്തതോ അറിയാത്തതോ ആയ ഒരു തിരിവിലായിരിക്കും ചെന്നിറങ്ങുകയെന്നു വ്യത്യാസം.

എൻ. വി. കൃഷ്ണവാരിയർ മദിരാശിനഗരത്തെക്കുറിച്ചു് ഒരിക്കൽ എഴുതിക്കണ്ടതായോർക്കുന്നുണ്ടു്:

"ഓട്ടമാണോട്ടമാണെന്തിനെന്നില്ലാതൊ-
രോട്ടമാണ്........................"

എവിടെ നോക്കിയാലും എന്ന അർത്ഥത്തിൽ രണ്ടു വരികൾ. പക്ഷേ, അദ്ദേഹം ന്യൂയോർക്ക് കണ്ടാൽ 'പാച്ചിൽ' എന്നോ 'പരക്കംപാച്ചി'ലെന്നോ അതിലും വേഗതകൂറിക്കുന്ന വേറെ ഏതു ക്രിയയെ ആണുപയോഗിക്കുക എന്നാണു ഞാനത്ഭുതപ്പെട്ടതു്. എവിടെ നോക്കിയാലും കാറുകളുടെ പാച്ചിലാണ്. പരക്കംപാച്ചിലാണ്, പരക്കംപാച്ചിൽ. അതു പിന്നെയ്ക്കുപിന്നാലെയായി അനവധിയുണ്ടാകുകയും ചെയ്യും. കാലത്തും വൈകുന്നേരവും കാറുകൾ തീവണ്ടിമുറികൾപോലെ തൊട്ടുതൊട്ടു റോഡു മുഴുവൻ നിറഞ്ഞു പോകുന്നതു കാണാം. റോഡിൽക്കൂടി ധാരാളം കാറുകളോടാതെ അല്പം സ്വസ്ഥമായ സമയം അർദ്ധരാത്രിയായാലും, പുലർച്ച മൂന്നുമണിയായാലും നഗരത്തിൽ കാണുകയില്ല. ന്യൂയോർക്കിൽ ചെന്നിറങ്ങിയ ആദ്യത്തെ ദിവസം രാത്രി ഉറക്കത്തിൽ ഞാനും ഞാൻ കിടക്കുന്ന

ഹോട്ടലുമെല്ലാം ഓട്ടകയാണെന്നാണ് എനിക്കു തോന്നിയിരുന്നതു്. എല്ലാം ഒരു കൊട്ടങ്കാററിൽപ്പെട്ടപോലെ. പക്ഷേ, കാറുകൾക്കു തുടർച്ചയായി ഓടാൻ കഴിയുകയില്ല. ഇടവിട്ടിടവിട്ട് തെരുവുകൾ മുറിയുന്നതാണല്ലോ. മുറിയുന്നേടത്തെല്ലാം അടയാളം നോക്കി വേണം പോവാൻ. റോഡിൽ വാഹനഗതാഗതം നിയന്ത്രിക്കുന്നതു പോലീസുകാരല്ലാ, വിദ്യുച്ഛക്തികൊണ്ടു നടത്തുന്ന യന്ത്രങ്ങളാണ്. ഇത്രയും തിരക്കുള്ള തെരുവുകളിൽ വാഹനനിയന്ത്രണത്തിന്നു വളരെ സങ്കീർണ്ണങ്ങളായ യന്ത്രങ്ങൾ വേണമെന്നു ധരിച്ചുപോകേണ്ട. അവയുടെ പ്രവൎത്തനം വളരെ ലളിതമാണ്. ഒരു നാലുംകൂടിയ വഴിയിലാണെങ്കിൽ തെരുവു മുറിയുന്ന ഒരു ഭാഗത്തു് ഒരററത്തു് ഒരു കമ്പിക്കാലിന്മേൽ നാലുഭാഗത്തേക്കും വിളക്കുകൾ ഘടിപ്പിച്ചിട്ടുണ്ട്. ഒന്നു പച്ചയും ഒന്നു ചുവപ്പുമായി, ഈരണ്ടെണ്ണം. വിലങ്ങനെ റോഡിലേക്കു തിരിഞ്ഞുനില്ക്കുന്ന വിളക്കുകളിൽ പച്ചച്ചില്ലുള്ള വിളക്കു കത്തുമ്പോൾ നീളനെയുള്ള റോഡിലേക്കുള്ളവയിൽ ചുവപ്പു കത്തും. അപ്പോൾ നീളനെയുള്ള റോഡിൽക്കൂടി ഇരുഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ നില്ക്കും. മററേ രണ്ടു ഭാഗത്തുനിന്നും വന്ന വണ്ടികൾ വിലങ്ങനെ മുറിച്ചു് അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുപോകും. ഒരു മിനുട്ടോ രണ്ടു മിനുട്ടോ കഴിഞ്ഞാൽ വിലങ്ങനെയുള്ള റോഡിലേക്കു ചുവപ്പുവിളക്കും മറേറതിലേക്കു പച്ചയും കത്തും. അപ്പോൾ നീളനെ വാഹനങ്ങൾ പോകും. വിലങ്ങനെയുള്ളവ നില്ക്കും. തെരുവിൻെറ തിരക്കുപോലെ, ഒരു മിനുട്ട് അല്ലെങ്കിൽ രണ്ടു മിനുട്ട് എന്ന ഒരു നിശ്ചിതസമയം ഇടവിട്ടു് ഈ വിളക്കുകൾ മാറിമാറി കത്തിക്കൊണ്ടിരിക്കും. അതനുസരിച്ചു വാഹനങ്ങളും മാറിമാറി നില്ക്കുകയും പോവുകയും ചെയ്യും. ഇത്രയേ

അതിൻെറ പണിയുള്ളു. പക്ഷേ, ഇതു് അമേരിക്കയിലേതുപോലെ തിരക്കുള്ള നഗരങ്ങളിലേ ഉപയോഗിക്കാൻ പാറു.

അമേരിക്കക്കാർ, പൊതുവേയും പ്രത്യേകിച്ചു് വിദേശികളോടും സൗമ്യമായും സഹായമനസ്ഥിതിയോടുകൂടിയും പെരുമാറുന്നവരാണു്. എത്ര ബദ്ധപ്പെട്ടു പോകുന്നവരായാലും, ഒരു സ്ഥലമോ, വഴിയോ, ആളേയോകുറിച്ചു ചോദിച്ചാൽ, നിന്നു് അതു നമ്മെ മനസ്സിലാക്കിത്തന്നേ അവർ മുന്നോട്ടു പോകു. ബസ്സിലോ തീവണ്ടിയിലോ ഇരിക്കുകയാണെങ്കിലും വളരെ എളുപ്പത്തിൽ അവർ സംഭാഷണത്തിലേപ്പെടുന്നതാണു്. പക്ഷേ, ഒരു സ്ഥലത്തേക്കു പോകാൻ വഴി ചോദിച്ചാൽ ഏറ്റവും വേഗത്തിൽ പോകുന്ന വഴിയാണു് അവർ നമുക്കു പറഞ്ഞുതരിക. ന്യൂയോക്ക് നഗരത്തിൽ നഗരത്തിന്നടിയിൽ തുരന്നു്, തുരങ്കങ്ങളിൽക്കൂടി പോകുന്ന തീവണ്ടികളുണ്ടു്. ബസ്സിലോ കാറിലോ പോയാൽ, അവ ഓടുമ്പോൾ വേഗത്തിലോടുമെങ്കിലും തെരുവു മുറിയുന്നേടത്തെല്ലാം നിന്നുനിന്നു വേണമല്ലോ പോവാൻ. എന്നാൽ തുരങ്കങ്ങളിൽക്കൂടി പോകുന്ന തീവണ്ടികൾ അതിവേഗത്തിൽ പോകുകയും സ്റ്റേഷനിൽമാത്രം നില്ക്കുകയും ചെയ്യുന്നതിനാൽ അവയ്ക്കു വേഗതകൂടും. ഇടവിട്ടിടവിട്ടു് നഗരത്തിൽ പലഭാഗത്തും അടിയിലുള്ള സ്റ്റേഷനിലേക്കിറങ്ങിപ്പോകാനും അവിടന്നു് കയറിവരാനും മുകളിൽനിന്നും പഴുതുകളുണ്ടാക്കിയിട്ടുണ്ടു്.

ബസ്സുകളിലും ഭൂമിക്കടിയിൽ തുരങ്കങ്ങളിൽക്കൂടി പോകുന്ന തീവണ്ടികളിലും, ടിക്കറ്റുപരിശോധനയ്ക്കു് കണ്ടക്ടരേയും ചെക്കറേയുമൊന്നും കാണുകയില്ല. ബസ്സിൽ ആകെ ഡ്രൈവർ മാത്രമേയുള്ളു. ടൗൺബസ്സുകളിലെല്ലാം കയറുമ്പോൾ, കൂലി ഡ്രൈവറുടെ അടുത്തു വെച്ചിട്ടുള്ള

പെട്ടിയിലിട്ടിട്ടുവേണം ഉള്ളിലേക്കു നീങ്ങാൻ. ഇട്ടുന്ന സംഖ്യ അയാൾ കാണും. ഇട്ടയുടനെ ഓരോന്നും യന്ത്രത്തിൽ പോയി എണ്ണി വേർതിരിച്ച് അട്ടികൂട്ടുകയും ചെയ്യും. തുരങ്കത്തിൽക്കൂടിയുള്ള തീവണ്ടിയിലാകട്ടെ (ട്യൂബ്‌വെ, അല്ലെങ്കിൽ സബ്‌വെ എന്നാണതിന്നു പറയുക) പണം കൊടുത്താൽ ലോഹംകൊണ്ടുള്ള ഒരു തുട്ടു തരാൻ ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരിക്കും. ആ തുട്ട് പടിയിലുള്ള പഴുതിലിട്ടാലേ പടി നീങ്ങി നമുക്കു പ്ലാററ് ഫോറത്തിലേക്കു കടക്കാൻ കഴിയൂ. ഒരു തുട്ടിട്ടാൽ ഒരാൾക്കു നീങ്ങാനേ പഴുതുണ്ടാകൂ. ഇങ്ങോട്ടു കടക്കുന്ന പടിയിൽക്കൂടി അങ്ങോട്ടു പോകാൻ കഴിയുകയുമില്ല. 12 സെൻേറാ 15 സെൻേറാ ആണു ബസ്സിൻേറയും സബ്‌വേയുടേയും കൂലി. (100 സെൻററ് ഒരു ഡോളർ. ഒരു ഡോളർ 4ക. 13ണ.) ട്യൂബ്‌വേയിൽ ഒരു ടിക്കററു് പഴുതിലിട്ടു പ്ലാററുഫോറത്തിലേക്കു കടന്നാൽ, വണ്ടികൾ മാറി മാറിക്കയറി, രാത്രിയും പകലും, അതിൽത്തന്നെ കൂടുതലൊന്നും കൊടുക്കാതെ അവ പോകുന്നേടത്തൊക്കെ സഞ്ചരിക്കാം. പക്ഷേ രാത്രിയും പകലും ഒരുപോലെയായ, വൈദ്യുതവിളക്കുകൾ കത്തി പ്രകാശമുണ്ടാകുന്ന തുരങ്കങ്ങളിൽ, രാപ്പകൽ സഞ്ചരിച്ചു കഴിച്ചുകൂട്ടാൻ ആരും കാംക്ഷിക്കുകയില്ലല്ലൊ. ബസ്സിലും ഒരിക്കൽ പണംകൊടുത്തു് ഉള്ളിൽ കയറിയിരുന്നാൽ അതു പോകുന്നേടത്തേക്കു് എവിടംവരെയും പോകാം. ദൂരമനുസരിച്ചല്ലാ ചാർജ്ജെന്നർത്ഥം. സ്ഥിരം ഒരു ചാർജ്ജാണു നഗരത്തിൽ എവിടെപ്പോകാനും—പന്ത്രണ്ടു സെൻററ് അല്ലെങ്കിൽ പതിനഞ്ചു സെൻററ്.

അംബരചുംബികളായ മാളികകൾ എന്നു് നാം പുരാണത്തിലൊക്കെ വായിച്ചിട്ടല്ലേ ഉള്ളൂ. ന്യൂയോക്ക്ന

ഗരത്തിലെ പല കെട്ടിടങ്ങളും കണ്ടാൽ വാസ്തവത്തിൽ അവയ്ക്കു് ആകാശവുമായി സമ്പർക്കമില്ലേ എന്നു നമുക്കു തോന്നിപ്പോകും. ഇംഗ്ലീഷിൽ അവയ്ക്കു് ആകാശംചുരണ്ടികളെന്നാണു് പേരുതന്നെ. ലോകത്തിലെ ഏററവും ഉയൎന്ന കെട്ടിടമായ എമ്പയർ സ്റ്റേററ്ബിൽഡിങ് ഭൂനിരപ്പിൽനിന്നും 1470 അടിയാണു് ആകാശത്തിലേക്കു തള്ളിനില്ക്കുന്നതു്. കോൺക്രീററും ഇരുമ്പുംകൊണ്ടു് പണിത ആ കെട്ടിടത്തിൻെറ അടിവാരം, മേല്പോട്ടുള്ള 102 നിലകളെ താങ്ങിനില്ക്കുന്നുണ്ടു്. അവയിലോരോന്നിലും ആഫീസ്ജോലിയോ മറ്റേർപ്പാടുകളോ ഉണ്ടു്. ലോകത്തിലെ രണ്ടാമത്തേയും, നാലാമത്തേയും, അഞ്ചാമത്തേയും എന്നിങ്ങനെ 12-ാമത്തേയുംവരെയുള്ള കെട്ടിടങ്ങളെല്ലാം ന്യൂയോൎക്കിലാണു്. തെരുവുകളിൽ എവിടെനോക്കിയാലും 15-20 നിലയിൽ കുറഞ്ഞ കെട്ടിടങ്ങൾ കാണാൻ വിഷമമാണു്. ഇത്ര ഉയൎന്ന കെട്ടിടങ്ങൾ ലോകത്തിൽ എവിടെയുമില്ല.

ന്യൂയോൎക്ക് സ്ത്രീകൾക്കു 'ഫാഷ'ൻെറ ഒരു കേന്ദ്രവുമാണു്. ഞങ്ങൾ ആദ്യം ബസ്സിൽ കയറിയപ്പോൾ മുമ്പിലിരിക്കുന്ന പല സ്ത്രീകളും അരയ്ക്കുമീതെ വസ്ത്രമൊന്നും ധരിച്ചിട്ടില്ലെന്നു തോന്നി. അതു വേനൽക്കാലമായിരുന്നു. പിന്നീടാണു് മുമ്പിൽക്കൂടി ഇട്ടിട്ടുള്ള ഒരു തുണിയുടെ അററം കഴുത്തിൽ ചരടുപോലെ കെട്ടിയിട്ടുണ്ടെന്നു കണ്ടതു്. കഴുത്തിലെ ഒരു ചരടിന്മേൽ, മാറു മറയ്ക്കുന്ന ഒരു തുണിയുടെ അററം വലിച്ചുകെട്ടുന്ന നമ്മുടെ മൂപ്പത്തികളുടെ വേഷവും ഒരമേരിക്കൻ ഫാഷനല്ലെന്നു പറഞ്ഞുകൂടാ. പുറം, കാൽഭാഗവും പകുതിയും മുക്കാലുംവരേയും പലതരത്തിൽ മറയ്ക്കുന്ന നാനാതരം ഉടുപ്പുകളും പിന്നീടു കാണുകയുണ്ടായി. സ്ത്രീകളുടെ തലമുടി പകുത്തുവെക്കലും

അങ്ങനെതന്നെ. മലയാളിസ്ത്രീകളെപ്പോലെ തലമുടി വളത്തി പിന്നിലും നെറുകയിലും കെട്ടുന്നതുമുതൽ മിക്കവാറും പുരുഷന്മാരുടേതുപോലെ നീളംകുറച്ചുവെട്ടി ഈരിയിടുന്നതുവരെ പല വേഷവും കാണാം തെരുവിൽക്കൂടി നടക്കുമ്പോൾ. തലമുടി വളത്തിയ സ്ത്രീതന്നെ ഇടയ്ക്കു വെട്ടുന്നതും മറിച്ചും കാണാം. പുതുതായ എന്തും സ്വീകരിക്കാനും പരീക്ഷിച്ചുനോക്കാനുമുള്ള മനഃസ്ഥിതി അമേരിക്കൻസ്ത്രീകളുടെ തലമുടിയുടെ ഫാഷൻ മുതൽ എന്തിലും കാണാമെന്നാണു തോന്നുന്നതു്.

നല്ലതും ചീത്തയുമായ എല്ലാത്തരത്തിൽപ്പെട്ട ആളുകളേയും എവിടേയും കാണുമല്ലോ. ഞാൻ കയറാറുള്ള ടാക്സികളിലെ ഡ്രൈവർമാർ വളരെ നല്ല ആളുകളായാണു് മിക്കപ്പോഴും തോന്നാറുള്ളതു്. ഒരിക്കൽ എനിക്കു പരിചയമില്ലാത്ത വഴിയിൽക്കൂടി പോകാനുണ്ടായിരുന്നു. നഗരത്തിലെ ഓരോ പ്രധാന കാഴ്ചയും സ്ഥലവും ഇന്നതു് ഇന്നതാണെന്നു പറഞ്ഞുതന്നു് ഡ്രൈവർ എന്നെ നിശ്ചിതസ്ഥലത്തെത്തിച്ചു. ടാക്സിയുടെ മീററർ നോക്കിയപ്പോൾ ഏതാണ്ടു് ഇത്ര ദൂരമുണ്ടെന്നു് ഞാനുദ്ദേശിച്ചിരുന്നതിൽ നിന്നും ഒട്ടും കൂടുതലുണ്ടായിരുന്നില്ലതാനും. മറ്റൊരു ടാക്സിക്കാരൻ, പിന്നാക്കം അയാളുടെ ടാക്സിയിൽത്തന്നെ വരില്ലെന്നു വഴിക്കുവെച്ചു കേട്ടപ്പോൾ, ടാക്സി കേടുവന്നുവെന്നുംപറഞ്ഞു്, എന്റെ പെട്ടികളും വഴിമദ്ധ്യത്തിലിറക്കിവെച്ചു്, അവൻെറ കൂലിവാങ്ങി ഒടിപ്പോവുകയും ഉണ്ടായിട്ടുണ്ടു്. പക്ഷേ, മററു പലദിക്കിലേയുംപോലെ വഴിചുററി ശരിക്കു പോകേണ്ടതിന്നുപകരം ആളെ നഗരംചുററിക്കൽ ന്യൂയോക്കിൽ നടക്കാറില്ല. രാത്രിയോ പകലോ ഏതു സമയത്തു്, നഗരത്തിൻെറ ഏതു ഭാഗത്തന്വേഷിച്ചാലും ടാക്സി കിട്ടുകയും ചെയ്യും.

നല്ല വിദ്യാഭ്യാസമുണ്ടെങ്കിലും വിദേശങ്ങളെപ്പറ്റി സാധാരണ ഒരമേരിക്കക്കാരന്ന് വലിയ വിവരമൊന്നുമില്ല. വിശേഷിച്ച് കിഴക്കൻരാജ്യങ്ങളെപ്പററി. പക്ഷേ, ഇന്ത്യയിൽനിന്നാണെന്ന പറഞ്ഞാൽ ഇന്ത്യയിൽ എവിടെനിന്നാണെന്ന മിക്കവരും ചോദിക്കാതിരിക്കുകയില്ല. നിങ്ങളേതെങ്കിലും ഒരു സ്ഥലത്തിൻെറ പേരു പറയും. എന്നാൽ അടുത്ത ചോദ്യം, അതു ബോമ്പെയല്ലോ, ഡൽഹിക്കോ, കൽക്കത്തയല്ലോ അടുത്താണൊ എന്നാണ്. ഇതു മൂന്നുമാണ് അവക്കറിയാവുന്ന സ്ഥലപ്പേരുകൾ. നിങ്ങൾ ബോമ്പെയിൽനിന്നാണെന്നുതന്നെ പറഞ്ഞുവെന്നു വിചാരിക്കുക—നല്ല വിദ്യാഭ്യാസമുള്ള ഒരു യൂനിവേർസിററി പ്രൊഫസറായ അമേരിക്കക്കാരൻതന്നെ ചോദിച്ചേക്കും—എനിക്കു കല്ക്കത്തയിൽ ഇന്നപേരുള്ള ഒരു സ്നേഹിതൻ ഉണ്ടല്ലോ, അല്ലെങ്കിൽ ഒരു വിദ്യാർത്ഥിയുണ്ടല്ലോ നിങ്ങളറിയില്ലേ എന്ന്. പക്ഷേ, ഇത്തരം ചോദ്യങ്ങൾ ഉത്തരേന്ത്യയിൽ ഉള്ളവർകൂടി 'മദ്രാസിൽ'നിന്നു വരുന്നവരോട്ടം ചെയ്യാറുള്ളതിനാൽ അമേരിക്കക്കാർ ചോദിക്കുന്നതിലത്ഭുതമില്ലല്ലോ.

ന്യൂയോക്ക്നഗരത്തിൻെറ പ്രധാനഭാഗം മുഴവൻ മൻഹാട്ടൻദ്വീപിലാണെന്നു പറഞ്ഞുവല്ലൊ. മൻഹാട്ടൻദ്വീപിൻെറ കീഴ്ഭാഗം, അടിയിൽ സമുദ്രത്തിൽ വളരെ ആഴത്തിലേക്കിറങ്ങിനില്ക്കുന്ന ഒരൊററപ്പാറയാണ്. അതിനാലാണത്രെ ഇത്ര ഭാരിച്ചതും ഉയന്നതുമായ കെട്ടിടങ്ങൾ അവിടെ പണിയാനും, കീഴെ തുരങ്കങ്ങൾ നിർമ്മിക്കാനും കഴിഞ്ഞതു്. ഒരു ബോട്ടിൽ ദ്വീപിൻെറ ചുററും സഞ്ചരിക്കുമ്പോൾ പലഭാഗത്തും സമുദ്രത്തിൽനിന്നും ഉയന്നുനില്ക്കുന്ന പാറയുടെ വശം അരികുകളിൽ കാണാം.

'മൻഹാട്ടൻ' എന്നതു് അമേരിക്കയിലെ ആദിമ നിവാസികളുടെ ഭാഷയിലെ ഒരു വാക്കാണു്. അതിന്റെ അത്ഥം 'ദൈവീകം' എന്നാണു്. ഈ ദ്വീപിനെ ദൈവീകമായ ദ്വീപെന്നാണു് അവർ വിളിച്ചിരുന്നതും കരുതിയിരുന്നതും. മനുഷ്യർ അവിടെ താമസിക്കാൻകൂടി പാടില്ലെന്നു പറഞ്ഞു് അവർ ഒഴിഞ്ഞാണു പാത്തിരുന്നതു്.

ആ ആദിമനിവാസികളുടെ തലവനിൽനിന്നും വെറും 24 ഡോളർ കൊടുത്താണു് യൂറോപ്യർ ഈ ദ്വീപു വാങ്ങിയതു്. ഇന്നു് മൻഹാട്ടന്റെ നടുക്കുള്ള, കൊളമ്പിയാ സവ്വകലാശാലയുടെ ഒന്നരഏക്ര വെറുംഭൂമി വാടകക്കു വാങ്ങിയതിന്നു് 330 ലക്ഷം ഡോളർവീതമാണു് കൊല്ലംതോറും റോക്ക്ഫെല്ലർ വാടക കൊടുക്കുന്നതു്. ഈ കഥ കേട്ടപ്പോൾ, ബോമ്പെയിലെ കോടീശ്വരന്മാരുടെ സുഖവാസസ്ഥലമായ മലബാർ ഹിൽ എന്ന കുന്നു മുഴവനും ഒരു മലയാളിയുടെ കൈയിൽനിന്നും, ഏതാനും കൊല്ലങ്ങൾക്കുമുമ്പു് ബോമ്പെ മുനിസിപ്പാലിററി വെറും 5000 ഉറുപ്പികക്കു് വിലക്കു വാങ്ങിയതാണെന്നുള്ള കഥയാണു് എനിക്കോമ്മവന്നതു്.

★

# KOTTAYAM PUBLIC LIBRARY
## KOTTAYAM

Cl. No. 910 Acc. No. 35476

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 17 JUL 1999 | | |
| 6 JUL 2000 | | |
| 7 SEP 200[illegible] | | |
| 26 NOV 2008 | | |
| | | |
| 1 JUL 2016 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

35476

൯10

നാരായണൻ നായർ. സി. ആർ

അമേരിക്കയിലേക്ക് ഒരുയാത്ര

KOTTAYAM PUBLIC LIBRARY

Call No. 910 Acc. No. 35476

Author നാരായണൻ നായർ. സി. ആർ

Title അമേരിക്കയിലേക്ക് ഒരുയാത്ര

Indic Digital Archive Foundation

gpura.org